ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 02 ജൂലൈ 2019 ലക്കം 07

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephpatharadio.com
0490- - 2342440

# ഉള്ളടക്കം


1. Prot. No.447/19, സർക്കുലർ നമ്പർ 10/2019 ..... 5
2. Prot. No.445/19, സർക്കുലർ നമ്പർ 08/2019 ..... 9
3. സർക്കുലർ നമ്പർ ..... 11
4. Prot. No.446/19, സർക്കുലർ നമ്പർ 09/2019 ..... 14
5. കച്ചേരിക്കാര്യം ..... 19
6. സംയുക്തവൈദികസമിതി സമ്മേളനം ..... 27
7. സെമിനാരി വാർത്തകൾ ..... 30
8. വിശ്വാസപരിശീലനം ..... 33
9. കുടുംബക്കൂട്ടായ്മ ..... 43
10. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ..... 51
11. ചെറുപുഷ്പ മിഷൻ ലീഗ് ..... 54
12. തിരുബാലസഖ്യം ..... 62
13. യുവജനശുശ്രൂഷ ..... 65
14. കുടുംബപ്രേഷിതത്വം ..... 69
15. വിദ്യാഭ്യാസ ഏജൻസി ..... 75
16. സാൻജോസ് അക്കാഡമി ..... 79
17. എ.കെ.സി.സി. വാർത്തകൾ ..... 83
18. വിമൽജ്യോതി വാർത്തകൾ ..... 85
19. നിർമ്മലഗിരി വാർത്തകൾ ..... 90
20. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ ..... 95
21. പ്രതീക്ഷ പുനരധിവാസ ചികിത്സാകേന്ദ്രം ..... 96
22. കെസിബിസി മദ്യവിരുദ്ധ സമിതി ..... 97
23. സാമൂഹ്യസേവനവേദി ..... 99
24. ധ്യാനകേന്ദ്രങ്ങളിലൂടെ ..... 105
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ..... 107
26. Programme of the Archbishop Mar George Njaralakatt ..... 110
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ..... 112
28. Programme of the Abp. Emeritus Mar George Valiamattam ..... 113
29. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ..... 114
30. Programme of the Auxiliary Bishop Mar Joseph Pamplany ..... 117

**Prot. No.447/19, സർക്കുലർ നമ്പർ 10/2019**

# സർക്കുലർ

*"മനുഷ്യർ നിങ്ങളുടെ സൽപ്രവർത്തികൾ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ: 5:16)*

ഈശോയിൽ പ്രിയ സഹേദരീ സഹോദരൻമാരേ, പ്രിയപ്പെട്ട യുവജനമക്കളെ,

എല്ലാവർക്കും യുവജനദിനത്തിന്റെ ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് അത്ഭുതം പ്രവർത്തിക്കുന്ന കാലഘട്ടമാണ് യൗവ്വനം. രക്ഷാകര ചരിത്രത്തിലുടനീളം യുവതീയുവാക്കളിലൂടെ തന്റെ പദ്ധതികൾ നടപ്പിലാക്കുന്ന ദൈവത്തെ നമ്മൾ കണ്ട്മുട്ടുന്നു. ദൈവദാനമായ യുവത്വം നൻമയുടെ വസന്ത കാലഘട്ടമാണ്. യുവത്വത്തെ അതിന്റെ നൈർമ്മല്ല്യത്തിലും മനോഹാരിതയിലും കാത്ത് സൂക്ഷിക്കാൻ യുവജനങ്ങൾക്ക് സാധിക്കട്ടെ.

പ്രിയപ്പെട്ട യുവജനമക്കളെ, നിങ്ങൾ സഭയുടെ കാരുണ്യത്തിന്റെയും നന്മയുടെയും പ്രവാചകരാണ്. കേരളത്തിന്റെ പ്രളയകാലത്തും തുടർന്നും സമൂഹത്തിന്റെ കാവൽക്കാരും രക്ഷകരുമായി പ്രവർത്തിച്ച നിങ്ങളെയോർത്ത് സഭാമാതാവ് ഏറെ സന്തോഷിക്കുന്നു. തിരുസഭയുടെ വിശ്വാസമൂല്ല്യങ്ങളെ സംരക്ഷിക്കാൻ നിങ്ങൾ എടുക്കുന്ന ധീരമായ നിലപാടുകളെ പ്രശംസിക്കുന്നു. വിശ്വാസ സമൂഹത്തിന്റെ തളർച്ചയുടെ നാളുകളിൽ കൈ പിടിച്ചുയർത്താൻ എന്നും നിങ്ങൾ കൂടെ ഉണ്ടായിരുന്നു. പരിശുദ്ധ പിതാവ് ഫ്രാൻസ്സീസ് മാർപാപ്പ 'ക്രിസ്തൂസ് വിവിത്' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ പറയുന്നതുപോലെ "യുവജനങ്ങളെ നിങ്ങൾ സഭയുടെ ഇന്നാണ്."

യുവജനങ്ങളെ നിങ്ങൾ സഭയുടെ കരുത്തും ശക്തിയുമാണ്. യോഹന്നാൻ ശ്ലീഹാ ഓർമ്മിപ്പിക്കുന്നതുപോലെ "നിങ്ങൾ ശക്തൻമാരാണ്, ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു" (1 യോഹ 2:14 ). നിങ്ങൾ

ആഗ്രഹിക്കുന്നതെന്തും ചെയ്യുവാൻ കരുത്തുള്ളവരാണ്. തിരുസഭയുടെ വിലമതിക്കാനാവാത്ത സമ്പത്തും കാവൽക്കാരുമാണ് യുവജനമക്കൾ.

കഴിഞ്ഞ യുവജനവർഷം ദൈവകൃപയുടെ വർഷമായിരുന്നു. വളരെ ബൃഹത്തായ കാര്യങ്ങൾ ചെയ്യുവാൻ നമുക്ക് സാധിച്ചു എന്നതിൽ ദൈവത്തിന് നന്ദി പറയാം. ഇനിയും നമുക്ക് ബഹുദൂരം സഞ്ചരിക്കുവാനുണ്ട്. നിൽക്കുന്നിടത്ത് നിൽക്കേണ്ടവരല്ല നമ്മൾ. "തീരത്ത് കിടക്കുന്ന കപ്പൽ എന്നും സുരക്ഷിതമായിരിക്കും. പക്ഷേ ഒരു കപ്പൽ നിർമ്മിച്ചിരിക്കുന്നത് തീരത്ത് കിടക്കുവാനല്ല, കടലിൽ പ്രയാണം ചെയ്യുവാനാണ് (ആൽബർട്ട് ഐൻസ്ററീൻ). ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളെ ധീരമായി നേരിടുക. സഭ സർവ്വപ്രതീക്ഷയോടും കൂടി നിങ്ങളെ നോക്കിയിരിക്കുന്നു. നിങ്ങളുടെ പ്രവർത്തനങ്ങളെ വിലമതിക്കുന്നു. ഒപ്പം നിങ്ങളുടെ നൻമകളെ ആശീർവദിക്കുന്നു.

നമ്മുടെ യുവജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി മറ്റ് നാടുകളിലേക്ക് ചേക്കേറികൊണ്ടിരിക്കുന്നു. യുവജനങ്ങൾ സാധ്യമാണെങ്കിൽ സ്വന്തം നാട്ടിൽ തന്നെ സ്ഥിരമായ ജോലി കണ്ടെത്തണം. സർക്കാർ ജോലികൾ നേടിയെടുക്കാൻ ചെറിയ പ്രായത്തിൽ തന്നെ പരിശ്രമം ആരംഭിക്കണം. ഇടവകയ്ക്ക് പുറത്ത് പഠനത്തിനും ജോലിക്കുമായി പോകുന്ന യൂവജനമക്കളെ മാതൃവാൽസല്ല്യത്തോടെ അനുധാവനം ചെയ്യണം. എല്ലാ യുവതീയുവാക്കളുടെയും ജീവിതവിശുദ്ധിയുടെയും ആദ്ധ്യാത്മിക ജീവിതത്തിന്റെയും കാവൽക്കാർ അവർ തന്നെയാണ്. യുവജനശുശ്രുഷ ഒരു കൂട്ടുത്തരവാദിത്വമാണ്. ഇതിൽ മാതാപിതാക്കൾക്കും കുടുംബാംഗങ്ങൾക്കും പകരം വയ്ക്കാനാവാത്ത കടമയുണ്ട്.

പ്രിയപ്പെട്ട മാതാപിതാക്കളെ, യുവജനങ്ങൾ നമ്മുടെ മക്കളാണ്. നമ്മുടെ മക്കളെ സഭയോടും സഭാ സംവിധാനങ്ങളോടും ചേർത്ത് നിർത്തി സ്നേഹത്തോടെ കരുതലോടെ അനുധാവനം ചെയ്യുന്നതിൽ മടുപ്പ് തോന്നരുത്. മുപ്പത് വയസ്സിനുശേഷവും അവിവാഹിതരായി തുടരുന്ന യുവാക്കളുടെ എണ്ണം ഭയാനകമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വിവാഹ പ്രായമാകുമ്പോൾ അതിന് വേണ്ട ക്രമീകരണങ്ങളും സാഹചര്യങ്ങളും ഒരുക്കുന്നതിൽ മാതാപിതാക്കൾ അതീവ ശ്രദ്ധയുള്ളവരാകണം. ഓരോ ക്രിസ്തു ശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നത് ദൈവത്തിന്റെ പ്രവർത്തികൾ ചെയ്യുന്നതിനാണ്. അതിനാൽ എല്ലാ

നൻമകളോടും കുറവുകളോടും കൂടെ യുവജനങ്ങളെ മനസ്സിലാക്കുവാനും എല്ലാ പ്രതിസന്ധികളിലും പ്രശ്നങ്ങളിലും അവരുടെ കൂടെ നിക്കുവാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. പ്രാർത്ഥനയും പ്രോൽസാഹനവും സർവ്വോപരി നല്ല മാതൃകയും വഴിയാണ് യുവജനങ്ങളെ തിരുത്തേണ്ടത്.

നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും കെ. സി. വൈ. എം നന്നായി പ്രവർത്തിച്ച് വരുന്നു. യുവജനവർഷത്തിൽ ആരംഭിച്ച എല്ലാ നല്ല പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമായി ചെയ്യുവാൻ നമുക്ക് ഈ വർഷവും സാധിക്കണം.

ഈ വർഷത്തെ കെ. സി. വൈ. എം ആപ്ത വാക്യം Go MAD (**M**ake **A** **D**ifferne) എന്നതാണ്. Media intervention (മാധ്യമ ഇടപെടലുകൾ), Agricultural self-sufficiency (കാർഷിക സ്വയം പര്യാപ്തത), Dignity of human life (മനുഷ്യജീവന്റെ മഹത്വം) എന്നീ മൂന്ന് വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള യുവജനപ്രവർത്തനങ്ങൾക്ക് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് വ്യത്യസ്ഥങ്ങളായ കാഴ്ച്ചപ്പാടോടെ നടന്നു നീങ്ങിയ യുവാവായ ഈശോയിൽ കണ്ണുകൾ ഉറപ്പിച്ച് പ്രയാണം തുടരാൻ യുവജനങ്ങൾക്ക് സാധിക്കട്ടെ. ഈശോയുടെ യുവത്വത്തിന്റെ പൂർണ്ണതയിലേക്ക് വളരാൻ നിരന്തരം പരിശ്രമം തുടരുക.

ദൈവജനത്തിന്റെയും ലോകത്തിന്റെയും ആവശ്യങ്ങളിലേക്ക് ഇറങ്ങിത്തിരിക്കാൻ വെമ്പൽ കൊള്ളുന്ന യുവഹൃദയങ്ങളെ ദൈവം ബലപ്പെടുത്തട്ടെ.

❖ നിങ്ങളുടെ കാലടികൾക്ക് അവിടുന്ന് വേഗത നൽകട്ടെ.

❖ സഭയുടെ കാരുണ്യത്തിന്റെ മുഖം നിങ്ങളിലൂടെ കൂടുതൽ പ്രകാശിക്കട്ടെ.

❖ നിങ്ങളുടെ നൻമ പ്രവർത്തികളിലൂടെ ലോകം ഈശോയെ വായിച്ചെടുക്കട്ടെ.

❖ ദൈവവചനം നിങ്ങളുടെ തീരുമാനങ്ങളുടെ മാനദണ്ഡമാകട്ടെ.

❖ വിശുദ്ധ കൂദാശകൾ നിങ്ങളുടെ ജീവന്റെ ഉറവിടങ്ങളാകട്ടെ.

- ക്രിസ്തു സ്നേഹം നിങ്ങളുടെ ഹൃദയങ്ങളെ ചൂട് പിടിപ്പിക്കട്ടെ.
- സത്യദൈവമായ ഈശോമിശിഹാ ഇന്നും ജീവിക്കുന്നുവെന്ന് നിങ്ങളുടെ ജീവിതങ്ങൾ തെളിയിക്കട്ടെ.
- തിരുസഭയുടെ ഉയിർത്തെഴുന്നേൽപ്പ് നിങ്ങളിലൂടെ സംഭവിക്കട്ടെ.
- നിങ്ങളുടെ വിശുദ്ധിയുടെ കാവലിൽ ദൈവജനം സുരക്ഷിതരാകട്ടെ.

തിരുസഭയുടെ എല്ലാ ശുശ്രൂഷകൾക്കും നിങ്ങളുടെ വിശുദ്ധ യൗവ്വനം ഇന്ധനം പകരട്ടെ. യുവജനദിനാശംസകളോടെ,

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**

24-06-2019 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2019 ജൂലൈ 7-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബ്ബാനമധ്യേ വായിക്കേണ്ടതാണ്.

Prot. No. 445/19, സർക്കുലർ നമ്പർ 08/2019

# കുടുംബക്കൂട്ടായ്മ വർഷം

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2018 ഡിസംബർ 1ന് നാം തുടക്കംകുറിച്ച കുടുംബക്കൂട്ടായ്മകൾ വളരെ നന്നായി മുന്നേറുന്നതിൽ സന്തോഷമുണ്ട്. കുടുംബ ക്കൂട്ടായ്മകൾ നമ്മുടെ എല്ലാ ഇടവകയിലും സജീവസംവിധാനമായി രൂപപ്പെടുന്ന തിനായി നാം ഈ വർഷം കുടുംബക്കൂട്ടായ്മവർഷമായും ആചരിക്കുകയാണല്ലോ. എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്ന അതിരൂപതാ ഡയറക്ടർ ബഹു. മാത്യു ആശാരിപറമ്പി ലിനെയും ബഹു. വൈദികരെയും സന്യസ്തരെയും ഭാരവാഹി കളെയും അഭിനന്ദിക്കുകയും നന്ദിപറയുകയും ചെയ്യുന്നു.

1. സഭയുടെ കരുത്ത് ദൈവജനത്തിന്റെ കൂട്ടായ്മയാണ്. സഭാജീവിതത്തിന്റെ ഓരോ പ്രവർത്തനമേഖലകളിലും ഈ കൂട്ടായ്മ സജീവമാക്കുവാനാണ് നാം ഇടവകയെ യൂണിറ്റുകളായിതിരിച്ച് കുടുംബക്കൂട്ടായ്മകൾ ക്രമീകരിച്ചിരിക്കുന്നത്. അതിനാൽ ഓരോ കൂട്ടായ്മയിലും ഭവനത്തിലെ മുഴുവൻ അംഗങ്ങളും പങ്കുചേരണം. പ്രാർത്ഥന, മീറ്റിംഗ്, ചർച്ച, ഒന്നിച്ചുള്ളഭക്ഷണം ഇവയിലൂടെ പരസ്പരം ബന്ധങ്ങൾ ഊഷ്മളമാക്കി നാം കൂട്ടായ്മയിൽ വളരണം. അതിനാൽ മുടക്കംകൂടാതെ എല്ലാമാസവും കുടുംബക്കൂട്ടായ്മകൾ നടത്തണമെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. മഴക്കാലത്ത് കൂട്ടായ്മകൾ നിറുത്താതെ സൗകര്യപ്രദമായ വീടുകളിൽ ഒന്നിച്ച് ചേരാൻ ശ്രമിക്കുക. സമ്മേളനങ്ങൾ ഓരോരുത്തർക്കും മുടങ്ങാതെ വരുവാൻ താല്പര്യം തോന്നത്തക്കവിധം ആകർഷണീയവും പ്രസക്തവുമായി നടത്തണം. കുട്ടികളും യുവജനങ്ങളുമെല്ലാം ഈ കൂട്ടായ്മയിൽ പങ്ക്ചേരണം.

2. ഇതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനുമായി ഡയറക്ടറുടെ നേതൃത്വത്തിൽ അതിരൂപതാ ഭാരവാഹികൾ ഓരോ ഇടവകയും സന്ദർശിച്ചുകൊണ്ടിരിക്കുകയാണ്. നിശ്ചയിക്കുന്ന സമയത്തു കുടുംബക്കൂട്ടായ്മയുടെ ഭാരവാഹികൾ ഒന്നിച്ച് ചേരുകയും അവലോകനം നടത്തുകയും വേണം. മുഴുവൻ ഭാരവാഹികളും അവലോകന യോഗത്തിൽ സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

3. വിശ്വാസത്തെയും സഭാജീവിതത്തെയും വികലമാക്കുവാൻ ബാഹ്യശക്തികൾ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ സഭയുടെ സംരക്ഷകരും മുന്നണി പോരാളികളുമായി നല്ല അല്മായനേതാക്കൾ സഭയിൽ ഉയർന്നുവരേണ്ടത് ആവശ്യമാണ്. അതിനാൽ കത്തോലിക്കാ അല്മായ കൂട്ടായ്മയായ കത്തോലിക്കാ കോൺഗ്രസിനെ ശക്തിപ്പെടുത്താൻ നാം ശ്രമിക്കണം. ഓരോ യൂണിറ്റിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട കത്തോലിക്കാകോൺഗ്രസ് പ്രതിനിധികളെ ഇടവകാതലത്തിൽ നിലവിലുള്ള ഭാരവാഹികളോടുകൂടി ബഹു. വികാരിയച്ചന്മാർ വിളിച്ച് ചേർക്കുകയും സംഘടനയെ ശക്തിപ്പെടുത്തുവാൻ വേണ്ട കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. മിഷൻലീഗിലും കെ.സി.വൈ.എംലുമുള്ളവർ ഒഴിച്ച് മുഴുവൻ അത്മായസഹോദരങ്ങളും കത്തോലിക്കാ കോൺഗ്രസ് എന്ന സഭയുടെ സാമൂഹിക സംഘടനയിൽ അംഗങ്ങളായി ചേരണം. ഒത്തൊരുമിച്ച് നിൽക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ഈ പൊതുവേദിയെ പരമാവധി പ്രയോജനപ്പെടുത്തി നമ്മുടെ കാർഷിക, വിദ്യാഭ്യാസ, സാമൂഹിക, രാഷ്ട്രീയമേഖലകളിലെ അവകാശങ്ങൾക്കുവേണ്ടി ഒന്നിച്ചു പ്രവർത്തിക്കുവാൻ എല്ലാ അല്മായ സഹോദരങ്ങളെയും ഞാൻ ക്ഷണിക്കുന്നു. കൂട്ടായ്മയിലും ഐക്യത്തിലും ഒന്നിച്ച്നിന്ന് വിശ്വാസത്തിന് സാക്ഷികളാകുവാൻ നമുക്ക് പരിശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി
24-06-2019

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2019 ജൂലൈ 14-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബ്ബാനമധ്യേ വായിക്കേണ്ടതാണ്.

# സർക്കുലർ

*"മനുഷ്യൻ ഏകാനായിരിക്കുന്നത് നന്നല്ല. അവന് ചേർന്ന ഇണയെ ഞാൻ നൽകും" (ഉൽപ്പ 2:18).*

മിശിഹായിൽ വാത്സല്യമുള്ള സഹോദരി സഹോദരന്മാരേ,

കുടുംബത്തെ "ഗാർഹിക സഭ"യെന്നാണല്ലോ രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്നത്. എന്നാൽ ജോൺ പോൾ രണ്ടാമൻ പാപ്പ കുടുംബത്തെ "വിശ്വാസത്തിന്റെ ഗർഭപാത്രം" എന്നാണ് വിശേഷിപ്പിച്ചത്. ഇതിൽ നിന്നെല്ലാം മനസ്സിലാക്കാൻ കഴിയുന്നത് മാമ്മോദീസായിലൂടെ ആരംഭിക്കുന്ന ആത്മീയ ജീവിതം മുളപൊട്ടി ഇലവിടർത്തി ഫലം ചൂടുന്നത് കുടുംബങ്ങളിലാണെന്നാണ്. പറുദീസായുടെ പവിത്രതയിൽ ദൈവം ആദ്യകുടുംബത്തിന് രൂപം നല്കി. ദൈവമാണ് സ്ത്രീയെയും പുരുഷനെയും ഒന്നിപ്പിച്ചത്. തന്മൂലം ദാമ്പത്യബന്ധത്തെ പരിപാവനമായിട്ടാണ് എല്ലാ ജനസമൂഹങ്ങളും കരുതിയിട്ടുള്ളത്. എന്നാൽ ക്രൈസ്തവരായ നമ്മെ സംബന്ധിച്ച് സ്ത്രീയും പുരുഷനും ഒരുമിച്ച് ജീവിക്കുന്നതിന് നടത്തുന്ന ഒരു ഉടമ്പടി മാത്രമല്ല, വിശുദ്ധമായ ഒരു കൂദാശ കൂടിയാണത്. ഈ കൗദാശികതയാണ് ക്രൈസ്തവ വൈവാഹിക ബന്ധത്തിന്റെ നിദാനം. വിവാഹത്തിന്റെ കൗദാശികത്വം ഉത്ഭവിക്കുന്നത് സഭയോട് ക്രിസ്തുവിനുള്ള ദാമ്പത്യപരമായ സ്നേഹത്തിൽ നിന്നാണ്. ഈ കൂദാശയിലുള്ള കൃപാവരം ദമ്പതികളുടെ സ്നേഹത്തെ ക്രിസ്തുവിന് സഭയോടുള്ള സ്നേഹത്തോട് അനുരൂപപ്പെടുത്തുന്നു.

ക്രൈസ്തവ സഭയുടെയും രാഷ്ട്രങ്ങളുടെയും എന്തിനേറെ എല്ലാ സംസ്ക്കാരങ്ങളുടെയും അടിസ്ഥാനം കുടുംബമാകയാൽ ഈ അടിസ്ഥാനത്തിന് ഇളക്കം തട്ടുമ്പോൾ സമൂഹംതന്നെ തകരുന്നു. ആധുനിക കുടുംബം പല വെല്ലുവിളികളെയും നേരിട്ടുകൊണ്ടാണിരിക്കുന്നത്. മനുഷ്യൻ ഇന്ന് കൈവരിച്ചിരിക്കുന്ന ശാസ്ത്ര സാങ്കേതിക പുരോഗതിയും അതിന്റെ ഉൽപ്പന്നങ്ങളായ കമ്പോളവൽക്കരണവും ഉപഭോഗസംസ്ക്കാരവും ഭൗതികവാദവുമെന്നല്ല ആധുനിക വാർത്താവിനിമയ മാർഗ്ഗങ്ങളുടെയും സോഷ്യൽ മീഡിയകളുടെയും തെറ്റായ ഉപയോഗവും പാശ്ചാത്യസംസ്ക്കാരത്തിന്റെ അന്ധമായ അനുകരണവും പ്രാർത്ഥനാജീവിതത്തിന്റെ അഭാവവുമെല്ലാം കുടുംബജീവിതത്തിന്റെ ഭദ്രതയെയും പവിത്രതയെയും ശിഥിലമാ

ക്കുന്നു. അതിനാൽ ഈ ശിഥിലീകരണത്തെ തടയേണ്ടത് ക്രിസ്തുവിന്റെ മണവാട്ടിയായ സഭയുടെ ദൗത്യമാണ്.

ഉൽപ്പത്തി പുസ്തകത്തിന്റെ ആരംഭത്തിൽ ദൈവം മനുഷ്യനെ ഇപ്രകാരം അനുഗ്രഹിക്കുന്നുണ്ട്. "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ" (ഉൽപ്പ 1:28). ദൈവം ആദിയിൽ നല്കിയ ഈ അനുഗ്രഹത്തെ ആധുനിക മനുഷ്യൻ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ലെന്നു വേണം കരുതുവാൻ. കാരണം, "ജീവൻ നൽകുവാനും അത് സമൃദ്ധമായി നൽകുവാനും"(യോഹ 10:10)വന്ന യേശുക്രിസ്തുവിന്റെ ജീവസംസ്ക്കാരത്തിനുപകരം മരണസംസ്ക്കാരം ഇന്ന് ലോകത്തിൽ പ്രത്യേകിച്ച് ക്രിസ്ത്യനികളുടെ ഇടയിൽ പിടിമുറുക്കിയിരിക്കുന്നു. ജീവന്റെ സമൃദ്ധി ഇന്ന് ക്രിസ്ത്യാനികളുടെ ഇടയിൽനിന്ന് പൊയ്ക്കൊണ്ടിരിക്കുന്നു. മുമ്പ് ലോകജനസംഖ്യയിൽ മൂന്നിലൊന്ന് ക്രിസ്ത്യനികളായിരുന്നെങ്കിൽ ഇന്ന് ആ അവസ്ഥയ്ക്ക് മാറ്റം വന്നിരിക്കുന്നു.

ഒരു സംസ്ക്കാരം നിലനിൽക്കണമെങ്കിൽ 2.11% മക്കൾ (progenies)എല്ലാ ദമ്പതിമാർക്കും ഉണ്ടാകണം. എന്നാൽ ക്രിസ്തുമതത്തിന്റെ ഈറ്റില്ലമായ യൂറോപ്പിലും എന്തിനേറെ കേരളത്തിൽ പോലും ക്രിസ്ത്യാനികളുടെ ജനനനിരക്ക് 1.8% ആയിരിക്കുകയാണ്. അതിനാൽ ഈ നില തുടർന്നാൽ രണ്ടു തലമുറയ്ക്കുശേഷം (ഒരു തലമുറ 40 വർഷം) അതായത് 80 വർഷത്തിനുശേഷം കേരളത്തിൽ ക്രിസ്ത്യാനികൾ അന്യംനിന്നു പോകും. ഈ പ്രതിസന്ധിക്ക് നമുക്ക് പല പല കാരണങ്ങൾ കണ്ടെത്താനാകും. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അവിവാഹിതരായ യുവതീയുവാക്കന്മാരുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവാണ്. കേരള കത്തോലിക്കാസഭയിൽ മുപ്പതിനും നാല്പതിനുമിടയ്ക്ക് പ്രായമുള്ള അവിവാഹിതരായ 90000-ൽ കൂടുതൽ യുവജനങ്ങളുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ കണക്ക് ഞെട്ടിപ്പിക്കുന്നതാണ്. ഇന്ന് കേരളകത്തോലിക്കാസഭ നേരിടുന്ന ഭീകരമായ അവസ്ഥയാണത്. 90000 യുവജനങ്ങളിൽ ഏറിയ പങ്കും യുവാക്കളാണ്. ഇതുമൂലം 90000 കുടുംബങ്ങൾ കുറയുന്നു എന്നു മാത്രമല്ല അവർക്കുണ്ടാകേണ്ടിയിരുന്ന കുഞ്ഞുങ്ങളും ഇല്ലാതെ പോവുകയാണ് ചെയ്യുന്നത്. മാത്രവുമല്ല വിവാഹപ്രായം കഴിഞ്ഞിട്ടും പങ്കാളികളെ ലഭിക്കാത്ത യുവജനങ്ങളുടെ പ്രത്യേകിച്ച് യുവാക്കളുടെ മാനസികസംഘർഷങ്ങളും വേദനകളും നമ്മെയും വേദനിപ്പിക്കുന്നു. ജീവിതത്തിൽ ലക്ഷ്യമില്ലാതെ എന്തിനുവേണ്ടി ജീവിക്കുന്നു എന്ന

അരക്ഷിതാവസ്ഥയിൽ കഴിയുന്ന യുവജനങ്ങൾ നിരാശപൂണ്ട് മദ്യത്തിനും മയക്കുമരുന്നിനും തെറ്റായ ജീവിത സാഹചര്യങ്ങൾക്കും അടിമകളാകാനുള്ള സാധ്യതയും നാം കാണാതെ പോകരുത്.

സഭ ഇവരുടെ വേദന മനസ്സിലാക്കുന്നു. മാതാപിതാക്കളും, സഭാധികാരികളും, സംഘടനാ നേതാക്കളും ഒത്തൊരുമയോടെ പ്രവർത്തിച്ചാൽ ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ കഴിയും. അതിനായി മലബാർ മേഖലയിലെ എല്ലാ റീത്തുകളിലുമുള്ള യുവജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സംഗമം വിവാഹാർത്ഥികളുടെ വരുന്ന സെപ്റ്റംബർ മാസം 12,13 തീയതികളിൽ കോഴിക്കോട് ചേവായൂർ നിത്യസഹായമാതാ പള്ളിയങ്കണത്തിൽ വച്ച് കെ.സി.ബി.സി. പ്രോ- ലൈഫ് മലബാർ മേഖലാ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സംഗമത്തിലേക്ക് വിവാഹപ്രായമായ യുവജനങ്ങളെയും, പുനർവിവാഹത്തിന് ആഗ്രഹമുള്ള വിധവകളെയും വിഭാര്യരെയും പങ്കെടുപ്പിക്കുന്നതിന് വികാരിയച്ചന്മാരും മാതാപിതാക്കളും സംഘടനാനേതൃത്വവും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പി ക്കുന്നു. അങ്ങനെ ഈ സംഗമത്തിലൂടെ നമ്മുടെ യുവജന ങ്ങൾ അനുയോജ്യരായ പങ്കാളികളെ കണ്ടെത്തി വിവാഹജീവിതത്തി ലേക്ക് പ്രവേശിക്കാൻ സർവ്വശക്തനായ ദൈവം നമ്മുടെ യുവജനങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
23.06.2019 നോർത്ത് കേരളകാത്തലിക് ബിഷപ്സ് കൗൺസിൽ
പ്രസിഡന്റ്

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ ജൂലൈ 7-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബ്ബാനമധ്യേ വായിക്കേണ്ടതാണ്.

**Prot. No. 446/19, സർക്കുലർ നമ്പർ 09/2019**

# സർക്കുലർ

## അതിരൂപതാ സുരക്ഷിത സാഹചര്യ സമിതി
## (Safe Environment Committee)

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ സമീപകാലത്ത് നല്കിയ നിർദ്ദേശങ്ങളുടെയും ഭാരത കത്തോലിക്കാ മെത്രാൻ സമിതിയും (സി.ബി.സി.ഐ) കേരള കത്തോലിക്കാ മെത്രാൻ സമിതിയും (കെ.സി.ബി.സി.) നൽകിയ മാർഗ്ഗരേഖകളുടെയും പശ്ചാതലത്തിൽ എല്ലാ രൂപതകളിലും കുട്ടികൾക്കും ദുർബലരായ മുതിർന്നവർക്കും (Vulnerable adults)എതിരായ ലൈംഗീക പീഢനങ്ങളെ സംബന്ധിച്ച പരാതികൾ സ്വീകരിക്കാനും നിയമാനുസൃതമായ മേൽ നടപടികൾ സ്വീകരിക്കാനും ഒരു സമിതി രൂപീകരിക്കണമെന്ന് തീരുമാനിക്കുകയുണ്ടായി. നമ്മുടെ രാജ്യത്ത് സിവിൽ നിയമങ്ങൾക്ക് അനുസൃതവും വത്തിക്കാനിലെ വിശ്വാസ തിരുസംഘത്തിന്റെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും തയ്യാറാക്കിയിട്ടുള്ള, മുകളിൽ സൂചിപ്പിച്ച മാർഗ്ഗരേഖ, അഭിവന്ദ്യ മേജർ ആർച്ച ബിഷപ്പ് സീറോ-മലബാർ സഭയിൽ ഒരു നിയമമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ നമ്മുടെ രൂപതയിലും “അതിരൂപതാ സുരക്ഷിത സാഹചര്യ സമിതി” (Safe Environment Committee) എന്നപേരിൽ 2019 ജൂലൈ 3 മുതൽ ഒരു സമിതി നിലവിൽ വരികയാണ്.

5 അംഗങ്ങളുള്ള ഈ സമിതിയുടെ ഡയറക്ടർ പ്രശസ്ത സൈക്കോളജിസ്റ്റായ സി. ഡോ. ട്രീസാ പാലയ്ക്കൽ എസ്.എച്ചും കോർഡിനേറ്റർ റവ. ഫാ. തോമസ് തയ്യിലുമായിരിക്കും. അഡ്വ. മേരി മാത്യു, അഡ്വ. സണ്ണി അഗസ്റ്റിൻ വെള്ളക്കട, അഡ്വ. ലിസ് മരിയ എന്നിവർ അംഗങ്ങളുമാണ്.

ഈ സമിതിയ്ക്ക് രണ്ടു പ്രധാന ദൗത്യങ്ങളാണുള്ളത്. ഒന്നാമത്തേത് എല്ലാ സഭാ ശുശ്രൂഷകർക്കും സഭയുടെയും രാഷ്ട്രത്തിന്റെയും നിയമങ്ങളിൽ പ്രായപൂർത്തിയാകാത്തവർക്കും ആ രീതിയിൽ പ്രവർത്തിക്കാൻ കഴിയാത്ത ദുർബലാവസ്ഥയിലുള്ള മുതിർന്നവർക്കും എതിരെയുള്ള പീഢനങ്ങൾക്കെതിരെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങളെക്കുറിച്ച് അറിവും അവബോധവും കൊടുക്കുക എന്നതാണ്.

അതിനായി ഈ സമിതി വൈദീകർ ഉൾപ്പെടെയുള്ള സഭാശുശ്രൂഷകർക്ക് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യണം.

സമിതിയുടെ രണ്ടാമത്തെ ഉത്തരവാദിത്വം പ്രായപൂർത്തിയാകാത്തവർക്കും നിയമത്തിൽ അവർക്ക് സമാനരായവർക്കും നേർക്കുള്ള പീഢനത്തെപറ്റിയുള്ള പരാതികൾ സ്വീകരിക്കുകയും നിയമാനുസൃതമായ നടപടികൾ എടുക്കുകയും ചെയ്യുക എന്നതാണ്. പരാതികൾ Director, Safe Environment Committee, Arch Bishop's House, PB. No. 70, Thalasserry-670101 എന്ന വിലാസത്തിൽ നൽകാവുന്നതാണ്.

പരാതികൾ വെള്ളകടലാസിൽ എഴുതി ഒപ്പിട്ട് രണ്ട് പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്.പരാതിപ്പെടുന്നയാളിന്റെ പേര്, മുഴുവൻ മേൽവിലാസം, മൊബൈൽ നമ്പർ, ഈമെയിൽ വിലാസം, വാട്സ് ആപ്പ് നമ്പർ എന്നിവ ഉണ്ടെങ്കിൽ അവ പരാതിയിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. സാക്ഷികളുടെ പേരുകൾ ഉണ്ടെങ്കിൽ അവരുടെ പേരും മേൽവിലാസവും ഫോൺനമ്പറും എല്ലാം രേഖപ്പെടുത്തണം. ഊമകത്തുകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ പ്രയാസമുണ്ടാകും എന്നോർമ്മിപ്പിക്കട്ടെ.

പരാതികൾ ബാലലൈംഗീക പീഢനവുമായി ബന്ധപ്പെട്ടതാണെങ്കിൽ മറ്റ് അറിയിപ്പൊന്നും കൂടാതെ അവ പോലീസിന് കൈമാറുന്നതാണ്. കാരണം Proection of Children against Sexual Offence-POCSO എന്ന നിയമമനുസരിച്ച് അത്തരം കുറ്റകൃത്യങ്ങൾ നടന്നെന്നോ നടക്കാൻ സാധ്യതയുണ്ടെന്നോ അറിയുന്നവർ പോലീസിനെ അറിയിച്ചിരിക്കണം. എളുപ്പം പീഢിപ്പിക്കപ്പെടാവുന്ന അവസ്ഥയിലുള്ള മുതിർന്നവർക്ക് എതിരെയുള്ള കുറ്റകൃത്യങ്ങൾ ആരോപിക്കപ്പെടുന്ന പരാതികളും ഇപ്രകാരം തന്നെയായിരിക്കും കൈകാര്യം ചെയ്യപ്പെടുന്നത്. എന്നാൽ മേൽപ്പറഞ്ഞ രണ്ടുവിഭാഗത്തിലും പെടാത്തവർക്കെതിരെയുള്ള പീഢനപരാതികൾ ബന്ധപ്പെട്ട വ്യക്തികൾ ആവശ്യപ്പെട്ടാൽ മാത്രമെ പോലീസിന് കൈമാറുകയുള്ളൂ. അല്ലാത്ത പക്ഷം മേൽപ്പറഞ്ഞ കമ്മിറ്റിതന്നെ അത് അന്വേഷിച്ച് തീർപ്പാക്കുന്നതായിരിക്കും

18 വയസ്സ് പൂർത്തീയാകാത്തവരാണ് പ്രായപൂർത്തിയാകാത്തവർ എന്നപദംകൊണ്ട് അർത്ഥമാക്കുന്നത്. എളുപ്പം പീഢിപ്പിക്കപ്പെടാവുന്ന അവസ്ഥയിലുള്ളവർ എന്ന പദമാവട്ടെ താൽക്കാലികമോ സ്ഥിരമോ ആയ ഏതെങ്കിലും കാരണത്താൽ മാനസീകമോ വൈകാരികമോ ശാരീ

രികമോ ആയ വൈകല്ല്യങ്ങൾ അനുഭവിക്കുന്നവരാണ്. കുമ്പസാരത്തിനും കൗൺസിലിംഗിനും മറ്റും വരുന്നവർപോലും ഈ ഗണത്തിൽ പരിഗണിക്കപ്പെടും എന്നത് പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. അതുപോലെതന്നെ ഏതെങ്കിലുംതരത്തിലുള്ള അധികാരത്തിൻകീഴിൽ വരുന്നവർ എല്ലാം ആ അധികാരിയുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം എളുപ്പം പീഢിപ്പിക്കപ്പെടാവുന്ന അവസ്ഥയിലുള്ളവരാണ്.

'സഭാശുശ്രൂഷകർ' എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് മെത്രാന്മാരും വൈദീകരും സ്ത്രീ പുരുഷന്മാരായ എല്ലാ സന്ന്യസ്ഥരും സെമിനാരി വിദ്യാർത്ഥികളും ഇടവകകളും സഭാസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരും വേതനം പറ്റുന്നവരുമായ എല്ലാ അൽമായരുമാണ്. കൈക്കാരന്മാർ, കമ്മിറ്റിക്കാർ, അക്കൗണ്ടന്റ്, സെക്രട്ടറി, അൾത്താര ശുശ്രൂഷി, മതാദ്ധ്യാപകർ, തുടങ്ങിയവർ എല്ലാം സഭാശുശ്രൂഷകരുടെ ഗണത്തിൽപ്പെടുന്നു. എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുവരുന്ന പരാതികൾ, അതാത് സ്ഥാപനങ്ങളാണ് കൈകാര്യം ചെയ്യുന്നത്. കാരണം പലതരത്തിലുള്ള സർക്കാർ നിയമങ്ങൾ അവർ പാലിക്കേണ്ടതുണ്ട്.

ലൈംഗീക പീഢനം എന്ന വാക്കിന്റെ പരിധിയിൽവരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് പോക്സോ നിയമത്തിൽ നിർവ്വചിച്ചിട്ടുണ്ട്. അവതന്നെയാണ് കെ.സി.ബി.സി. മാർഗ്ഗനിർദ്ദേശങ്ങളിലും സ്വീകരിച്ചിരിക്കുന്നത്.

2019 മാർച്ച് 19-ന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ വത്തിക്കാനിൽ ജോലിചെയ്യുന്ന കർദ്ദിനാൾമാർ അടക്കമുള്ള എല്ലാവരെയും ഉദ്ദേശിച്ച് പ്രാബല്യത്തിൽ വരുത്തിയ നിയമത്തിൽ ഇക്കാര്യങ്ങളെപറ്റി പറയുന്നത് ശ്രദ്ധാർഹമാണ്. പരിശുദ്ധപിതാവ് പറയുന്നു: പ്രായപൂർത്തിയാകാത്തവരുടെയും ദുർബ്ബലരായവരുടെയും സംരക്ഷണം സഭയെയും അതിന്റെ എല്ലാ അംഗങ്ങളെയും ലോകമെമ്പാടും പ്രചരിപ്പിക്കാൻ ഏൽപ്പിച്ചിരിക്കുന്ന സുവിശേഷ സന്ദേശത്തിന്റെ അവിഭാജ്യഘടകമാണ്. വാസ്തവത്തിൽ, ക്രിസ്തുതന്നെയാണ് ഏറ്റവും ചെറിയവരും നിസ്സാഹായരുമായവരുടെ സംരക്ഷണം നമ്മെ ഏൽപ്പിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു (മത്താ 18:5). അതുകൊണ്ട് പ്രായപൂർത്തിയാകാത്ത വരെയും അതിനുസമാനരായ പ്രായപൂർത്തിയായവരെയും സ്വാഗതംചെയ്യാനും അവരുടെ താല്പര്യങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട്

അവർക്കുവേണ്ടി സുരക്ഷിത സാഹചര്യങ്ങൾ ഒരുക്കാനും നമുക്ക് കടമയുണ്ട്. അതിനായി തുടർച്ചയായതും ആഴത്തിലുള്ളതുമായ മനപരിവർത്തനം നമ്മളിൽ ആവശ്യമാണ്. അതിന്റെ ഭാഗമായ വ്യക്തിജീവിതത്തിലെ വിശുദ്ധിയും ധാർമ്മിക പ്രതിബദ്ധതയും ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

ഇതുവഴി താഴെപറയുന്ന കാര്യങ്ങൾ സഭയിൽ ഉറപ്പുവരുത്താനാണ് നാം പരിശ്രമിക്കുന്നത്.

- പ്രായപൂർത്തിയാകാത്തവരുടെയും അവർക്കുസമാനരായവരുടെയും അവകാശങ്ങളും ആവശ്യങ്ങളും അറിയുകയും പരിപാലിക്കുകയും ചെയ്യുന്ന ഒരു സമൂഹം; ശാരീരികമോ മാനസികമോ ആയ ആക്രമണങ്ങൾ അല്ലെങ്കിൽ ദുരുപയോഗം അവഗണിക്കാതിരിക്കൽ, ദുഷ്പെരുമാറ്റം അല്ലെങ്കിൽ ചൂഷണം എന്നിവ തടയുകയും ചെയ്യുന്ന സമൂഹം.
- ദുരുപയോഗങ്ങൾ നിയമാനുസൃത അധികാരികൾക്ക് റിപ്പോർട്ടു ചെയ്യുകയും അത്തരം കുറ്റകൃത്യങ്ങൾ തടയാനുള്ള അവരുടെ പ്രവർത്തനങ്ങളിൽ അവരുമായി സഹകരിക്കുകയും ചെയ്യുന്ന സമൂഹം.
- കുറ്റകൃത്യങ്ങൾ ചെയ്തവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരികയും പ്രോസിക്യൂട്ട് ചെയ്യുകയും ചെയ്യുക.
- ചൂഷണം, ലൈംഗിക അധിക്ഷേപം അല്ലെങ്കിൽ മോശം പെരുമാറ്റം തുടങ്ങിയവയെപറ്റിയുള്ള അവരുടെ പരാതികൾ കേൾക്കകുയും അവരെയും അവരുടെ കുടുംബങ്ങളെയും വേണ്ട രീതിയിൽ അനുധാവനം ചെയ്യുകയും ചെയ്യുക.
- ഇരകൾക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ അജപാലനശുശ്രൂഷയും ആത്മീയവും വൈദ്യശാസ്ത്രപരവും മാനസീകവും നിയമപരവുമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുക.
- കുറ്റാരോപിതർക്ക് ശരിയായതും നിക്ഷ്പക്ഷവുമായ വിചാരണയും നിയമദൃഷ്ട്യാ അവരുടെ കുറ്റം തെളിയിക്കപ്പെടുന്നതുവരെ അവരുടെ നിരപരാധിത്വം സ്വീകരിക്കപ്പെടുകയും അവർക്കു ലഭിക്കുന്ന ശിക്ഷ കുറ്റത്തിന് ആനുപാതികമാണെന്നും ഉറപ്പുവരുത്തുക.
- കുറ്റാരോപിതനെ ഉടൻതന്നെ അയാൾ ആയിരിക്കുന്ന ശുശ്രൂഷാമേഖലയിൽനിന്ന് മാറ്റിനിർത്തുകയും അയാൾക്ക്

മാനസികവും ആത്മീയവും സാമൂഹ്യവുമായ പുനരധിവാസത്തിന് ആവശ്യമായവയും ചെയ്യുക.

- വ്യാജമായി കുറ്റാരോപിതരായവർക്ക് നിരപരാധിത്വം തെളിയിക്കാനുള്ള അവസരവും പിന്തുണയും നല്കുകയും പുനരധിവസിപ്പിക്കാൻ സാധ്യമായതെല്ലാം ചെയ്യുകയും ചെയ്യുക.
- പ്രായപൂർത്തിയാകാത്തവരുടെയും നിയമത്തിൽ സമാനരായവരുടെയും സംരക്ഷണത്തിന് ബന്ധപ്പെട്ടവർക്ക് വേണ്ടത്ര പരിശീലനം നല്കുക.

കുട്ടികളുടെയും തങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ ശേഷിയില്ലാത്ത ദുർബ്ബലരുടെയും പക്ഷത്ത് നിന്നുകൊണ്ട് ചിന്തിക്കാനും അവർക്ക് ആവശ്യമായ സംരക്ഷണവും നീതിയും ലഭ്യമാക്കുവാനുമാണ് Safe Environment Committee നാം രൂപീകരിച്ചിരിക്കുന്നത്. ഈ സമിതി നിക്ഷ്പക്ഷവും സുതാര്യവുമായി പ്രവർത്തിക്കുന്നതാണ്. അതേസമയം അവാസ്തവവും ദുരുദ്ദേശപരവുമായ പരാതികൾകൊണ്ട് സമിതിയുടെ പ്രവർത്തനങ്ങളെ ദുരുപയോഗിക്കാതിരിക്കാനുള്ള ജാഗ്രത എല്ലാവർക്കും ഉണ്ടായിരിക്കണം എന്നുകൂടി ഓർമ്മപ്പെടുത്തുകയാണ്. ദുർബ്ബലർക്കും സ്വയം പ്രതിരോധശേഷിയില്ലാത്തവർക്കും സഹായമായി സഭ എപ്പോഴും ഉണ്ട് എന്ന് പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പായോടൊപ്പം ഉറപ്പുനല്കാൻ ഞാനും ആഗ്രഹിക്കുകയാണ്. സഭാ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും വിശുദ്ധിയിലും ധാർമ്മികബോധ്യത്തിലും വളർന്നുവരുവാൻ സർവ്വശക്തൻ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
24-06-2019 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2019 ജൂലൈ 21-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബ്ബാനമധ്യേ വായിക്കേണ്ടതാണ്.




## 1. ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സ്

തലശ്ശേരി അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന വൈദികർക്കുള്ള ഈ വർഷത്തെ തുടർപരിശീലന പരിപാടി ജൂലൈ മാസം 15 മുതൽ 17 വരെയും 22 മുതൽ 24വരെയും രണ്ട് ബാച്ചുകളിലായി തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന ദിവസം വൈകുന്നേരം 6 മണിക്ക് തുടങ്ങി അവസാനിക്കുന്ന ദിവസം ഉച്ചകഴിഞ്ഞ് 4 മണിക്ക് സമാപിക്കുന്നതുമാണ്. കോഴ്സിന് നേതൃത്വം നൽകുന്നത് ഫാ. ടോം പന്നലക്കുന്നേൽ എം.എസ്.എഫ്.എസ്.ആണ്. സമകാലീന സാഹചര്യത്തിൽ വൈദികരുടെ മാനസിക ഉന്മേഷം വർദ്ധിപ്പിക്കാനും ഊർജ്ജസ്വലത വീണ്ടെടുക്കാനും സഹായിക്കുന്ന ക്ലാസ്സുകളാണ് ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ബഹു. വൈദികരും കോഴ്സിൽ നിർബന്ധമായും സംബന്ധിക്കണം. ഓരോ ബാച്ചിലും സംബന്ധിക്കേണ്ടവരുടെ ലിസ്റ്റ് ഈ ലക്കം ഗിരിദീപത്തിൽ നല്കിയിട്ടുണ്ട്. ബാച്ച് മാറിവരാനാഗ്രഹിക്കുന്നവർ പെരിയ ബ.വികാരി ജനറാളച്ചനെ മുൻകൂട്ടി അറിയിക്കണം. അഭിവന്ദ്യപിതാവിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ആരും കോഴ്സിൽ നിന്നും ഒഴിവാകാൻ പാടില്ലെന്ന് ഓർമ്മിപ്പിക്കട്ടെ.

## 2. സഭാദിനം – ജൂലൈ 3

നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന ആചരിക്കുന്ന ജൂലൈ 3-ാം തീയതി സീറോ – മലബാർ സഭ സഭാദിനമായി ആചരിക്കുകയാണ്. അന്നത്തെ സ്തോത്രക്കാഴ്ച മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തനങ്ങൾക്കുവേണ്ടി സമാഹരിച്ച് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കണം. ഒരു വ്യക്തിക്ക് 2 രൂപ തോതിലെങ്കിലും ഓരോ ഇടവകയിൽ നിന്നും സംഭാവന നല്കേണ്ടതാണ്.

## 3. യുവജനദിനം – ജൂലൈ 7

ഈ വർഷത്തെ യുവജനദിനം ജൂലൈ 7-ാം തിയതി ഞായറാഴ്ചയാണ്. യുവജനദിനം ഓരോ ഇടവകയിലും സമുചിതമായി ആഘോഷിക്കാൻ ശ്രദ്ധിക്കുമല്ലോ. ഈ ലക്കം ഗിരിദീപത്തിൽ നല്കിയിരിക്കുന്ന സർക്കുലർ വായിക്കുകയും യുവജന ശുശ്രൂഷയെ സഹായിക്കാനായി അന്നത്തെ

സ്തോത്രക്കാഴ്ച പ്രത്യേകം പറഞ്ഞ് സമാഹരിച്ച് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

## 4. ബഹു. വൈദികരുടെ വാർഷികധ്യാനം

ബഹു. വൈദികരുടെ ഈ വർഷത്തെ വാർഷിക ധ്യാനം സെപ്റ്റംബർ മാസം 8-ാം തിയതി ഞായറാഴ്ച മുതൽ 13-ാം തിയതി വെള്ളിയാഴ്ച വരെ തലശ്ശേരി മൈനർ സെമിനാരിയിൽ വച്ചും 22-ാം തിയതി ഞായറാഴ്ച മുതൽ 27-ാം തിയതി വരെ പരിയാരം മദർ ഹോമിൽ വച്ചും നടത്തുന്നതാണ്. പ്രസിദ്ധ ധ്യാനഗുരു ഫാ. ഡാനിയേൽ പൂവണ്ണത്തിൽ ആണ് ധ്യാനം നയിക്കുന്നത്. അടുത്ത മാസത്തെ ഗിരിദീപത്തിൽ ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ

## 5. പി.പി.എഫ്. അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

എല്ലാ പി.പി.എഫ്. അംഗങ്ങളും നിര്യാതനായ ബഹു. അബ്രാഹം ആനശ്ശേരി അച്ചനുവേണ്ടി ഒരു വി.കുർബ്ബാന അർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 6. ആദരാഞ്ജലികൾ

**ജോസഫ് (കുഞ്ഞുകുട്ടി) പുത്തൻനടയിൽ (92):** ബഹു. ജെയിംസ് പുത്തൻനട അച്ചന്റെ വത്സല പിതാവ് ജോസഫ് പുത്തൻനടയിൽ 2019 മെയ് 30ന് നിര്യാതനായി. മൃതസംസ്ക്കാരം മെയ് 31 വെള്ളിയാഴ്ച പാത്തൻപാറ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ നടത്തി. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവും അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവും മൃതസംസ്ക്കാര കർമ്മങ്ങൾക്ക് നേതൃത്വം കൊടുത്തു. പരേതന് നിത്യശാന്തി നേരുകയും സന്തപ്ത കുടുംബാംഗങ്ങളെ ഹൃദയപൂർവ്വമായ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ഫാ. ജോസ് ചിറമേൽ:** സീറോ-മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ട്രൈബ്യൂണലിന്റെ പ്രസിഡന്റും എറണാകുളം-അങ്കമാലി അതിരൂപതാംഗവുമായ റവ.ഡോ. ജോസ് ചിറമേൽ 2019 ജൂൺ 18-ന് നിര്യാതനായി. കാനൻ നിയമപണ്ഡിതനും വിവിധ സെമിനാരികളിലെ അദ്ധ്യാപകനുമായിരുന്ന അദ്ദേഹത്തിന്റെ നിര്യാണത്തിൽ തലശ്ശേരി അതിരൂപതയുടെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു..

## 7. സ്നേഹസ്മൃതി

1. റവ. ഫാ. മാണി വാഴചാരിയ്ക്കൽ - 02-07-2014
2. റവ. ഫാ. ജോസ് കണിവേലിൽ - 01-07-2017
3. റവ. ഫാ. അബ്രാഹം മൂങ്ങാമ്മാക്കൽ - 05-07-1989

# ഫാ. അബ്രാഹം ആനശ്ശേരിൽ അനുസ്മരണം

തലശ്ശേരി അതിരൂപതയിലെ മുതിർന്ന വൈദികരിലൊരാളും നല്ല അജപാലകൻ എന്ന നിലയിൽ ദൈവജനത്തിന്റെ ഹൃദയത്തിൽ ചിരപ്രതിഷ്ഠ നൽകിയ ആളുമായ ഫാ. അബ്രാഹം ആനശ്ശേരിൽ (82) നിര്യാതനായി. കരുവഞ്ചാൽ ശാന്തിഭവനിൽ വിശ്രമജീവിതം നയിച്ചുവന്നിരുന്ന അദ്ദേഹം 2019 ജൂൺ 24ന് രാവിലെയാണ് ദൈവസന്നിധിയിലേയ്ക്ക് യാത്രയായത്. രാവിലെ വി. ബലിയ്ക്കായി ഒരുങ്ങവെ ആയിരുന്നു അദ്ദേഹത്തിന്റെ ആകസ്മിക നിര്യാണം.



1937 സെപ്റ്റംബർ 19ന് പാലാരൂപതയിലെ മരങ്ങാട്ടുപള്ളിയിൽ ആനശ്ശേരിൽ ജോസഫ്-മറിയാമ്മ ദമ്പതികളുടെ മകനായി ഫാ. അബ്രാഹം ജനിച്ചു. 1966 മാർച്ച് 14ന് പൗരോഹിത്യം സ്വീകരിച്ചു. ആലക്കോട് അസി. വികാരിയായി വൈദികജീവിതം ആരംഭിച്ച ആനശ്ശേരി അച്ചൻ തുടർന്ന് തലശ്ശേരി അതിരൂപതയിലെ ചുണ്ടപ്പറമ്പ്, പുറവയൽ, പാത്തൻപാറ, ബളാൽ, കണിച്ചാർ, പരപ്പ, മാങ്ങോട്, കരുണാപുരം, കുടിയാന്മല, വെള്ളാട്, മാനന്തവാടി രൂപതയിലെ ചുണ്ടക്കര, മാർട്ടിൻനഗർ, തൃശിലേരി, താമരശ്ശേരി

---

4. റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ(സീനിയർ) - 07-07-1994
5. റവ. ഫാ. ജോൺ കല്ലുങ്കൽ - 08-07-2012
6. റവ. ഫാ. സേവ്യർ പുത്തൻപുരയിൽ - 15-07-1999
7. റവ. ഫാ. അബ്രാഹം മൂക്കനോലിൽ - 16-07-1981
8. റവ. ഫാ. ജേക്കബ് വെള്ളക്കട - 20-07-1970
9. റവ. ഫാ. മാത്യു കൊട്ടുകാപ്പിള്ളി - 26-07-2003
10. റവ. ഫാ. മാത്യു പൊയ്യക്കര - 27-07-2008
11. റവ. ഫാ. ജോൺ കടുകമ്മാക്കൽ - 28-07-2010
12. റവ. ഫാ. ജെയിംസ് മുകളേൽ - 29-07-2009
13. റവ. ഫാ. ജോസഫ് മണിമലത്തറപ്പിൽ - 30-07-2012

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

രൂപതയിലെ മാവൂർ എന്നീ ഇടവകകളിൽ വികാരിയായി സേവനം ചെയ്തിട്ടുണ്ട്. സഹോദരങ്ങൾ സി. ബെന്നറ്റ്, സി. മരിയ തെരേസ, റോസമ്മ, ആഗസ്തി, മത്തായി, സി. മരിയാ ഗൊരേത്തി, തോമസ്.

ബഹു. ആനശ്ശേരി അച്ചന്റെ ഭൗതീകശരീരം 26.06.2019 ബുധനാഴ്ചവരെ അദ്ദേഹം വിശ്രമജീവിതം നയിച്ചിരുന്ന കരുവഞ്ചാൽ ശാന്തിഭവനിൽ പൊതുദർശനത്തിനു വച്ചു. അവിടെ വൈദികരും സിസ്റ്റേഴ്സും അദ്ദേഹം സേവനം ചെയ്ത ഇടവകകളിൽനിന്നുള്ള അൽമായരും ഉൾപ്പെടെ നൂറുകണക്കിനാളുകൾ ആദരാഞ്ജലി അർപ്പിച്ചു. 26-ാം തീയതി രാവിലെ പ്രീസ്റ്റ് ഹോം ചാപ്പലിൽ നടന്ന വി. കുർബ്ബാനയ്ക്കും മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗത്തിനും അതിരൂപതാ സിഞ്ചെല്ലൂസ് മോൺ. ജോസഫ് ഒറ്റപ്ലാക്കൽ നേതൃത്വം നല്കി.

തുടർന്നുനടന്ന വിലാപയാത്ര സെന്റ് ജോസഫ്സ് കത്തീഡ്രൽ പള്ളിയിൽ രാവിലെ 9 മണിയോടെ എത്തിച്ചേർന്നു. അവിടെയും നൂറുകണക്കിനാളുകൾ അദ്ദേഹത്തിന് അന്തിമോപചാരം അർപ്പിച്ചു. തുടർന്നു നടന്ന വി. കുർബ്ബാനയ്ക്ക് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. മാർ ജോർജ് ഞറളക്കാട്ട് പിതാവ് മൃതസംസ്കാരശുശ്രൂഷയ്ക്ക് നേതൃത്വം നല്കുകയും ചരമപ്രസംഗം നടത്തുകയും ചെയ്തു.

അവിഭക്ത തലശ്ശേരി അതിരൂപതയിലെ നിരവധി ഇടവകകളിൽ അദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. പള്ളികളും സ്കൂളുകളും നിർമ്മിക്കുകയും സാമൂഹിക പുരോഗതിക്കുവേണ്ടി പ്രയത്നിക്കുകയും ചെയ്ത നല്ല വികാരിയച്ചനായിരുന്നു അദ്ദേഹം. വാത്സല്യനിധിയായ ഒരു അപ്പന്റെ മുഖം അദ്ദേഹത്തിൽ ദർശിക്കാൻ ഇടവകജനത്തിന് കഴിഞ്ഞിരുന്നു. സേവനം ചെയ്ത ഇടവകകളിലെല്ലാം അജഗണങ്ങളുടെ ആത്മീയ അഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. പാവപ്പെട്ടവരോടുള്ള കാരുണ്യം അദ്ദേഹത്തിന്റെ വലിയ പ്രത്യേകതയായിരുന്നു. ധാരാളം കുട്ടികൾക്ക് പഠനസഹായം നൽകാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. കശുവണ്ടി കർഷകർക്ക് വേണ്ടി അദ്ദേഹം ആരംഭിച്ച പദ്ധതികൾ അതിന്റെ ഉദ്ദേശശുദ്ധിക്കൊണ്ട് സവിശേഷമായ ശ്രദ്ധ അർഹിക്കുന്നതാണ്. ഫാ. അബ്രാഹം ആനശ്ശേരിയുടെ ജീവിതവും ശുശ്രൂഷകളും അവിഭക്ത തലശ്ശേരി അതിരൂപതയിലെ ദൈവജനത്തിന്റെ മനസ്സിൽ എന്നും മായാതെ നിലനിൽക്കും.

## Priests' Refresher Course 2019
## I Batch (July 15-17)

**Rev. Fathers**

1 Achandiyil George
2 Adappur Francis O.Carm
3 Alamkottu Mathew
4 Ammanathukunnel Kurian MST
5 Anakkallil Antony
6 Anakkallil James
7 Ananickal Jose
8 Anickathottathil Jacob
9 Anithanam Joseph
10 Asarikunnel George
11 Chakeyarath Mathew
12 Chakkananickal Scaria
13 Chakkanikunnel Thomas
14 Chakkittamuriyil Thomas
15 Chanakkattil Antony
16 Chathanattu Joseph
17 Chelamaram George
18 Cheruvil Thomas
19 Chirayil George
20 Chittett Antony
21 Chittilapally Thomas
22 Elampurayidathil Joseph
23 Elavumkunnel George (Sr)
24 Elukunnel George
25 Enacheril Joseph
26 Eruppakkatt Philip
27 Ezhuparayil Sebastian
28 Ittiyappara Sebastian
29 Kachappally Roy CM
30 Kadaliyil Joseph
31 Kakkaramattam Joseph
32 Kalappura George
33 Kalarickal Joseph
34 Kalarickal Kuriakose
35 Kanjirakkatt George
36 Karakkattu Philip
37 Karimpoozhickal Joseph
38 Karingalikkattil Thomas
39 Karottu George
40 Karottu Jacob
41 Karukamalil Joseph
42 Kattakayathil Thomas
43 Kavanady Joseph
44 Keechankeriyil Joseph
45 Keezharathil Thomas
46 Kidarathil Thomas
47 Kizhakethalackal Martin
48 Kochukarottu Thomas
49 Koonanickal Thomas
50 Korattiparambil Joseph
51 Kottukapally Thomas
52 Kovoorputhenpurayil John
53 Koyipuram Joseph
54 Kunnel Jose OSB
55 Kuzhiyanimattathil Joseph
56 Mampallikunnel Joseph
57 Manappathuparambil Sebastian
58 Manavath Thomas
59 Manchapillil Joseph
60 Maniamkulath Nikhil OSFS
61 Manickathazhe Jose
62 Manimalatharappil Mathew
63 Manjalamkunnel Antony
64 Manjalamkunnel Joseph
65 Mappilaparambil Thomas (Jr)
66 Mattathil Isaac
67 Melvettom Mani
68 Menachery Louis
69 Mundackal Jose

70 Mundamattam Thomas
71 Muthukunnel Antony
72 Muttathupara Sebastian
73 Nelluvelil George
74 Nirappel Alex
75 Nirappel Joseph
76 Nirappel Scaria
77 Ottaplackal Joseph
78 Padinjareanisseril George
79 Padinjaremuriyil Pious
80 Paimpillil Thomas
81 Palakuzhy Sebastian
82 Palamattam Mathew
83 Palathanath Augustine CST
84 Pallichamkudy Sebastian TOR
85 Pallikunnel Antony
86 Pallineerackal Jacob
87 Pampackal Thomas
88 Pandaraparambil Joseph
89 Pandiammackal Augustine
90 Panel Joseph ISCH
91 Parappalliyath Martin
92 Parathepathickal Antony
93 Paravarakath Mathew
94 Pathickal Thomas
95 Pathiyottil Joseph
96 Pattamkulam Thomas
97 Payyanatt Mathew
98 Podimattam Sebastian
99 Polackal Aloysius OFM (Conv)
100 Ponatt Abraham
101 Poothotal Joseph CSJBP
102 Poovathanikunnel Scaria
103 Poovathinkal Emmanuel
104 Poovatholil Joseph
105 Pothanamala Mathew
106 Pulinthanam Sebastian
107 Pullolickal Thomas
108 Punchatharappel George
109 Punnure Antony
110 Puthuppallimyalil Mathew MST
111 Puthussery Joseph
112 Puthussery Paul (Bhadravathy)
113 Rathapally Francis
114 Rathappallil Joseph CMI
115 Sasthampadavil Mathew
116 Thadathimackal Varkey
117 Tharamangalam Alex Msgr.
118 Thayyil Joseph
119 Thayyil Thomas
120 Thekkekulam Mathew
121 Thekkel Andrews
122 Thekkemuriyil Antony
123 Thekkemury Mathew
124 Thekkumcheril George
125 Thykunnumpuram Joseph
126 Urumpukattil Augustine
127 Vadakkeparambil Joseph
128 Valavanal Mathew
129 Vallimala George
130 Valloppilly Paul
131 Vanderkunnel George
132 Vanderkunnel Joseph
133 Varambakath Lazar
134 Varambakath Scaria
135 Varanath Joseph
136 Varickanickal Martin
137 Vayalumkal Joseph
138 Vazhakatt John
139 Veettiyankal Joseph
140 Vettiyanickal Antony
141 Vettuvayalil Mathew

## II Batch (July 22-24)

**Rev. Fathers**

1 Adattu Mathew HGN
2 Alappattu George
3 Amakkattu Thomas
4 Ambattu Sebastian
5 Anacharil Joseph
6 Anjilickal Joe Wilson OSFS
7 Anthyamkulam Johnson
8 Arackal Kuriakose
9 Areekunnel George
10 Areplackal Mathew
11 Asariparambil Mathew
12 Attangattil Thomas
13 Chakkittamuriyil Joseph
14 Chalil George
15 Charamthottiyil Jacob CST
16 Chellamkottu James
17 Chellamkottu Mathew
18 Chempananickal John
19 Chennappally George
20 Chennattu Philip
21 Chennoth Sebastian
22 Cheriampurath Varghese
23 Cheripuram Sebastian
24 Edamulayil Mathew
25 Edathinakath Paul
26 Edayadiyil Sebastian
27 Edukunnel Elias
28 Elamthuruthipadavil Mathew
29 Elavumkunnel George (Jr)
30 Ezhuparayil Joseph
31 Kainickal Paul OFM Cap
32 Kalapurackal Joseph
33 Kalapurackal Varghese
34 Kalarickal Mathew CMI
35 Kalarimuriyil George
36 Kalayamkandathil Antony
37 Kallarackal Joseph O Prem
38 Kanakkattu Joseph
39 Kandathil Paul
40 Kanjirathinkal Joseph
41 Kannamkulathel Joseph
42 Karakkattu Kuriakose
43 Karickal Mathew
44 Karickathadathil George
45 Karinattu Joseph
46 Kaviyil Philip
47 Kayammackal Mathew
48 Kochupurackal Abraham
49 Kochuveettil Peter
50 Kolakunnel Kuriakose
51 Koluthappallil Joseph
52 Konickal Mathew
53 Koovapparayil John
54 Kottarathil Joseph
55 Kudiparambil Chacko
56 Kulathara Joseph
57 Kunnel Mathew
58 Kureekattil Joseph
59 Kurissummootil Joseph
60 Kuriyedath Jerome OFM Conv.
61 Kuttikkattukunnel Jacob
62 Kuzhupathadathil Mathai CSJBP
63 Madassery Lukose
64 Madathimyalil Abraham
65 Malakkaran Joseph
66 Manjooran Paul
67 Menappattupadickal Thomas
68 Moolayil Sebastian MCBS
69 Moonjelil Paul

70 Moonnanapally James
71 Mukkuzhy Mathew
72 Mulangattil Ignatius
73 Mullakkara John
74 Mullappally Mathew
75 Muttumannil Philip
76 Nadamkuzhy Paul SJ
77 Naduparambil George CRM
78 Naduvilekkutt Thomas
79 Narikuzhy Mathew
80 Nedungattu Jacob
81 Neendoor Thomas
82 Nellithanathil Dennis
83 Njamatholil Abraham
84 Noorammackal John
85 Noorammackal Joseph
86 Olickal Mathew
87 Onamkulam John
88 Orathel Joseph
89 Orathel Kuriakose
90 Ottaplackal Abraham
91 Panthalanickal Thomas
92 Panthammackal Joseph CMI
93 Parayadiyil George CST
94 Pazheparambil George
95 Plavunilkumparambil Kuriakose
96 Ponnambel John
97 Poovannikunnel Jose
98 Poovathanickal John Paul
99 Pottemplackal Mathew
100 Pottenany Joseph
101 Poweth Joseph
102 Pravarthummalayil Mathew
103 Pulickakunnel Jacob
104 Pulickal George
105 Pulickal Sebastian
106 Puliyurumbil Johnson
107 Purathemuthukattil Don Bosco
108 Puthennadayil James
109 Puthenpurackal Xavier ( Jr)
110 Puthenpurackal Xavier (Sr)
111 Puthiyakunnel Joseph
112 Puthukulangara Kuriakose
113 Puthumana George
114 Puthuppallil Sebastian
115 Puthussery Abraham
116 Rathappillil Joseph
117 Thanippallil Sebastian VC
118 Thelakkatt Xavier
119 Thenammackal Joseph
120 Thengumpallil Thomas
121 Theruvamkunnel Thomas
122 Thonippara Abraham
123 Thuruthippallil Joseph
124 Thykunnumpuram George
125 Vadakemulanjanal Thomas
126 Vadakemuriyil Thomas
127 Vadakkan Augustine
128 Vadakkemury Abraham CMI
129 Vadasseril Scaria
130 Valiaparambil Mathew
131 Valiplackal Thomas
132 Vayalil Thomas Oprem
133 Vellaringattu George
134 Vemmenikkattayil Sebastian
135 Vengakunnel Joseph
136 Vengakunnel Mathew
137 Vengaparambil Johnson
138 Vennayappallil Jacob
139 Vettiyanickal Varghese

# തലശ്ശേരി അതിരൂപത
# സംയുക്ത വൈദികസമിതി സമ്മേളനം
## 2019 ജൂൺ 10, സന്ദേശഭവൻ, തലശ്ശേരി
## റിപ്പോർട്ട്

തലശ്ശേരി അതിരൂപതയിലെ എല്ലാ രൂപതകളുടെയും സംയുക്ത വൈദികസമിതി സമ്മേളനം 2019 ജൂൺ മാസം 10-ാം തിയ്യതി തലശ്ശേരി സന്ദേശവനിൽ വച്ച് രാവിലെ 10.15 ന് ചേർന്നു. ഈശ്വരപ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. പ്രാർത്ഥനകൾക്ക് തലശ്ശേരി അതിരൂപതാ കുടുംബക്കൂട്ടായ്മ ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ നേതൃത്വം നൽകി. തുടർന്ന് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ബൽത്തങ്ങാടി രൂപതാദ്ധ്യക്ഷൻ മാർ ലോറൻസ് മുക്കുഴിയിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. സഭയെ തകർക്കാൻ തല്പരകക്ഷികൾ കിണഞ്ഞു പരിശ്രമിക്കുമ്പോൾ കൂട്ടായ്മയിലൂടെ മാത്രമെ അതിനെ അതിജീവിക്കാൻ സാധിക്കുകയുള്ളുവെന്നും അതിന് ഇത്തരമൊരു സംയുക്ത പൗരോഹിത്യ കൂട്ടായ്മ അനിവാര്യമാണെന്നും മാർ ലോറൻസ് മുക്കുഴി അദ്ധ്യക്ഷ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. തുടർന്ന് നടന്ന ഉദ്ഘാടന പ്രസംഗത്തിൽ സഭ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ കൂടുതൽ മെച്ചപ്പെട്ട സംഭാവനകൾ നൽകാൻ മലബാർ രൂപതകളിലെ വൈദിക സമൂഹത്തിനു കഴിയുമെന്നും അതിനെ കഴിഞ്ഞ തലമുറയിലെ നമ്മുടെ വൈദികരുടെ വിശ്വാസതീക്ഷ്ണതയും സമർപ്പണമനോഭാവവും നമുക്ക് മാതൃകയാക്കാമെന്നും മാർ ജോർജ്ജ് ഞറളക്കാട്ട് അഭിപ്രായപ്പെട്ടു. അവിഭക്ത തലശ്ശേരി രൂപതയുടെ മക്കളായ നമുക്ക് പരിചയം പുതുക്കുന്നതിനും ബന്ധങ്ങൾ ഊട്ടിഉറപ്പിക്കുന്നതിനും ഇത്തരം കൂട്ടായ്മകൾ സഹായകരമാണെന്നും പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം സമ്മേളനത്തിന് ആശംസകളറിയിച്ച് സംസാരിച്ചു.

സമ്മേളനത്തിന്റെ രണ്ടാം ഭാഗം 11. 15 ന് മാണ്ഡ്യ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി കരിയിലിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. തലശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി വിഷയാവതരണപ്രസംഗം നടത്തി. സഭയിലെ സമകാലീന പ്രതിസന്ധികളുടെ കാരണങ്ങളിലേയ്ക്കുള്ള ഒരെത്തിനോട്ടമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. പുറമെനിന്ന് ഒരു ശക്തിയ്ക്കും തകർക്കാനാവാത്ത വിധത്തിലാണ് ക്രിസ്തു സഭയെ രൂപപ്പെടുത്തിയതെന്നും അകമേയുള്ളവരുടെ അലസതയും അശ്രദ്ധയും അവിശ്വസ്തതയുമാണ് സഭയുടെ മുഖം വികൃതമാക്കുന്നതെന്നും അതുകൊണ്ട്

സഭയുടെ പുനരുദ്ധാരണം സഭാശുശ്രൂഷകരുടെ ദൗത്യമാണെന്നും പിതാവ് ഓർമ്മിപ്പിച്ചു. സഭയിലെ ഭിന്നതകൾ അൾത്താരയിൽ ആരംഭിക്കുന്നു എന്ന പരിശുദ്ധ ബെനഡിക്റ്റ് മാർപാപ്പയുടെ നിരീക്ഷണത്തിന്റെ പശ്ചാതലത്തിൽ സീറോ മലബാർ സഭയുടെ വളർച്ച അൾത്താരയിലെ കൂട്ടായ്മയിലൂടെയാകണമെന്നും അതിന് ആരാധനാക്രമത്തിലുള്ള ഐക്യം കാലഘട്ടത്തിന്റെ അനിവാര്യമാണെന്നും പിതാവ് അഭിപ്രായപ്പെട്ടു. ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ മാത്രമെ സഭയുടെ മുഖച്ഛായ വർദ്ധിപ്പിക്കാനാകുവെന്നും പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് ഓരോ രൂപതകളിലേയും അജപാലനപ്രവർത്തനങ്ങളിലെ വെല്ലുവിളികളെക്കുറിച്ചുള്ള അവലോകനമായിരുന്നു. മോൺ അലക്സ് താരാമംഗലം-തലശ്ശേരി, മോൺ. അബ്രാഹം നെല്ലിക്കൽ-മാനന്തവാടി, ഫാ. ബെന്നി മുണ്ടനാട്ട്-താമരശ്ശേരി, ഫാ, അബ്രാഹം അരീപ്പറമ്പിൽ - ഭദ്രാവതി, ഫാ. ജോമോൻ കോലഞ്ചേരി-മാണ്ഡ്യ, ഫാ. കുര്യാക്കോസ് വെട്ടുവഴി-ബൽത്തങ്ങാടി എന്നിവർ അതാതു രൂപതകളിലെ അജപാലന പ്രതിസന്ധികളെക്കുറിച്ച് സംസാരിച്ചു. തുടർന്ന് സമ്മേളനത്തിൽ പങ്കെടുത്ത അച്ചൻമാരെ പന്ത്രണ്ടു ഗ്രൂപ്പുകളിലായി തിരിച്ച് ഓരോ ഗ്രൂപ്പും താഴെ പ്രതിപാദിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്തു.

1. മലബാർ പ്രൊവിൻസിലെ രൂപതകൾ തമ്മിലുള്ള ഐക്യവും ബന്ധവും വളർത്താൻ വേണ്ടി ശ്രദ്ധ പതിപ്പിക്കേണ്ട മേഖലകൾ (ആരാധനാ ക്രമ ഐക്യരൂപ്യം, ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള യോജിച്ച പ്രവർത്തനം).
2. വൈദികർ തമ്മിലും വൈദീകരും മേലദ്ധ്യക്ഷനും തമ്മിലുള്ള ഐക്യവും ബന്ധവും വളർത്താൻ എന്ത് ചെയ്യണം?
3. പങ്കാളിത്ത സ്വഭാവമുള്ള നേതൃത്വം വളർത്താൻ രൂപതാ തലത്തിലും, ഇടവകാ തലത്തിലും എന്ത് പ്രവർത്തന രീതികൾ അനുവർത്തിക്കണം?
4. സാമൂഹ്യ, രാഷ്ട്രീയ, കാർഷിക രംഗത്ത് പൊതുവായി പ്രവർത്തിക്കാൻ എന്ത് ചെയ്യണം? (രാഷ്ട്രീയ ശക്തിയാകേണ്ട ആവശ്യം, സാംസ്കാരിക രംഗത്തെ നമ്മുടെ സാന്നിധ്യം, ഭക്ഷ്യ സ്വയം പര്യാപ്തത).
5. സന്യസ്തരുടെ ഇടവകാ പ്രവർത്തനങ്ങളെ പുനഃക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയും സന്യസ്ത ദൈവ വിളികളുടെ അപര്യാപ്തതയും! (ഇടവകയിൽ മുഴുവൻ സമയവും സേവനം ചെയ്യുന്ന സിസ്റ്റേഴ്സിന് ശമ്പളം, മുതലായവ.)
6. ഇടവക കൂട്ടായ്മയ്ക്ക് ദോഷകരമായി ബാധിക്കുന്ന അവസ്ഥകളും സാഹചര്യങ്ങളും വിശകലനം ചെയ്യുക. (ഇടവക കൂട്ടായ്മയ്ക്ക് സമാന്തരമായി മറ്റ് ഗ്രൂപ്പുകളിലേക്ക് പോകുന്നവർ, ഇടവക ജനതയുടെ നിസ്സംഗതയും അസഹിഷ്ണുതയും)
7. സാമൂഹ്യ സമ്പർക്ക ഇടങ്ങളിലെ സഭയുടെ ഇടപെടൽ എപ്രകാരം ഫലവത്താക്കാം. (ഓൺ ലൈൻ മാധ്യമങ്ങൾ, Common Social Media Plat Form, ദീപിക ദിനപത്രം മുതലായവ.)

എല്ലാ ഗ്രൂപ്പുകളുടേയും ചർച്ചകളുടെ റിപ്പോർട്ട് ക്രോഡീകരിച്ച് ഫാ. ബെന്നി മുണ്ടനാട്ട് അവതരിപ്പിച്ചു. ഏറ്റവുമൊടുവിൽ നടന്ന പൊതുചർച്ച കൾക്ക് മാർ ജോർജ്ജ് ഞറളക്കാട്ട് നേതൃത്വം നൽകി. ചർച്ചയിലെ പൊതു തീരുമാനങ്ങൾ:

1. അതിരൂപത സംയുക്ത വൈദിക സമിതി വർഷത്തിലൊരിക്കൽ വ്യത്യസ്ത രൂപതകളിലായി നടത്തുക.
2. മലബാറിലെ എല്ലാ രൂപതകളിലും വി. കുർബ്ബാനയർപ്പണം ഏകീകരി ക്കുന്നതിനായി ഓരോ രൂപതകളിലേയും പ്രസ്ബിത്തേരിയത്തെ അതി രൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ എല്ലാ പിതാക്കൻമാരും ഒന്നിച്ച് കണ്ട് സംസാരിക്കാനും സാവകാശം മലബാറിലെ എല്ലാ രൂപതകളിലും സിന ഡിന്റെ നിർദ്ദേശപ്രകാരമുള്ള വി. കുർബ്ബാനയർപ്പണം നടപ്പിലാക്കാനും തീരുമാനിച്ചു. ഇതിന്റെ ഭാഗമായി മതബോധനാവശ്യത്തിനായി ഇനി മുതൽ കുർബ്ബാന പുസ്തകം അച്ചടിക്കുമ്പോൾ സിനഡ് നിർദേശിച്ചി രിക്കുന്ന രീതിയിൽ മാത്രം തയ്യാറാക്കുക.
3. മലബാറിലെ വൈദിക കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിന്റെ ാഗമായി തലശ്ശേരി പ്രൊവിൻസിലെ മേജർ സെമിനാരി വിദ്യാർത്ഥികളുടെ ഒരു സംഗമം വർഷം തോറും സംഘടിപ്പിക്കുക.
4. രൂപതകളിലെ സംഘടനാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംഘടനകളുടെ ഡയറക്ടറമാരുടെ യോഗം വർഷത്തിൽ ഒന്നോ രണ്ടോ തവണ ഒന്നിച്ചുചേരുക.
5. ഭാരത സുവിശേഷവത്കരണത്തിന്റെ ാഗമായി ഷംഷാബാദ് രൂപതയുടെ പരിധിയിൽപ്പെട്ട അരുണാചൽ പ്രദേശ് സംസ്ഥാനം തലശ്ശേരി, മാനന്ത വാടി, താമരശ്ശേരി, ഇടുക്കി രൂപതകളുടെ ആഭിമുഖ്യത്തിൽ ഏറ്റെടുത്ത് 2020 ഫെബ്രുവരി മാസം മുതൽ അജപാലനശുശ്രൂഷകൾ ആരംിക്കു ന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക.
6. എറണാകുളം അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ തലശ്ശേരി പ്രൊവിൻസിലെ എല്ലാ രൂപതകളും മേജർ ആർച്ച് ബിഷപ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന് പിന്തുണ അറിയിക്കുന്നുവെന്നും കാർഷികമേഖയിലെ പ്രതിസന്ധികളിൽ സഭയെന്നും കർഷകർക്കൊ പ്പമാണെന്നും പത്രക്കുറിപ്പിലൂടെ അറിയിക്കാനും തീരുമാനിച്ചു.

ഈ മീറ്റിങിന്റെ പൊതുവികാരം ഇതിൽ പങ്കെടുത്ത വൈദീകർ അതാതു രൂപതകളിലെ മറ്റ് വൈദീകരെ ബോദ്ധ്യപ്പെടുത്തണമെന്ന് മാർ ജോർജ് ഞറളക്കാട്ട് പിതാവ് സമാപന സന്ദേശത്തിൽ ഓർമ്മിപ്പിച്ചു. തുടർന്ന് മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ അബ്രാഹം നെല്ലിക്കൽ എല്ലാ വർക്കും നന്ദി അറിയിക്കുകയും നാലു മണിയോടുകൂടി തലശ്ശേരി അതിരൂ പതാ സംയുക്ത സമിതിയുടെ പ്രഥമ സമ്മേളനം അവസാനിക്കുകയും ചെയ്തു.

# സെമിനാരി വാർത്തകൾ

## 1. സെമിനാരി ടീം - കുട്ടികളുടെ പരിശീലനത്തിന്

നമ്മുടെ ഇടവകകളിൽ കുട്ടികളെ ധ്യാനിപ്പിക്കുന്നതിനും, മോട്ടിവേഷൻ ക്ലാസ്സുകൾ, ഏകദിന, ദ്വിദിന സെമിനാറുകൾ എടുക്കുന്നതിനും സെമിനാരിയിലെ വൈദികരുടെ ടീം സംലഭ്യമാണ് എന്ന കാര്യം അറിയിക്കുന്നു. Contact No. 8547128523

## 2. വൊക്കേഷൻ ബ്യൂറോ മീറ്റിംഗും പ്രവർത്തന വർഷ ഉദ്ഘാടനവും ജൂലൈ 4

2019 അധ്യയനവർഷത്തിലെ വൊക്കേഷൻ ബ്യൂറോ അംഗങ്ങളുടെ ആദ്യത്തെ സമ്മേളനവും, പ്രവർത്തനവർഷ ഉദ്ഘാടനവും ജൂലൈ 4-ാം തീയതി വ്യാഴാഴ്ച 5.30ന് തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു. അഭിവന്ദ്യപിതാവിന്റെ സാന്നിദ്ധ്യത്തിൽ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുക, പുതിയ വൊക്കേഷൻ ബ്യൂറോ അംഗങ്ങളെ സ്വീകരിക്കുക, ലൈഫ് ഗൈഡൻസ് ക്ലാസ്സുകളെക്കുറിച്ച് ചർച്ച ചെയ്യുക, അവധിക്കാലത്തു നടന്ന ക്യാമ്പുകളെ വിലയിരുത്തുക, മൈനർ സെമിനാരിയിലെ പുതിയ കുട്ടികളെ പരിചയപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണ് മീറ്റിംഗിനുള്ളത്. ദൈവവിളി പരിപോഷണ ശുശ്രൂഷ ഈ വർഷവും സജീവമാക്കുവാൻ എല്ലാ അംഗങ്ങളേയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

## 3. ലൈഫ് ഗൈഡൻസ് 2019

നമ്മുടെ കോർപ്പറേറ്റ് സ്കൂളുകളിലെ 10-ാംക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി നടത്തുന്ന ലൈഫ്-ഗൈഡൻസ് പ്രോഗ്രാം ജൂലൈ 20, 27 ആഗസ്റ്റ് 3,10 എന്നീ തീയ്യതികളിൽ നടത്തുവാനാഗ്രഹിക്കുന്നു. ജീവിതലക്ഷ്യം, ജീവിതമര്യാദകൾ, എങ്ങനെ പഠിക്കാം-പരീക്ഷയെഴുതാം, കൗമാര സവിശേഷതകൾ, മാധ്യമങ്ങളുടെ ഉപയോഗം എന്നീ വിഷയങ്ങളാണ് പ്രൊജക്ടിന്റെ സഹായത്തോടെ കുട്ടികളുടെ മുൻപിൽ അവതരിപ്പിക്കുന്നത്. ഇതിന്റെ നടത്തിപ്പിനും വിജയത്തിനുമായി എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ആവശ്യമെങ്കിൽ മറ്റുള്ള മാനേജ്മെന്റ് സ്കൂളുകളിലും ലൈഫ്-ഗൈഡൻസ് പ്രോഗ്രാം ചെയ്തുകൊടുക്കുന്നതാണ്.

### 4. ലൈഫ് ഗൈഡൻസിന് ഒരു മാർഗ്ഗദീപം

ഈ വർഷത്തെ ലൈഫ് ഗൈഡൻസ് ക്ലാസ്സുകൾ കൂടുതൽ ക്രിയാത്മക മായി എടുക്കുന്നതിന് വൊക്കേഷൻ ബ്യൂറോ അംഗങ്ങൾക്കായി ഒരു കോച്ചിംഗ് ക്ലാസ്സ് സംഘടിപ്പിക്കുന്നു. വൊക്കേഷൻ ബ്യൂറോ മീറ്റിംഗിനോടനുബന്ധിച്ച് ജൂലൈ 4-ാം തീയതി വ്യാഴാഴ്ച 6.00pm നാണ് ക്ലാസ്സ്. എല്ലാ വൊക്കേഷൻ ബ്യൂറോ അംഗങ്ങളും ഇതിൽ പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

### 5. പ്ലസ് ടൂവിന് നൂറുമേനി വിജയം

ചരിത്രം ആവർത്തിച്ച് ഈ വർഷവും നമ്മുടെ മൈനർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾ പ്ലസ്ടൂവിന് ഉന്നതവിജയം കരസ്ഥമാക്കി. 25 പേരാണ് ഈ വർഷം പരീക്ഷ എഴുതിയത്. താഴെ കാണുന്നതാണ് കുട്ടികളുടെ റിസൾട്ട്.

90%നു മുകളിൽ - 2 പേർ

80%നു മുകളിൽ - 5 പേർ

70%നു മുകളിൽ - 13 പേർ

60%നു മുകളിൽ - 5 പേർ

### 6. ഒന്നാംവർഷ വൈദിക വിദ്യാർത്ഥികൾക്ക് ഊഷ്മള വരവേൽപ്പ്

നമ്മുടെ മൈനർ സെമിനാരിയിൽ ഈ വർഷം വൈദിക പരിശീലന ത്തിനായി 32 വിദ്യാർത്ഥികൾ എത്തിച്ചേർന്നു എന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ഹൃദ്യമായി സ്വാഗതം ചെയ്തു. ജൂൺ 12 ബുധനാഴ്ചയാണ് കുഞ്ഞനുജന്മാർ സെമിനാരിയിൽ എത്തിയത്. ഇവരിൽ ഒരാൾ ബിരുദധാ രിയും (BBA) 6 പേർ പ്ലസ് ടൂ കഴിഞ്ഞവരും 25 പേർ പത്താംക്ലാസ്സുകാരുമാ ണ്. ദൈവവിളി കണ്ടെത്തി പ്രോത്സാഹിപ്പിച്ച ബഹു. വികാരിയച്ചൻമാർക്കും, കൊച്ചച്ചൻമാർക്കും, മാതാപിതാക്കൾക്കും, സിസ്റ്റേഴ്സിനും, മതാധ്യാപ കർക്കും, വൊക്കേഷൻ ബ്യൂറോ അംഗങ്ങൾക്കും, മാതാപിതാക്കൾക്കും കൃത ജ്ഞതയുടെ കൂപ്പുകൈ. നവാഗതരെ നിങ്ങളുടെ പ്രാർത്ഥനകളിൽ ഓർമ്മി ക്കുമല്ലോ.

### 7. ഒന്നാംവർഷ സെമിനാരിക്കാരുടെ വീട്ടുപേരും പേരും ഇടവകയും

| | |
|---|---|
| 1. അടവനാൽ പോൾസൺ | കിളിയന്തറ |
| 2. അറയ്ക്കപ്പറമ്പിൽ മാർട്ടിൻ | ചട്ടമല |
| 3. കലയത്തിനാംകുഴി ജൂഡ് | കരിക്കോട്ടക്കരി |
| 4. കരോട്ടുകോയിക്കലാട്ട് ജോൺ | കരിക്കോട്ടക്കരി |
| 5. കട്ടൂപാറയിൽ തോമസ് | ജോസ്മൗണ്ട് |
| 6. കൊച്ചുവീട്ടിൽ ജോസഫ് | കൊളക്കാട് |

| | |
|---|---|
| 7. കൊടുവേലിപറമ്പിൽ ഡോണൽ | കാസർഗോഡ് |
| 8. കുടക്കച്ചിറ കുര്യാക്കോസ് | ലിസിഗിരി |
| 9. കുളത്തിങ്കൽ തോമസ് | ദീപഗിരി |
| 10. കുന്നത്തേട്ട് മാർട്ടിൻ | പെരുമ്പടവ് |
| 11. കുന്നേൽ ജോസഫ് | പൊൻമല |
| 12. കുഴുമ്പിൽ വർഗ്ഗീസ് | ജോസ്മൗണ്ട് |
| 13. മടത്തേട്ട് തോമസ് | ഭീമനടി |
| 14. മഠത്തിപ്പുറത്ത് ജോസഫ് | കരിക്കോട്ടക്കരി |
| 15. മഞ്ഞക്കുന്നേൽ ജോസഫ് | പടുപ്പ് |
| 16. മന്നാകുളത്തിൽ കുര്യാക്കോസ് | ഉളിക്കൽ |
| 17. മണ്ണംപ്ലാക്കൽ ചാക്കോ | കരിക്കോട്ടക്കരി |
| 18. മണ്ണൂർ ജോസഫ് | ചുള്ളി |
| 19. മണ്ണൂർ ജോൺ മരിയവിയാനി | അങ്ങാടിക്കടവ് |
| 20. മറ്റത്തിനാനിയ്ക്കൽ മാത്യു | തടിക്കടവ് |
| 21. മുരിയൻകരിയിൽ ജോസഫ് | മുടയരഞ്ഞി |
| 22. നരിക്കുഴി ചാക്കോ | ബിരിക്കുളം |
| 23. നീർപാറമലയിൽ ജോസഫ് | അട്ടേങ്ങാനം |
| 24. നെല്ലോലപൊയ്കയിൽ തോമസ് | അതിരുമാവ് |
| 25. പനച്ചിക്കൽ ലൂക്കോസ് | വെള്ളരിക്കുണ്ട് |
| 26. പാട്ടപതിയിൽ ചാക്കോ | കോടോത്ത് |
| 27. പുറവക്കാട്ട് അമൽജോ | ചെമ്പന്തൊട്ടി |
| 28. പുതനപ്ര ഡോൺ കുര്യൻ | ചെറുപാറ |
| 29. തേവാരിൽ ജോസഫ് | പൊൻമല |
| 30. തോട്ടത്തിൽ ജേക്കബ് | പടുപ്പ് |
| 31. വാളുവെട്ടിക്കൽ ക്രിസ്റ്റോ | കണിച്ചാർ |
| 32. വേങ്ങപ്പള്ളിൽ ഡോൺ ബോസ്കോ | മണിക്കടവ് |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ 8547128523

**ഫാ. ജോർജ് കരോട്ട്**
റെക്ടർ 8304871142

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## ദുക്റാന തിരുനാൾ

"കർത്താവേ നീ എവിടേക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ പക്കലേക്ക് വരുന്നില്ല". സ്വർഗ്ഗത്തിലേക്കുള്ള വഴി കണ്ടെത്തിയവനാണ് മാർ തോമ്മാശ്ലീഹാ. നമുക്കു വിശ്വാസം പകർന്നുതന്ന മാർ തോമ്മാശ്ലീഹായെ അനുകരിച്ച് വിശ്വാസത്തിൽ ആഴപ്പെടുവാനും ജീവിക്കുവാനും പ്രഘോഷിക്കുവാനും മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുവാനും നമുക്കു പരിശ്രമിക്കാം. ദുക്റാനത്തിരുന്നാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

## 1. വിശ്വാസപരിശീലന പ്രവർത്തനവർഷ ഉദ്ഘാടനം

2019-2020 അധ്യയനവർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ മാവുംചാൽ സെന്റ് ജോർജ് ദൈവാലയത്തിൽ വച്ച് ഭദ്രദീപം കൊളുത്തി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു.

## 2. സർവ്വേ ഫോം - 2019

2019-2020 അധ്യയനവർഷത്തെ മതാധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ജൂലൈ 10ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരുമല്ലോ. ഫോം ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗിൽ വിതരണം ചെയ്തതാണ്. കൂടാതെ വെബ്സൈറ്റിലും ലഭ്യമാണ്.

## 3. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 4. എയ്ഞ്ചൽസ് നഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ

സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകവും സി.ഡിയും ഓഫീസിൽ ലഭ്യമാണ്.

## 5. ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ

2018-2019 പ്രവർത്തനവർഷത്തിൽ നടന്ന ഡിപ്ലോമ പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ എല്ലാ ഫൊറോന കേന്ദ്രങ്ങളിലും ജൂൺ 15 ന് എത്തിച്ചിരുന്നു. ഇനിയും സർട്ടിഫിക്കറ്റുകൾ ഫൊറോന കേന്ദ്രത്തിൽ നിന്നും എടുക്കാത്തവർ എത്രയും പെട്ടന്നുതന്നെ എടുത്ത് കുട്ടികൾക്ക് നല്കേണ്ടതാണ്. സർട്ടിഫിക്കറ്റ് സംബന്ധമായ എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## 6. അസൈൻമെന്റ് ക്ലാസ് XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മിശ്രവിവാഹത്തെ ബൈബിളിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തുക'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം.

## 7. XII -ാം ക്ലാസ്സിലെ കുട്ടികൾക്കുള്ള ധ്യാനം

12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ധ്യാനം ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഏതെങ്കിലുമൊരു ഞായറാഴ്ച നടത്തേണ്ടതാണ്. ബഹു. ഫൊറോന വികാരിയച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ധ്യാനത്തിനുള്ള ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി നടത്തുമല്ലോ.

## 8. ആസ്പെക്ട് റിസൾട്ട്

2018-2019 പ്രവർത്തന വർഷത്തെ ആസ്പെക്ട് പരീക്ഷയുടെ റിസൾട്ട് ഓഗസ്റ്റ് മാസത്തെ ഗിരിദീപത്തിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. സമ്മാനങ്ങൾ നവംബർ 9 ന് ചെമ്പേരിയിൽ നടക്കുന്ന വിശ്വാസപരിശീലകരുടെ അതിരൂപതാ കൂട്ടായ്മയിൽവെച്ച് വിതരണം ചെയ്യുന്നതാണ്. സർട്ടിഫിക്കറ്റുകൾ ഈ വർഷത്തെ ഓണപരീക്ഷയുടെ ചോദ്യപേപ്പറുകൾക്കൊപ്പം ലഭിക്കുന്നതായിരിക്കും.

## 9. ആസ്പെക്ട് 2019-2020

2019-2020 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന

കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **വിശ്വാസവഴിയിലെ സംശയങ്ങൾ** എന്ന പുസ്തകമാണ്. 304 പേജുകളുള്ള ഈ പുസ്തകത്തിന് 100 രൂപയാണ് വിലയായി നല്കേണ്ടത്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. ജൂലൈ മാസത്തിൽ പുസ്തകങ്ങൾ ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കുന്നതാണ്.

## 10. ഏകദിന സെമിനാർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ അടുത്തമാസം മുതൽ ആരംഭിക്കുന്നതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. ഓണപരീക്ഷയ്ക്ക് മുൻപായി എല്ലാ ഫൊറോനകളിലും സെമിനാർ നടത്തുന്നതാണ്. സെമിനാർ നയിക്കുന്ന ടീം അംഗങ്ങൾ ആരെന്ന് ഓഫീസിൽ നിന്നും അറിയിക്കുന്നതായിരിക്കും. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## 11. ആമുഖസെമിനാർ ജൂലൈ 12-15

വിശ്വസപരിശീലകർക്കായി ജൂലൈ 12 മുതൽ 15 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ ജൂലൈ മാസം 12-ാം തീയതി വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 15-ാം തീയതി തിങ്കളാഴ്ച്ച ഉച്ചയ്ക്ക് 11 മണിക്ക് അവസാനിക്കുന്നതാണ്. ഫീസ് 1000 രൂപയായിരിക്കും സെമിനാറിൽ പങ്കെടുക്കുന്നവരുടെ എണ്ണം ജൂലൈ 3ന് മുമ്പായി ഓഫീസിൽ അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ 60-ൽ കുറവാണെങ്കിൽ സെമിനാർ നടത്തുന്നതല്ല.

## 12. ദൈവശാസ്ത്ര കോഴ്സ്

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നു കൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്ര കോഴ്സ്. 2019-20 അധ്യയനവർഷത്തിൽ 60 വയസ്സിൽ താഴെയുള്ള എല്ലാ മതാധ്യാപകരെയും ദൈവശാസ്ത്രപഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺമാസം മുതൽ ആരംഭിച്ചു. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

## 13. മതബോധന കൗൺസിൽ/പി.ടി.എ.

പി.ടി.എ അംഗങ്ങൾക്കുള്ള അതിരൂപതാതല ക്ലാസുകൾ റീജിയണൽ തലത്തിൽ ഓഗസ്റ്റ് മാസത്തിൽ നടത്തുന്നതാണ്. അതിനുമുൻപായി എല്ലാ ഇടവകകളിലും കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചു ചേർത്ത് ക്ലാസ് കൊടുക്കേണ്ടതും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

## 14. അതിരൂപതാ സന്ദർശകരുടെ സമ്മേളനം ജൂലൈ 6

അതിരൂപതാ സന്ദർശകരുടെ പ്രഥമസമ്മേളനം ജൂലൈ 6ന് ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ സന്ദേശഭവനിൽവച്ച് നടത്തുന്നു. എല്ലാവരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ. പുതിയതായി തിരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ ഫൊറോന പ്രസിഡന്റുമാർ ഓഫീസിൽ അറിയിക്കുമല്ലോ.

## 15. ഓർമ്മിക്കേണ്ട തീയതികൾ

2019-2020 അധ്യായനവർഷത്തിലെ പ്രധാനപ്പെട്ട തീയതികൾ. **ഓണ പരീക്ഷ:** സെപ്റ്റംബർ 01, **ക്രിസ്മസ് പരീക്ഷ:** ഡിസംബർ 8, **ഡിപ്ലോമ പരീക്ഷ:** ജനുവരി 26, **വിശ്വാസോത്സവം:** മാർച്ച് 31 - ഏപ്രിൽ 4, **ഈസ്റ്റർ പരീക്ഷ:** ഏപ്രിൽ 06, **മതാധ്യാപക ദിനം:** നവംബർ 04.

## 16. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

## 17. ശ്രദ്ധിക്കുക

പുതിയ ഹെഡ്മാസ്റ്റർമാരെ നിയമിക്കുമ്പോൾ അവരുടെ വിലാസവും മറ്റുവിവരങ്ങളും ബന്ധപ്പെട്ടവർ രേഖാമൂലം ഓഫീസിൽ അറിയിക്കേണ്ടതാണ്.

## 18. പുസ്തക വിതരണം

പുസ്തകങ്ങളും മറ്റ് സാധനങ്ങളും വിതരണം ചെയ്തപ്പോൾ കൂടുതൽ ലഭിച്ചവർ ദയവായി എത്രയും വേഗം ഓഫീസിൽ തിരിച്ച് ഏല്പിക്കുമല്ലോ. അവ ലഭിക്കാത്ത സൺഡേ സ്കൂളുകളിൽ കൊടുക്കുവാൻ സാധിക്കും.

## 19. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechismthalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ,

admission form, Transfer certificate, ഡിപ്ലോമ, മുൻകാലപരീക്ഷകളുടെ ചോദ്യ പേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരു വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. ബഹു. അച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപകരെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ.

## 20. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

## 21. WhatsApp Group

തലശ്ശേരി അതിരൂപതയിലെ ഫൊറോന പ്രസിഡന്റുമാർക്കും, ഫൊറോനകളിലെ പ്രധാനാധ്യാപകർക്കും വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അറിയിക്കുമല്ലോ. ഇടവകയിൽ നിങ്ങൾ ചെയ്യുന്ന വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ഈ ഗ്രൂപ്പിൽ പങ്കുവയ്ക്കാവൂ.

## 22. സ്മാർട്ട് കാറ്റക്കിസം വെബ് പോർട്ടൽ

വിശ്വാസപരിശീലന ക്ലാസുകളും പാഠ്യപദ്ധതിയും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടുതൽ ആകർഷകവും ഫലപ്രദമാക്കുന്നതിനായി സ്മാർട്ട് കാറ്റക്കിസം പദ്ധതിയും വെബ് പോർട്ടലും സീറോ മലബാർ വിശ്വാസ പരിശീലന കമ്മീഷൻ ആരംഭിച്ചിരിക്കുന്നു. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾ, പഠനസഹായികൾ, പവർ പോയിന്റ് പ്രസന്റേഷൻ, അനുബന്ധ പ്രവർത്തനങ്ങൾ etc. എന്നിവയുടെ ഡിജിറ്റൽ പതിപ്പുകൾ ഇനി www.smsmartcatechism.org എന്ന വെബ് പോർട്ടലിലൂടെ ലഭിക്കും. വിശദവിവരങ്ങൾ ഡിസംബർ മാസത്തെ ഗിരിദീപത്തിൽ ലഭ്യമാണ്.

## 23. സ്മാർട്ട് കാറ്റക്കിസം മൊബൈൽ ആപ്പ്

വിശ്വാസപരിശീലന ക്ലാസ്സുകൾ നവീനവും ആകർഷകവുമാക്കുവാൻ സീറോമലബാർ സഭയുടെ വിശ്വാസപരിശീലനകമ്മീഷൻ പുതിയ മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്ക്കരിച്ചു. ഒന്നാം ക്ലാസ് മുതൽ

പന്ത്രണ്ടാം ക്ലാസു വരെയുള്ള പാഠഭാഗങ്ങൾ, പഠനസഹായികൾ, അനുബന്ധപ്രവർത്തനങ്ങളുടെ ഡിജിറ്റൽ പതിപ്പുകൾ എന്നിവ മൊബൈൽ ആപ്ലിക്കേഷനിലൂടെ ലഭിക്കും. വിശ്വാസപരിശീലനക്ലാസ്സുകളിൽ പഠനഭാഗങ്ങളോടനുബന്ധിച്ചു പരിചയപ്പെടുത്താവുന്ന അനുദിന വിശുദ്ധർ, പ്രചോദനാത്മക കഥകൾ, ഹ്രസ്വചിത്രങ്ങൾ, ആക്ഷൻ സോംഗുകൾ, ഡോക്യുമെന്ററികൾ എന്നിവയും ആപ്ലിക്കേഷനിലുണ്ടാകും. ഓരോ പാഠങ്ങളെയും ആധാരമാക്കിയുള്ള ക്ലാസിന്റെ ഓഡിയോ വേർഷൻ, ഉള്ളടക്കത്തിന്റെ പശ്ചാത്തലം, പവർപോയിന്റ് പ്രസന്റേഷൻ എന്നിവയും ആപ്ലിക്കേഷനിൽ ലഭ്യമാണ്.

മൊബൈൽ ആപ്ലിക്കേഷനിലെ പാഠഭാഗങ്ങളും പഠനസഹായികളും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. സ്മാർട്ട് ഫോണുകളിലെ പ്ലേസ്റ്റോറിൽ നിന്ന് സ്മാർട്ട് കാറ്റക്കിസം എന്ന പേരിൽ സൗജന്യമായി മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യാം. ആൻഡ്രോയിഡിലും ഐഫോണിലും ഇത് ലഭ്യമാണ്.

## 24. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റി യാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കു ന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന ഭാരവാഹികളുടെ കാലാവധി മൂന്നു വർഷമാണ്. ഇനിയും ഫൊറോനകമ്മിറ്റി കൂടാത്തവർ എത്രയും പെട്ടന്നുതന്നെ ഫൊറോനകമ്മിറ്റി കൂടുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ ലിസ്റ്റും ഫൊറോനാ വിസിറ്ററുടെ പേരും ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 25. ഡിസിഎൽ IQ ചലഞ്ച് പരീക്ഷ

'നാം ഒരു കുടുംബം' എന്ന വിശ്വമാനവിക മുദ്രാവാക്യവുമായി ജാതി-മത- രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ വിദ്യാർഥികളെയും ഒന്നി പ്പിച്ച് അവരുടെ സമഗ്ര വ്യക്തിത്വവികസനത്തിനായി പരിശീലനം നൽകുന്ന ഏഷ്യയിലെതന്നെ ഏറ്റവും വലിയ ബാലസംഘടനയാണ് ദീപിക ബാലസ ഖ്യം അഥവാ ഡിസിഎൽ. കുട്ടികളുടെ ബുദ്ധിവികസനവും പൊതുവിജ്ഞാ നവും വ്യക്തിത്വ വികസനവും ലക്ഷ്യമാക്കി ദീപിക ബാലസഖ്യം എല്ലാ വർഷവും ഐക്യു സ്കോളർഷിപ്പ് പരീക്ഷ സംഘടിപ്പിച്ചുവന്നിരുന്നു. എന്നാൽ, കഴിഞ്ഞ വർഷം മുതൽ, കുട്ടികളിൽനിന്നു സ്കൂളുകൾ വഴി പണം പിരിക്കുന്നു എന്ന് ചൂണ്ടിക്കാട്ടി, സ്കൂളുകളിൽ നടന്നുവന്നിരുന്ന എല്ലാ സ്വകാര്യ സ്കോളർഷിപ്പ് പരീക്ഷകളും കേരളസർക്കാർ നിരോധിക്കുകയു ണ്ടായി. നമ്മുടെ കുട്ടികൾക്ക് അവരുടെ പൊതുവിജ്ഞാനവും അറിവും വർധിപ്പിക്കുന്നതിനുള്ള ഒരു അവസരമാണ് ഇതിലൂടെ നഷ്ടപ്പെട്ടത്. അതി

നാൽ, നമ്മുടെ സൺഡേ സ്കൂൾ കേന്ദ്രീകരിച്ച് ഈ പരീക്ഷ നടത്താൻ അനുമതിയും സഹായവും നല്കുമല്ലോ. വിശ്വാസപരിശീലനം ക്ലാസുകളെയും സൺഡേസ്കൂൾ പ്രവർത്തനങ്ങളെയും ബാധിക്കാതെ ഡിസിഎൽ പരീക്ഷ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഈ വർഷം മുതൽ നമ്മുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസരംഗത്തെ മത്സര പരീക്ഷകൾ എഴുതുന്നതിനു പരിശീലനം നല്കുക എന്ന ലക്ഷ്യത്തോടെ, ഏഴാംക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് കംപ്യൂട്ടർ ബേസ്ഡ് ഓൺലൈൻ പരീക്ഷയാണു നടത്തുന്നത്. എൽ.കെ.ജി മുതൽ ആറാംക്ലാസ് വരെ മൾട്ടിപ്പിൾ ചോയ്സ് ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളും ഒ.എം.ആർ. ഉത്തരക്കടലാസും.കൂടാതെ പരീക്ഷയിൽ വിജയിക്കുന്നവർക്ക് പോളണ്ടിലെ AGH യൂണിവേഴ്സിറ്റി ഫാക്കൽറ്റിയുടെ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സീനിയർ വിഭാഗത്തിലെ വിജയികൾക്കു പോർച്ചുഗലിലെ അവെയ്റോ യൂണിവേഴ്സിറ്റി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സയൻസ് കോൺഫറൻസിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും. അവിടെവച്ച് അവർക്കുള്ള സമ്മാനങ്ങളും നല്കുന്നതാണ്.

**2019 ഒക്ടോബർ12-ന് എഴുത്തു പരീക്ഷയും ക്രിസ്തുമസ് അവധിക്കാലത്ത് ഓൺലൈൻ പരീക്ഷയും** നടത്തും. **പരീക്ഷാഫലം ജനുവരി രണ്ടാംവാരം നല്കും.** എൽകെജി മുതൽ പ്ലസ്ടു വരെയുള്ള പരീക്ഷയിൽ ജാതി-മത വ്യത്യാസമില്ലാതെ എല്ലാ കുട്ടികൾക്കും ചേരാവുന്നതാണ്. **പരീക്ഷാഫീസ് എൽകെജി മുതൽ ആറുവരെ 150 രൂപയും ആറാംക്ലാസ് മുതൽ പ്ലസ് ടു വരെ (ഓൺലൈൻ പരീക്ഷ നടത്തുന്നതിനാൽ) 300 രൂപയുമാണ്.**

**26. നന്ദി:** ജൂൺ 7 വെള്ളിയാഴ്ച്ച വൈകുന്നേരം 6.00 മണിക്ക് സന്ദേശഭവനിൽവച്ച് ആരംഭിച്ച ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടർ റവ. ഫാ. മാത്യു ആശാരിപറമ്പിൽ മൂല്യാധിഷ്ഠിത വിശ്വാസപരിശീലനം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു.

ജൂൺ 8-ന് രാവിലെ 11.00 മണിക്ക് ആരംഭിച്ച പൊതുസമ്മേളനം മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപത വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ, വിശ്വാസപരിശീലന കേന്ദ്ര അസി. ഡയറക്ടർ റവ. ഫാ. ജോസഫ് വേങ്ങക്കുന്നേൽ, റവ. സി. ടെർസിറ്റ എൻ. എസ്, ശ്രീ. ജോൺസൺ തയ്യിൽ, ശ്രീ. അബ്രഹാം വലിയമറ്റം, ശ്രീ. മാത്യു വെടിക്കുന്നേൽ, കുമാരി മിഥില

കുന്നപ്പള്ളിൽ എന്നിവർ പ്രസംഗിച്ചു. വിശ്വാസ പരിശീലനകേന്ദ്രം അതിരൂപതാ ഡയറക്ടർ റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ സ്വാഗതവും ശ്രീ. ജോമേഷ് കൊല്ലക്കൊമ്പിൽ നന്ദിയും പറഞ്ഞു. 270 വിശ്വാസപരിശീലകരും സമ്മാനാർഹരായ കുട്ടികളും മാതാപിതാക്കളും അടക്കം മുന്നൂറ്റി അൻപതോളം പേർ സമ്മേളനത്തിൽ പങ്കെടുത്തു.

## 27. അഭിനന്ദനങ്ങൾ

പന്ത്രണ്ടു വർഷവും എല്ലാ ഞായറാഴ്ച്ചകളിലും വിശ്വാസപരിശീലന ക്ലാസുകളിൽ ഹാജരായി പഠനം പൂർത്തിയാക്കിയ അലൻ പുതിയാകുളങ്ങര (കല്ലുവയൽ), ഏയ്ഞ്ചൽ മരിയ ചിറ്റവേലിൽ (വട്ട്യറ), റോസ് മേരി നെല്ലിപ്പള്ളി (കുന്നോത്ത്), മരിയ അറയ്ക്കൽ (മാങ്ങോട്), ക്രിസ്റ്റീന പറേടം (പടുപ്പ്), കുര്യാക്കോസ് കല്ലറയ്ക്കൽ (എള്ളുകൊച്ചി), ആൻട്രീസ തകിടിയേൽ (പെരുമ്പടവ്), ആദർശ് അമ്പഴത്തിനാൽ (കൊന്നക്കാട്), മരിയ മണ്ണാറത്തറ (തളിപ്പറമ്പ), റോസ് മേരി ഉള്ളാഹയിൽ (ചെട്ടിയാംപറമ്പ), എലിസബത്ത് ഐക്കരകാനായിൽ (കാസർകോഡ്), മരിയ തടത്തുവിള (കാസർകോഡ്), കാതറിൻ കൊടിയംകുന്നേൽ (പുറവയൽ), എലിസബത്ത് കട്ടയ്ക്കൽ (വെള്ളാട്), മരിയ കദളിക്കുന്നേൽ (വെളിമാനം), എലിസബത്ത് പൊൻപുഴ (മണ്ടപം), മാർട്ടിൻ അറക്കപറമ്പിൽ (ചട്ടമല), അന്നമ്മ തടത്തിപുരയിടത്തിൽ (തോമാപുരം), ബ്രിജിത്ത് മാത്യു പെരുമ്പള്ളിൽ (പാടിയോട്ടുചാൽ) എന്നീ കുട്ടികളെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽവച്ച് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നല്കി ആദരിച്ചു. സമ്മാനർഹരായവർക്കും അവരുടെ മാതാപിതാക്കൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ.

## 28. അധ്യാപകർക്ക് അഭിനന്ദനങ്ങൾ

പന്ത്രണ്ടു വർഷവും മുടങ്ങാതെ എല്ലാ ഞായറാഴ്ച്ചകളിലും വിശ്വാസം പരിശീലിപ്പിച്ച ശ്രീ. തോമസ് അറയ്ക്കൽ (ഇരിട്ടി), ശ്രീ. ജോസഫ് കുര്യാലപ്പുഴ (ചീക്കാട്), ശ്രീ. സ്കറിയ വലിയമറ്റം (കല്ലുവയൽ), ശ്രീ. പീയുസ് പറേടം (പടുപ്പ്), ശ്രീമതി സിസി റോയ് കരുമാന്തടത്തിൽ (വരക്കാട്) എന്നീ അധ്യാപകർക്ക് ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽവച്ച് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സർട്ടിഫിക്കറ്റും മെമെന്റോയും നല്കി ആദരിച്ചു. മാതൃകാപരമായ ശുശ്രൂഷ ചെയ്ത അധ്യാപകർക്ക് നന്ദിയും അഭിനന്ദനങ്ങളും.

## 29. ജൂബിലി ആഘോഷിക്കുന്നവർ

മതാധ്യാപന രംഗത്ത് 50, 25 വർഷം പൂർത്തിയാക്കിയവരെയും മതാധ്യാപന രംഗത്തുനിന്ന് വിരമിച്ചവരെയും ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ അഭിവന്ദ്യ പിതാവ് ആദരിച്ചു. സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച

അധ്യാപകർക്ക് അതിരൂപതാ വിശ്വാസപരിശീലനകുടുംബത്തിന്റെ അഭിന ന്ദനങ്ങളും പ്രാർത്ഥനകളും ആശംസിക്കുന്നു.

## സുവർണ്ണ ജൂബിലി

ശ്രീ. ജോസഫ് ആട്ടപ്പാട്ട് (പുലിക്കുരുമ്പ), റവ. സി. റോസ് ജോർജ് എസ്.എച്ച്. (പുലിക്കുരുമ്പ), റവ. സി. സിബിയ എസ്.എച്ച്. (പുലിക്കുരുമ്പ), റവ. സി. എൽസിറ്റ എസ്.എ.ബി.എസ്. (ആനപ്പന്തി), റവ. സി. മാർഗരറ്റ് എഫ്.സി.സി. (പെർള), മിസ്സ് മേരി ചാലിൽ (രത്നഗിരി).

## രജതജൂബിലി

ശ്രീ. അബ്രാഹം വലിയമറ്റം (ഇരിട്ടി), ശ്രീ. ജോൺസൺ പൊട്ടയ്ക്കൽ (പേരാവൂർ), ശ്രീ. സജി വള്ളോപ്പിള്ളി (ചട്ടമല), ശ്രീ. ബിജു ജെയിംസ് കുപ്പോഴയ്ക്കൽ (ഒറ്റത്തൈ), ശ്രീ. വിൽസൺ കന്നുകെട്ടിയേൽ (പൈസക്കരി), ശ്രീ. മാത്യു പുളിക്കൽ (പൈസക്കരി), ശ്രീ. ജോസ് പടിഞ്ഞാ റേടത്ത് (വെള്ളരിയാനം), ശ്രീ. വർഗീസ് ചക്യാരത്ത് (കണ്ണിവയൽ), ശ്രീ. ആന്റണി നിരപ്പേൽ (മാലോം), ശ്രീ. മൈക്കിൾ തടത്തിമാക്കൽ (വട്ടിയറ), ശ്രീ. ജോസ് കെ.ജെ. കുഴിവേലിൽ (മുള്ളേരിയ), ശ്രീ. സജി കണ്ടത്തിൽ (ചെമ്പേരി), ശ്രീ. ജോയിച്ചൻ പാറത്താനത്ത് (ചെമ്പേരി), ശ്രീ. മാണി കണിയാരോലിക്കൽ (ദീപഗിരി), ശ്രീ. ജോസഫ് പാതാലിപ്ലാവിൽ (പരിയാരം), ശ്രീ. ജോർജ് കോതകുളം (പടുപ്പ്), ശ്രീ. ജോസഫ് താന്നിമൂട്ടിൽ (കാര്യപ്പള്ളി), ശ്രീ. സജി കാക്കനാട്ട് (അരീക്കമല), ശ്രീ. ഷിബു കാക്കനാട്ട് (അരീക്കമല), ശ്രീ. പോൾ പായിക്കാട്ട് (ഇരിട്ടി), ശ്രീ. അഗസ്റ്റിൻ കൊച്ചുചെറുനിലത്ത് (നെല്ലിക്കുറ്റി), ശ്രീ. ജോണി തോമസ് വടക്കേക്കര (പേരാവൂർ), റവ. സി. പുഷ്പ സി.എം.സി. (ഇരിട്ടി), റവ. സി. ആൻദീപ സി.എം.സി. (വട്ട്യറ), റവ. സി. ലിസ തയ്യിൽ എസ്.എച്ച്. (പേരാവൂർ), ശ്രീമതി സിസി ജോണി വടക്കേക്കര (പേരാവൂർ), ശ്രീമതി ലൈസമ്മ മംഗലത്തുകരോട്ട് (മണിക്കടവ്), ശ്രീമതി ഡെയ്സി പുത്തൂർ (രണ്ടാംകടവ്), ശ്രീമതി അന്നമ്മ ചെത്തിപ്പുഴ (ചെറുപാറ), ശ്രീമതി സോബി മുഞ്ഞനാട്ട് (മഞ്ഞളാംപുറം), ശ്രീ. വർഗീസ് വള്ളോംതടത്തിൽ (മുളപ്ര), ശ്രീ. ജോണി തേക്കനാടിയിൽ (എടപ്പുഴ), ശ്രീ. ബിനോയ് ജോസഫ് കൈതയ്ക്കൽ (പൂപ്പറമ്പ), ശ്രീമതി ഏലിക്കുട്ടി കാണ്ടാവനത്തിൽ (ഓടംതോട്), ശ്രീമതി ആഷ്‌ലി അറയ്ക്കപറമ്പിൽ (ചട്ടമല), ശ്രീമതി കുസുമം ജോസ് കൊന്നയിൽ (ബേഡൂർ), ശ്രീ. ജോണി പി. ജെ. പാറത്താനത്ത് (തോമാപുരം).

## വിരമിക്കുന്നവർ

ശ്രീ. ജോസ് കാരിയ്ക്കകുന്നേൽ (വെള്ളരിയാനം), ശ്രീമതി സെലിൻ മാനാംപുറത്ത് (തളിപ്പറമ്പ), ശ്രീമതി റോസമ്മ കരുമാനപ്പള്ളിൽ

(മുത്താറിക്കുളം), ശ്രീ. തോമസ് കുരിശുംമൂട്ടിൽ (കണ്ണൂർ), ശ്രീ. ആന്റണി അത്താഴപ്പാടം (വെള്ളരിക്കുണ്ട്), ശ്രീ. ജേക്കബ് കുന്നത്ത് (കരയത്തുംചാൽ), ശ്രീ. ബേബി കളപ്പുരയ്ക്കൽ (കരയത്തുംചാൽ), ശ്രീമതി ഏലമ്മ എലവുങ്കൽ (കരയത്തുംചാൽ), ശ്രീ. പോൾ മാടപ്പാട്ട് (കോളയാട്), ശ്രീ. ഫ്രാൻസിസ് കളപ്പുരയ്ക്കൽ (ഉദയഗിരി), റവ. സി. എൽസിറ്റ എസ്.എ.ബി.എസ്. (ആനപ്പന്തി), ശ്രീ. ജോർജ് അമ്പാട്ട് (കൊളക്കാട്), ശ്രീ. തോമസ് ചെറുശ്ശേരിൽ (പുലിക്കുരുമ്പ), ശ്രീ. ജെയിംസ് മൂങ്ങാമാക്കൽ (ചെറുപുഴ), ശ്രീ. മാത്യു വെടിക്കുന്നേൽ (മണിക്കടവ്), ശ്രീ. ജേക്കബ് ചിറത്തലയാട്ട് (മുണ്ടാനൂർ), ശ്രീ. ജോസഫ് ആട്ടപ്പാട്ട് (പുലിക്കുരുമ്പ), റവ. സി. റോസ് ജോർജ് എസ്.എച്ച്. (പുലിക്കുരുമ്പ), റവ. സി. സിബിയ എസ്.എച്ച്. (പുലിക്കുരുമ്പ), ശ്രീമതി ലീലാമ്മ മുരിക്കനാനിക്കൽ (പാടിയോട്ടുചാൽ), ശ്രീ. അബ്രഹാം മാളക്കാരൻ (ചെമ്പന്തൊട്ടി), ശ്രീ. മാത്യു പുല്ലാട്ട് (ചെമ്പന്തൊട്ടി).

## 30. എൻഡോവ്മെന്റുകൾ

കഴിഞ്ഞ അധ്യയന വർഷത്തിൽ വിജയികളായ അധ്യാപകർക്കും കുട്ടികൾക്കുമായി സൺഡേസ്കൂൾ തലത്തിൽ വിതരണം ചെയ്ത വിവിധ എൻഡോവ്മെന്റുകൾ താഴെകൊടുക്കുന്നു.

1. ആർച്ച്ബിഷപ്പ് മാർ ജോർജ് വലിയമറ്റം എപ്പിസ്കോപ്പൽ രജതജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ് (16 ഫൊറോനകളിലെ ഒന്നാം സ്ഥാനങ്ങൾ).
2. റവ. ഫാ. തോമസ് മണ്ണൂരാംപറമ്പിൽ പൗരോഹിത്യ രജതജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ് (സഭാവിജ്ഞാനീയ ക്വിസ് 1,2,3 റാങ്കുകൾ).
3. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എപ്പിസ്കോപ്പൽ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ് (ക്ലാസ് 12, ഒന്നാം റാങ്ക്).
4. ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ് (ക്ലാസ് 12 രണ്ട്, മൂന്ന് റാങ്കുകൾ, 16 ഫൊറോനകളിലെ ഒന്നാം സ്ഥാനങ്ങൾ).
5. കൂറ്റാരപ്പള്ളി ശ്രീ. പോത്തൻ ജോസഫ്, അന്നമ്മ ജോസഫ് മെമ്മോറിയൽ എൻഡോവ്മെന്റ് (ക്ലാസ് 10 ഒന്നാം റാങ്ക് ആൺകുട്ടി, പെൺകുട്ടി).
6. ശ്രീ. ജോസഫ് ഇരുപ്പക്കാട്ട് മെമ്മോറിയൽ എൻഡോവ്മെന്റ് (ക്ലാസ് 10 രണ്ട്, മൂന്ന് റാങ്കുകൾ, 16 ഫൊറോനകളിലെ ഒന്നാം സ്ഥാനങ്ങൾ).
7. ചിറമേൽ ജേക്കബ് മറിയം എൻഡോവ്മെന്റ് (ക്ലാസ് 7, ഒന്നാം റാങ്ക്)

8. റവ. ബ്രദർ മാത്യു കാവുങ്കൽ എൻഡോവ്മെന്റ് (ഉപരിപഠനാർത്ഥം 20 കുട്ടികൾക്ക്)

9. റവ. ഡോ. ജോസ് ജേക്കബ് പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ് (ക്ലാസ് 11, 12 ഒന്നാം റാങ്ക്)

**31. ദിയാകോണിയ കർമ്മപദ്ധതി**

ജൂലൈ മാസത്തിൽ ജലസംരക്ഷണത്തിന് നാം പ്രത്യേക ഊന്നൽ നൽകുകയാണ്. താഴെകൊടുത്തിരിക്കുന്ന രണ്ട് കർമ്മപദ്ധതികൾ എല്ലാവരും നടപ്പിൽ വരുത്തണേ...

1) ജലസംരക്ഷണ സ്റ്റിക്കറുകൾ പൊതുസ്ഥലങ്ങളിൽ കുട്ടികൾ മുഖേന പതിപ്പിക്കുക.
2) മാതാപിതാക്കന്മാരുടെ സഹായത്തോടെ ഒരു കുട്ടി ഒരു മഴക്കുഴി വീതം നിർമ്മിക്കുക.

**31. ഡയറക്ടറച്ചൻമാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ മുണ്ടാനൂർ, കരിക്കോട്ടക്കരി, എണ്ണപ്പാറ, വിളമന, പെരുമ്പുന്ന, മേൽമുരിങ്ങോടി എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ കൊളക്കാട്, തടിക്കടവ്, കണിച്ചാർ, പടിമരുത്, ആയന്നൂർ എന്നീ ഇടവക കളിലും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

**കുടുംബ കൂട്ടായ്മയുടെ ഓഫീസിൽ നിന്നും ആശംസകൾ!**

പ്രിയ ബഹുമാനപ്പെട്ട അച്ചാ, സുഹൃത്തുക്കളെ,

ഡിസംബർ 1 ന് അതിരൂപതയിൽ ഔദ്യോഗികമായി തുടക്കം കുറിച്ച കുടുംബ കൂട്ടായ്മകൾ പ്രവർത്തനത്തിന്റെ ആറ് മാസങ്ങൾ പിന്നിടുകയാണ്. 2019 മാർച്ച് 19 മുതൽ ഒരു വർഷത്തേക്ക് കുടുംബ കൂട്ടായ്മ വർഷമായി നാം ആചരിക്കുന്നു. ഇതുവരെയുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്യുന്നതിനായി ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി മുഴുവൻ ഇടവകകളും സന്ദർശിക്കുവാൻ ആഗ്രഹിക്കുന്നു. ഫൊറോന തലത്തിൽ ഫ്രൂട്ട്സ് കൺവെൻഷനുകളും സോണൽ തലത്തിൽ പത്രോസ് സമ്മേളനങ്ങളും നടത്തി ഭാരവാഹികളെ സജ്ജമാക്കിയിരുന്നു. ഓരോ ഇടവകയിലെയും ഓരോ യൂണിറ്റുകളിലെയും പ്രവർത്തനങ്ങളെ വിലയിരുത്തുവാനും പ്രോത്സാഹിപ്പിക്കുവാനും റിപ്പോർട്ട് പരിശോധിക്കുവാനുമാണ് ഇടവക സന്ദർശനമെന്ന തീവ്രയജ്ഞം പ്ലാൻ ചെയ്യുന്നത്. രണ്ട് മണിക്കൂർ സമയം കുടുംബ കൂട്ടായ്മ ഭാരവാഹികളുടെ കൂടെ ചിലവഴിക്കുന്നതാണ്. ഭാരവാഹികളുടെ അഭിപ്രായം കേൾക്കുവാനും സംശയങ്ങൾ ദൂരീകരിക്കുവാനും ഒന്നിച്ച് പ്രാർത്ഥിക്കുവാനും സമയം ഒരുക്കുന്നതാണ്. അതിനാൽ ഇടവകയിലെ കുടുംബ കൂട്ടായ്മകളുടെ മുഴുവൻ ഭാരവാഹികളെയും അച്ചൻ നിശ്ചിത ദിവസം വിളിച്ച് ചേർത്ത് തരണം.

1. പങ്കെടുക്കുന്നവർ - വികാരിയച്ചൻ, സിസ്റ്റർ ആനിമേറ്റർ, കോർഡിനേറ്റർ, കൈക്കാരന്മാർ, കുടുംബ കൂട്ടായ്മ ഭാരവാഹികൾ (5 പേരും).
2. ലീഡർ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ട് എഴുതി അവതരിപ്പിക്കണം.
3. സെക്രട്ടറി ഹാജർ - റിപ്പോർട്ട് ബുക്ക് കൊണ്ടുവരണം(പരിശോധിക്കുന്നതാണ്).
4. വികാരിയച്ചന്റെ അധ്യക്ഷതയിൽ യോഗം - കോർഡിനേറ്റർ സ്വാഗതം പറയണം, ഓരോ യൂണിറ്റ് ലീഡർമാരും റിപ്പോർട്ട് അവതരിപ്പിക്കണം - ചർച്ചകളും പങ്കുവയ്ക്കലും, റിപ്പോർട്ടുകൾ പരിശോധന, അരമണിക്കൂർ ആരാധന, തുടർന്ന ചായ. നിശ്ചിത സമയത്തുതന്നെ തുടങ്ങുന്നതും അവസാനിപ്പിക്കുന്നതുമാണ്. മുഴുവൻ ഭാരവാഹികളും നിർബന്ധമായും പങ്കെടുക്കുവാൻ അച്ചൻ താല്പര്യം കാണിക്കണം.

## ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തട്ടെ

1. എ.കെ.സി.സി ഭാരവാഹികളെയും കൂട്ടായ്മയിൽ തിരഞ്ഞെടുക്കപ്പെട്ട എ.കെ.സി.സി, ഡി.എഫ്.സി പ്രതിനിധികളെയും അന്ന് ഞാൻ കാണുന്നതായിരിക്കും. അവരും യോഗത്തിൽ ഉണ്ടായിരിക്കുന്നത് നല്ലതാണ്.

2. ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തിൽ, രാജ്യസുരക്ഷക്കുവേണ്ടി അധ്വാനിച്ച മുഴുവൻ സൈനികരെയും അതിരൂപതാ തലത്തിൽ ഒന്നിച്ചു ചേർത്ത് ആദരിക്കുവാൻ ആഗ്രഹിക്കുകയാണ്. അതിനാൽ സൈനികരുടെ (വിരമിച്ച) അഡ്രസും ഫോൺ നമ്പറും സംഘടിപ്പിച്ചുതരണം. ഓരോ കൂട്ടായ്മയിൽ നിന്നും കോർഡിനേറ്റർ ഇത് ശേഖരിച്ച് അച്ചന്മാർക്ക് ലഭ്യമാക്കണം. ഇവിടെ നിന്ന് അവർക്ക് നേരിട്ട് ക്ഷണക്കത്ത് അയക്കുന്നതായിരിക്കും.

3. അതിരൂപത പ്രവാസി കൂട്ടായ്മ ഉണ്ടാക്കുന്നതിന്റെ ഭാഗമായി വിദേശത്തുള്ള നമ്മുടെ പ്രവാസികളുടെ ഒരു ഗ്രൂപ്പ് ഉണ്ടാക്കുവാൻ ആഗ്രഹിക്കുന്നു. തലശ്ശേരി അതിരൂപതക്കാരായ പ്രവാസികളുടെ അഡ്രസ്സും ഫോൺ നമ്പറും സംഘടിപ്പിച്ചുതന്നാൽ ഫ്രൂട്ട്സ് പ്രവാസി കൂട്ടായ്മ നമുക്ക് വളർത്തിയെടുക്കാം. അച്ചൻ സഹായിക്കണം. (സാമ്പത്തിക പിരിവിനായിരിക്കുവെന്ന് വിചാരിച്ച് വീട്ടുകാർ മടി കാണിക്കാൻ സാധ്യതയുണ്ട്). നമുക്ക് ആ ലക്ഷ്യമില്ല.

**സെൻട്രൽ കമ്മിറ്റി** (Central Committee of Fruits)

കുടുംബ കൂട്ടായ്മകൾ സജീവമായി നടത്തുവാൻ ചിന്തകളും ആശയങ്ങളും പങ്കുവയ്ക്കുന്നതിന് അതിരൂപതതല ഉപദേശക സമിതി രൂപീകരിച്ചു. താഴെ പറയുന്നവരാണ് സെൻട്രൽ കമ്മിറ്റി അംഗങ്ങൾ.

| | | |
|---|---|---|
| Fr. Mathew Asariparambil | - Director | - 9447 607 101 |
| Dr. M.J. Mathew Mandapathil | - President | - 9447 282 104 |
| Dr. Dominic Pulickal | - Vice President | - 9447 449 390 |
| Mr. George Thayyil | - Secretary | - 9349 599 039 |
| Mr. Jose D.P. Devasathil | - Joint Secretary | - 7558 085 501 |
| Sr. Merlin Jose S.H. | - Animator | - 9400 825 971 |

**Members**

1. Mr.John Kannamkulam, Kasargod - 9497 935 718
2. Mr. Jose Thayyil, Thomapuram - 9447 741 226
3. Dr. Rosy Antony Mukalayil, Nirmalagiri - 9745 364 822
4. Dr. Rosa Ouseph Nalolickal, Iritty - 9495 371 733
5. Mrs. Lisamma Padinjarayil, Nileswar - 9496 708 735
6. Dr. Shijo M. Joseph Manchapally - 9447 447 985

7. Dr. Joselet Thumbeparambil, Kunnoth - 9447 642 437
8. Mr. Baby Nettanani, Paisakary - 9495 971 867
9. Mr. Mani Palackal, Kannur - 9447 953 807
10. Mr. Jaison Attarimakkal Vayattuparamba - 9447 641 927
11. Mr. George Kanattu, Kolayad - 9446 504 407
12. Mr. Aji Joseph Poonthottathil Panathoor - 9446 989 882
13. Emmanuel M. Munjanattu, Chayyoth - 9496 357 714
14. Joy Poovathinkal, Manakadavu - 9446 262 616
15. George Vadakara, Taliparamba - 8547 383 180

## ഫ്രൂട്ട്സ് മോട്ടിവേറ്റിംഗ് വിസിറ്റ് (Fruits Motivating Visit)

ജൂൺ മാസത്തിൽ പൈസക്കരി, ചെമ്പേരി, ചെമ്പൻതൊട്ടി എന്നീ ഫൊറോനകളിൽ കുടുംബ കൂട്ടായ്മ യൂണിറ്റുതല സന്ദർശനം നടത്തി. ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ താഴെ പറയുന്ന വിധത്തിൽ ഇടവകകളിലെ കുടുംബ കൂട്ടായ്മകൾ സന്ദർശിക്കുന്നതാണ്.

### Alakode Forane – FRUITS Motivating Visit

**July 02 Tuesday**

11.00 am - Arivilanjapoil
1.00 pm - Jayagiri
3.00 pm - Mampoil
5.00 pm - Cheekkad

**July 04 Thursday**

10.00 am - Kappimala
12.00noon- Manakadavu
2.00 pm - Karthikapuram
4.00 pm - Udayagiri
6.00 pm - Kuttaparamba

**July 06 Saturday**

11.00 am - Ottathai
1.00 pm - Parappa
3.00 pm - Alakode
5.00 pm - Nellippara

### Cherupuzha Forane

**July 15 Monday**

11.00 am - Tabore
1.00 pm - Josegiri
3.00 pm - Rajagiri
5.00 pm - Kozhichal

**July 16 Tuesday**

10.00 am - Thirumeni
12.00noon- Mulapra
2.00 pm - Padichal
4.00 pm - Ummrapoil
6.00 pm - Aravanchal

**July 17 Wednesday**

11.00am - Choorapadavu
1.00 pm - Pulingome
3.00 pm - Cherupuzha
5.00 pm - Koluvally

**Marygiri Forane**

**July 18 Thursday**

11.00 am - Cherupara
1.00 pm - Peringala
3.00 pm - Kodoppally
5.00 pm - Marygiri

**July 19 Friday**

11.00 am - Rayarome
1.00 pm - Vimalassery
3.00 pm - Perumpadavu
5.00 pm - Edakkom

**July 22 Monday**

1.00 pm - Pachani
3.00 pm - Kariappally
5.00 pm - Vellariyanam

**Taliparamba Forane**

**July 20 Saturday**

11.00 am - Ammamkulam
2.00 pm - Balesugiri
4.00 pm - Pariyaram
6.00 pm - Payyannur

**July 21 Sunday**

11.00 am Taliparamba
2.00 pm - Kannur
4.00 pm - Melechovva
6.00 pm - Thalassery

**Nellickampoil Forane**

**July 25 Thursday**

11.00 am - Kanjirakolly
1.00 pm - Santhinagar
3.00 pm - Manikadavu
5.00 pm - Anara

**July 26 Friday**

11.00 am - Kalanky
1.00 pm - Mattara
3.00 pm - Puravayal
5.00 pm - Ulickal

**July 27 Saturday**

10.00 am - Arabi
12.00noon- Vilamana
2.00 pm - Kalluvayal
4.00 pm - Nellickampoil
6.00 pm - Iritty

**July 28 Sunday**

11.00 am - Thermala
1.00 pm - Mundanoor
3.00 pm - Padiyoor
5.00 pm - Manippara

**Kunnoth Forane**

**July 29 Monday**

10.00 am - Randamkadavu
12.00noon- Vaniyappara
2.00 pm - Charal
4.00 pm - Angadikadavu
6.00 pm - Anapanthi

**July 30 Tuesday**

10.00 am - Palathumkadavu
12.00noon- Kacherikadavu
2.00 pm - Peratta
4.00 pm - Kiliyanthara
6.00 pm - Perinkari

**August 01 Thursday**

11.00 am - Edakkanam

1.00 pm - Madathil

3.00 pm - Modayaranji

5.00 pm - Kunnoth

**Peravooor Forane**

**August 02 Friday**

11.00 am - Chettiyamparamba

1.00 pm - Manjalampuam

3.00 pm - Odenthode

5.00 pm - Kanichar

**August 03 Saturday**

11.00 am - Chengome

1.00 pm - Rajamudy

3.00 pm - Peravoor

5.00 pm - Kolakad

**August 04 Sunday**

11.00 am - Poolakkutty

1.00 pm - Nedumpuranchal

3.00 pm - Kallumuthirakunnu

5.00 pm - Kolayad

**August 05 Monday**

11.00 am - Melmuringody

1.00 pm - Perumpunna

3.00 pm - Edathotty

5.00 pm - Aryaparamba

**Edoor Forane**

**August 06 Tuesday**

10.00 am - Uruppumkutty

12.00noon- Edapuzha

2.00 pm - Karikkottakkary

4.00 pm - Edoor

6.00 pm - Chedikulam

**August 07 Wednesday**

11.00 am - Vattiyara

1.00 pm - Mangode

3.00 pm - Keezhppally

5.00 pm - Velimanam

**Kanhangad Forane**

**August 8 Thursday**

11.00 am - Mulleria

1.00pm - Deelampady

3.00 pm -Badiyadukka

6.00 pm - Hosangady

**August 9 Friday**

11.00 am - Udayapuram

1.00 pm - Kodoth

3.00 pm - Nelliyadukkam

5.00 pm - Padannakkad

**August 10 Saturday**

10.00 am- Kanjiradukkam

12.00noon - Ennappara

2.00 pm - kalichanadukkam

4.00 pm - Chayyoth

6.00 pm - Nileswaram

**August 11 Sunday**

9.30 am - Cheemeni

11.00 am - Peria, Poinachi

3.00 pm - Kasargod

5.30 pm - Kanhangad

**Vellarikund Forane**

**August 12 Monday**

10.00 am - Attakandam

12.00noon - Attenganam

2.00 pm - Parappa

4.00 pm - Birikkulam

6.00 pm - Kalichamaram

**August 13 Tuesday**

11.00 am - Konnakkad

1.00 pm - Dharkas

3.00 pm - Malom

5.00 pm - Paramba

**August 16 Friday**

11.00 am - Kanakappally

1.00 pm - Balal

3.00 pm - Vellarikund

5.00 pm - Bheemanady

**August 17 Saturday**

10.00 am - Chully

12.00noon- Puncha

2.00 pm - Anamanjal

4.00 pm - Nattakkal

6.00 pm - Punnakkunnu

**Thomapuram Forane**

**August 18 Sunday**

11.00 am - Thayyeni

1.00 pm - Chavaragiri

3.00 pm - Palavayal

5.00 pm - Kannivayal

**August 19 Monday**

11.00 am - Ayannur

1.00 pm - Kamballur

3.00 pm - Kunnamkai

5.00 pm - Mandapam

**August 20 Tuesday**

11.00 am - Kulineer

1.00 pm - Chattamala

3.00 pm - Athirumavu

5.00 pm - Kavumthala

**August 21 Wednesday**

11.00 am - Bedoor

1.00 pm - Kadumeni

3.00 pm - Thomapuram

5.00 pm - Varakkad

**Panathady Forane**

**August 22 Thursday**

11.00 am - Kaneeladukkam

1.00 pm - Marypuram

3.00 pm - Manadukkam

5.00 pm - Paduppu

**August 23 Friday**

11.00 am - Padimaruth

1.00 pm - Kottody

3.00 pm - Panathady

5.00 pm - Kallar

**August 24 Saturday**

11.00 am - Pullady

1.00 pm - Adottukaya

3.00 pm - Ellukochi

5.00 pm - Panathur

**Vayattuparamba Forane**

**August 25 Sunday**

10.00 am - Vellad

12.00 pm - Karuvanchal

2.00 pm - Vayattuparamba

4.00 pm - Karunapuram

6.00 pm - Thadikkadavu

**August 26 Monday**

11.00 am - Alphonsagiri

1.00 pm - Mavumchal

3.00 pm - Vijayapuram

5.00 pm - Pathenpara

## FORANE DIRECTORS OF FRUITS - 2019

| | |
|---|---|
| Alakode | Rev. Fr. George Achandy |
| Chempanthotty | Rev. Fr. Joseph Vandarkunnel |
| Chemperi | Rev. Fr. Benny Puthennadayil |
| Cherupuzha | Rev. Fr. Joseph Thenammackal |
| Edoor | Rev. Fr. Abraham Puthussery |
| Kanhangad | Rev. Fr. Anoop Chittettu |
| Kunnoth | Rev. Fr. Thomas Amakattu |
| Marygiri | Rev. Fr. Sebastian Podimattam |
| Nellickampoil | Rev. Fr. Thomas Payyamppilli |
| Paisakary | Rev. Fr. George Alappattu |
| Panathady | Rev. Fr. Jis Kalappura |
| Peravoor | Rev. Fr. Thomas Kizharathil |
| Thomapuram | Rev. Fr. Robin Olickal |
| Taliparamba | Rev. Fr. Thomas Kattakayam |
| Vayattuparamba | Rev. Fr. Jaison Vazhakattu |
| Vellarikundu | Rev. Fr. Joseph Koluthapally |

കഴിഞ്ഞ വർഷം ഫൊറോന ഡയറക്ടർമാരായി മനോഹരമായ സേവനം നൽകി സ്ഥലം മാറിയവർക്ക് സ്നേഹപൂർവ്വം നന്ദി പറയുന്നു. കുടുംബ കൂട്ടായ്മ വർഷത്തിൽ ഊർജ്ജസ്വലമായി പ്രവർത്തിക്കുവാൻ പുതിയ ഡയറക്ടർ അച്ചന്മാർക്ക് ആശംസകൾ!

**പ്രത്യേകം ശ്രദ്ധിക്കുക**

കുടുംബ കൂട്ടായ്മയുടെയും കത്തോലിക്കാ കോൺഗ്രസിന്റെയും ഫൊറോന ഡയറക്ടർമാരായ ബഹുമാനപ്പെട്ട വൈദികരുടെ ഒരു യോഗം ജൂലൈ 10 ബുധനാഴ്ച രാവിലെ 10.30 ന് സന്ദേശഭവൻ ഓഫീസിൽ ചേരുന്നു. അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ് പങ്കെടുക്കുന്നു. ബഹുമാനപ്പെട്ട അച്ചന്മാർ ഈ തിയതി മാറ്റി വെയ്ക്കണം. നേരിട്ട് കത്ത് അയക്കുന്നതാണ്.

കുടുംബ കൂട്ടായ്മകൾ സജീവമായി സംഘടിപ്പിച്ചു നടത്തുന്ന എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ല്യൂമെൻ എക്ലേസിയ

പുതിയ അദ്ധ്യയന വർഷത്തിലേക്ക് എല്ലാവർക്കും സ്വാഗതം! നേരത്തെ ആരംഭിച്ച് മുടങ്ങിപ്പോയ വിദ്യാർത്ഥികൾക്കും ഫൊറോന സെന്ററുകളിലെ ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ് കഴിഞ്ഞമാസത്തിലെ ഗിരിദീപത്തിൽ അറിയിച്ചിരിക്കുന്നത് പോലെ LE ക്ലാസ്സുകൾ പുനർക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നുണ്ട്. രണ്ടോമൂന്നോ ഇടവകകൾ ഒരുമിച്ച്കൂടി ഏറ്റവും സൗകര്യപ്രദമായ സ്ഥലത്തും, സമയത്തും ക്ലാസ്സുകൾ നടത്തുവാൻ സാധിക്കും. ഓരോ ഫൊറോനയിലും അതിനായി ഉത്തരവാദിത്വപ്പെട്ട ഒരച്ചന് ചുമതല ഏൽപിച്ച് തിയോളജി ക്ലാസ്സുകൾ ഊർജ്ജസ്വലമാക്കുവാൻ എല്ലാ വികാരിയച്ചൻമാരുടെയും സഹകരണം അപേക്ഷിക്കുന്നു.

***ആദ്യക്ലാസ്സ് ജൂലൈ 21 ഞായറാഴ്ച ആരംഭിക്കുന്നു***

| സെന്ററുകൾ | സമയം |
|---|---|
| തലശ്ശേരി (തളിപ്പറമ്പ് ഫൊറോന) | 2.30-5.30 |
| പേരാവൂർ | 2.30-5.30 |
| ഇരിട്ടി (എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ | 2.30-5.30 |
| ചെമ്പേരി (ചെമ്പന്തൊട്ടി, പൈസക്കരി) | 2.30-5.30 |

## 2. എം.റ്റി.എച്ച് വിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്ക്

എം. റ്റി. എച്ച്, ഇന്റഗ്രേറ്റഡ് എം.എ വിദ്യാർത്ഥികൾക്കായുള്ള പുതിയ സെമസ്റ്ററിന്റെ ക്ലാസ്സ് ആഗസ്റ്റ് 10 ന് തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. അന്നേദിവസം എല്ലാ ബുക്കുകളും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതായിരിക്കും. എം.റ്റി. എച്ച് വിദ്യാർത്ഥികൾ ഫൊറോന സെന്ററുകളിലെ ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടതില്ല.

## 3. ആൽഫാ തിയോളജി പുതിയ സെന്ററുകൾ

മൂവാറ്റുപുഴയിലും അടിമാലിയിലും ആൽഫയുടെ പുതിയ തിയോളജി പഠന കേന്ദ്രങ്ങൾ ആരംഭിച്ചു. മൂവാറ്റുപുഴ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് നിർമലാ പ്രൊവിൻസിന്റെ ആഭിമുഖ്യത്തിൽ പുതിയ ദൈവശാസ്ത്ര കോഴ്സിൽ രജിസ്റ്റർ ചെയ്ത 70 പേർക്ക് 2019 ജൂൺ 22 ശനിയാഴ്ച ക്ലാസ്സുകൾ ആരംഭിച്ചു. അടിമാലിയിൽ ജൂലൈ 27 നായിരിക്കും ക്ലാസ്സുകൾ തുടങ്ങുക.

## 4. ഗൾഫ് മേഖലയിലെ സെന്ററുകൾ

അബുദാബി, മുസാഫാ, ദുബായ്, അലെൻ, ജെബൽ അലി, ഷാർജ എന്നീ സെന്ററുകളിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ജൂൺ 12 മുതൽ 20 വരെ ക്ലാസ്സുകൾ നടത്തപ്പെട്ടു.

ദൈവവചനം പഠിക്കുവാനും ദൈവശാസ്ത്ര ബിരുദം നേടുവാനുമുള്ള അല്മായ സഹോദരങ്ങളുടെ തീക്ഷ്ണത പ്രശംസനീയമാണ്. ദുബായ് കേന്ദ്ര മാക്കി ആരംഭിച്ച ആൽഫ ദൈവശാസ്ത്ര പഠനകേന്ദ്രങ്ങൾ ഗൾഫ് മേഖല യിൽ പുത്തനുണർവ്വ് പകർന്നുനൽകുന്നു.

## 5. ദൈവശാസ്ത്ര കോൺടാക്ട് ക്ലാസ്സുകൾ

| തിയ്യതി | സ്ഥലം | സമയം |
|---|---|---|
| ജൂലൈ 6 | മണ്ണൻപേട്ട, തൃശൂർ | 9.30am - 4.30pm |
| ജൂലൈ 7 | അങ്കമാലി | 9.30am - 4.30pm |
| ജൂലൈ 13 | പാലാ ചെത്തിമറ്റം | 9.30am - 4.30pm |
| ജൂലൈ 13 | പാലാ CMC | 9.30am - 4.30pm |
| ജൂലൈ 13 | പുല്ലരിക്കുന്ന് DSHJ | 9.30am - 4.30pm |
| ജൂലൈ 20 | പാലക്കാട് CMC | 9.30am - 4.30pm |
| ജൂലൈ 20 | പാലക്കാട്, ധോണി | 9.30am - 4.30pm |
| ജൂലൈ 27 | അടിമാലി | 9.30am - 4.30pm |
| ജൂലൈ 27 | എറണാകുളം | 9.30am - 4.30pm |

## 6. ഐഫൽ (AIFL) ജർമ്മൻ കോഴ്സിന്റെ പുതിയ ബാച്ച്

ആൽഫാ ഇന്സ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജിന്റെ ആഭിമുഖ്യത്തിലു ള്ള ജർമ്മൻ ഭാഷാപഠനം വിജയകരമായി മുന്നേറുന്നു. രണ്ട് ബാച്ചുകളുടെ പഠനം തുടരുന്നു.

## പുതിയ ബാച്ചിന്റെ ആരംഭം

**AIFL - ജർമ്മൻ ഭാഷാ പഠനം**
പുതിയ ബാച്ചിന്റെ (A1) ക്ലാസ്സ്
**ജൂലൈ 15 ന് ആരംഭിക്കുന്നു**

അന്വേഷണങ്ങൾക്ക് 04902344727, 8086312826

## 7. ലോഗോസ് ക്വിസ് 2019

ലോഗോസ് ക്വിസിന്റെ – 2019 രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. രജിസ്ട്രേഷൻ അവസാനിക്കുന്ന അവസാന തീയ്യതി ജൂലൈ 31– നാണ്. ഇടവകാതലത്തിൽ സാധിക്കുന്ന ഏവരെയും പങ്കെടുപ്പിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഓരോ ഗ്രൂപ്പിലും ഒന്നാം സമ്മാനം നേടുന്നവർക്ക് ഇടവകാതലത്തിൽ സമ്മാനം നൽകാൻ സാധിച്ചാൽ പങ്കെടുക്കുന്നവർക്ക് വളരെയധികം പ്രോത്സാഹനമാകും.

| | | |
|---|---|---|
| **രജിസ്ട്രേഷൻ അവസാനതീയ്യതി** | : | **ജൂലൈ 31** |
| **അതിരൂപതാതലത്തിൽ പരീക്ഷ** | : | **സെപ്റ്റംബർ 29** |
| **മേഖല തല പരീക്ഷ** | : | **നവംബർ 10** |
| **സംസ്ഥാനതല പരീക്ഷ** | : | **നവംബർ 21–24** |

**പഠനഭാഗങ്ങൾ**

- ♦ നിയമാവർത്തനം 12–21
- ♦ പ്രഭാഷകൻ 11–17
- ♦ മത്തായി 19–28
- ♦ വെളിപാട് 17–22

ലോഗോസ് ഫാമിലിയ ക്വിസ്സിനായി ഇടവകകളിൽ നിന്ന് കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഉചിതമായിരിക്കും. ലോഗോസ് പഠനസഹായി ആൽഫാ ഓഫീസിൽ ലഭ്യമാണ്.

## 8. എം. റ്റി.എച്ച് / ബി. റ്റി. എച്ച് പ്രബന്ധങ്ങൾ

എം.റ്റി.എച്ച് പ്രബന്ധങ്ങളും ബി.റ്റി.എച്ച് പ്രബന്ധങ്ങളും സമർപ്പിക്കേണ്ട അവസാന തീയ്യതി ജൂലൈ 15 നാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. എം.റ്റി.എച്ച് പ്രബന്ധങ്ങളുടെ ഡിഫൻസ് ഓഗസ്റ്റ് 12 നാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**




സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, മിഷനറിമാരെ,

സത്യവിശ്വാസത്തിന്റെ മഹനീയ സന്ദേശം ലോകത്തിന് പകർന്ന വി. തോമാശ്ലീഹായുടെയും ഒരു മെഴുകുതിരിപോലെ ചുറ്റും പ്രഭ ചൊരിഞ്ഞ വി. അൽഫോൻസാമ്മയുടെയും ഓർമ്മകൊണ്ടാടുന്ന ഈ പുണ്യമാസത്തിൽ ഏവർക്കും തിരുനാൾ ആശംസകൾ നേരുന്നു. നമുക്കും അവനോടുകൂടി പോയി മരിക്കാം എന്നു ദീരണം ചെയ്ത് സകലർക്കും ധൈര്യം പകർന്ന വി. തോമാശ്ലീഹായുടെ ചൈതന്യത്തെ നമുക്ക് ഹൃദയത്തിൽ സ്വീകരിക്കാം. കഠിനരോഗവും വേദനയും ക്രിസ്തുവിന്റെ കുരിശിനോടു ചേർത്ത് സഹിച്ച വി. അൽഫോൻസാമ്മയെ നമുക്ക് മാതൃകയുമാക്കാം.

ഈ പുതിയ പ്രവർത്തനവർഷത്തിൽ കൂടുതൽ തീഷ്ണതയോടെ, വിശുദ്ധിയോടെ മുന്നേറുവാൻ നമുക്ക് സാധിക്കണം. ഈ വർഷം മിഷൻലീഗ് സംഘടനയിൽ അംഗങ്ങളായി കടന്നുവന്നിരിക്കുന്ന എല്ലാ കുഞ്ഞുമിഷനറിമാർക്കും മിഷൻലീഗ് സംഘടനാ പ്രവർത്തനം വഴി ധാരാളം ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

| | |
|---|---|
| **അനുസ്മരിക്കുന്ന വിശുദ്ധർ** | : വി. തോമാശ്ലീഹ, വി.അൽഫോൻസാമ്മ |
| **അനുസ്മരിക്കുന്ന തിരുനാൾ** | : ദുക്റാന തിരുനാൾ |
| **പ്രാർത്ഥനാനിയോഗം** | : നല്ല ദൈവവിളികൾക്കായ് യുവജനങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. |
| **സുകൃത ജപം** | : വി. തോമാശ്ലീഹായേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. |
| **സുകൃതം** | : 72 ത്രിത്വസ്തുതി |
| **വചനഭേരി** | : വി. മത്തായി 22-24 അധ്യായങ്ങൾ മനഃപാഠമാക്കുക. |
| **ദിയാക്കോണിയ** | : ജലസംരക്ഷണം. |

## ശാഖകൾ ശ്രദ്ധിക്കാൻ

1 തിങ്കൾ : ഡോക്ടേഴ്സ് ഡേ

3 ബുധൻ : ദുക്റാന തിരുനാൾ, അംഗത്വ സ്വീകരണം, ബാഡ്ജ് ധരിച്ച് വിശുദ്ധ കുർബ്ബാനയിലും പൊതുസമ്മേളനത്തിലും പങ്കെടുക്കുക. അംഗത്വ സ്വീകരണം നടത്തി പുതിയ അംഗങ്ങളെ കഴിഞ്ഞ

വർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് പേരു ചേർത്ത് ഈ മാസംതന്നെ ഓഫീസിൽ എത്തിക്കുക.

04 വ്യാഴം : വി. മരിയാ ഗൊരേത്തിയുടെ തിരുനാൾ.

14 ഞായർ : ജലസംരക്ഷണ പ്രവർത്തനങ്ങൾ, സ്റ്റിക്കറുകൾ, പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു.

21 ഞായർ : ശാഖാ സെമിനാറുകൾ.

28 ഞായർ : വി. അൽഫോൻസാമ്മയുടെ തിരുനാൾ - ബാഡ്ജ് ധരിച്ച് വി. കുർബ്ബാനയിലും പൊതുസമ്മേളനത്തിലും പങ്കെടുക്കുക.

## മേഖലകൾ ശ്രദ്ധിക്കാൻ

മേഖലാ എക്സിക്യൂട്ടീവ്, അൽഫോൻസാ ക്വിസ്, മികച്ച ശാഖാ-മേഖലാ വിലയിരുത്തൽ സന്ദർശനം, കലാ-സാഹിത്യ മത്സരങ്ങൾക്കുവേണ്ട ഒരുക്കങ്ങൾ ആരംഭിക്കുക.

## പ്രവർത്തന വർഷ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും മാർഗ്ഗരേഖാ പ്രകാശനവും

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 2019-20 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും ജൂൺ 1-ാം തീയതി ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. വി. കുർബ്ബാനയ്ക്കും പതാക ഉയർത്തലിനും ശേഷം തളിപ്പറമ്പ് ശാഖയിലെ കുട്ടികൾ രംഗപൂജ അവതരിപ്പിച്ചു. തുടർന്ന് അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരിയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. പ്രവർത്തനവർഷ മാർഗ്ഗരേഖ പ്രകാശനത്തിനുശേഷം മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഓഡിയോ വിഷ്വൽ സന്ദേശം നൽകി.

അതിരൂപതാ മതബോധന ഡയറക്ടർ റവ. ഫാ. ജേക്കബ് വെണ്ണായിപ്പിള്ളിൽ തിരുബാലസംഖ്യം മാർഗ്ഗരേഖ പ്രകാശനം ചെയ്തു. തളിപ്പറമ്പ് ഫൊറോന വികാരി വെരി. റവ. ഫാ. അബ്രഹാം പോണാട്ട് മിഷൻ പച്ചക്കറി ഉദ്ഘാടനവും വൃക്ഷത്തൈ വിതരണവും നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ മാർഗ്ഗരേഖാ വിശകലന ക്ലാസ്സിന് നേതൃത്വം കൊടുത്തു. ശാഖാ-മേഖലാ വൈസ് ഡയറക്ടേഴ്സ് പ്രതിനിധി സി. ക്ലെറിൻ SABS അതിരൂപതാ വൈസ് പ്രസിഡന്റ് മേരി സണ്ണി കരിയിലക്കാവുങ്കൽ, ജൂനിയർ പ്രസിഡന്റ് അക്ഷയ് ചിറത്തലയാട്ട് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തിരുമേനി ശാഖയിലെ ആൻമരിയ പാറേക്കാട്ടിൽ അദിലാബാദ് മിഷൻ അനുഭവം പങ്കുവച്ചു. തളിപ്പറമ്പ് ശാഖയിലെ അബ്രഹാം കൊരട്ടിക്കൽ നാടോടി നൃത്തം അവതരിപ്പിച്ചു. കുളിനീർ ശാഖ

യിലെ അൻഫോൻസ നെല്ലിക്കാട്ടിൽ സംഗീതം ആലപിച്ചു. തുടർന്ന് കൈയ്യെഴുത്ത് മാസിക, മിഷൻ ബംബർ, ഉണ്ണിശോയ്ക്കൊരുകത്ത് വിജയികൾക്ക് സമ്മാനം നല്കി. അതോടൊപ്പം MTC ക്യാമ്പിൽ പങ്കെടുത്ത് 10-ാം ക്ലാസ്സ്, +2 പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും A+നേടിയവർക്കും വിശ്വാസപരിശീലനം 12-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ അന്നമ്മ കുന്നപ്പള്ളിക്കും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് മെമന്റോയും ക്യാഷ് അവാർഡും നൽകി. അതിരൂപതാ സെക്രട്ടറി സുനിൽ കല്ലിടുക്കിൽ ഏവർക്കും നന്ദി പറഞ്ഞു. പ്രവർത്തന വർഷ ഉദ്ഘാടന സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിന് എല്ലാവിധ നേതൃത്വം നൽകിയ അതിരൂപതാ ഭാരവാഹികളെയും തളിപ്പറമ്പ് മേഖലാ-ശാഖ ഭാരവാഹികളെയും വിശ്വാസപരിശീലകരെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

## മേഖലാ - ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം

2019 ജൂൺ 2 ഞായറാഴ്ച പേരാവൂർ മേഖലയിലെ കൊളക്കാട് ശാഖയിൽ വച്ച് ഈ വർഷത്തെ മേഖലാ-ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി അധ്യക്ഷത വഹിച്ച യോഗത്തിൽ കൊളക്കാട് ശാഖാ ഡയറക്ടർ ഫാ. പോൾ വള്ളോപ്പിള്ളി സ്വാഗതം ആശംസിച്ചു. ഉദ്ഘാടന പരിപാടികൾ ഏറ്റവും മനോഹരമായി കേന്ദ്രീകരിച്ച കൊളക്കാട് ശാഖാ ഡയറക്ടർ അച്ചനും, വൈസ് ഡയറക്ടർ സിസ്റ്ററിനും വിശ്വാസപരിശീലകർക്കും ശാഖാഭാരവാഹികൾക്കും പ്രത്യേകം നന്ദി.

## അംഗത്വ സ്വീകരണം

ജൂലൈ 3 ദുക്റാന തിരുനാളിനോടനുബന്ധിച്ചോ, അതിനടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി കഴിഞ്ഞ വർഷത്തിന്റെ തുടർച്ചയായ നമ്പർ ഇട്ട് നിശ്ചിതഫോറത്തിൽ അംഗത്വം സ്വീകരിച്ചവരുടെ ലിസ്റ്റ് ആഗസ്റ്റ് മാസവസാനത്തോടുകൂടി ഓഫീസിൽ എത്തിച്ച് അംഗത്വകാർഡ് ശരിയാക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഈ വർഷത്തെ അതിരൂപതാതല അംഗത്വ സ്വീകരണം ജൂലൈ 3-ന് കുടിയാൻമല ശാഖയിൽ വെച്ച് നടത്തുന്നതാണ്.

## ഹൃദ്യമായ സ്വാഗതം

ചെറുപുഷ്പ മിഷൻലീഗ് മേഖലാ ഡയറക്ടർ, വൈസ് ഡയറക്ടർ എന്നീ നിലകളിലേയ്ക്ക് പുതുതായി നിയമിതരായിരിക്കുന്ന ബഹു. അച്ചൻമാർക്കും സിസ്റ്റേഴ്സിനും അതിരൂപതാ സി.എം.എൽ കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

| | |
|---|---|
| റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ | - ചെമ്പേരി മേഖല |
| റവ. ഫാ. ജോൺസൺ പുലിയുറുമ്പിൽ | - എടൂർ മേഖല |
| റവ. ഫാ. മാത്യു നരിക്കുഴി | - കുന്നോത്ത് മേഖല |
| റവ. ഫാ. ആന്റണി ചാണക്കാട്ടിൽ | - മേരിഗിരി മേഖല |
| റവ. ഫാ. മാത്യു കാരിക്കൽ | - നെല്ലിക്കാംപോയിൽ മേഖല |
| റവ. ഫാ. കുര്യാക്കോസ് ഓരത്തേൽ | - പേരാവൂർ മേഖല |
| റവ. സി . ഡെൽന ASMI | - പനത്തടി മേഖല |
| റവ. സി . ടോംസി MSMI | - ചെമ്പന്തൊട്ടി മേഖല |
| റവ. സി . ദീപ്തി MSMI | - മേരിഗിരി മേഖല |
| റവ. സി . ഡെൻസി FCC | - എടൂർ മേഖല |
| റവ. സി . നിമ്യ SMS | - ചെറുപുഴ മേഖല |
| റവ. സി . ലീന FCC | - എടൂർ മേഖല |
| റവ. സി . റോസ്ന SH | - പൈസക്കരി മേഖല |
| റവ. സി . ലിസ്ബിൻ SH | - വായാട്ടുപറമ്പ മേഖല |

## അതിരൂപതാ മാനേജിംഗ് കമ്മറ്റി

2019 ജൂലൈ 13 ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ മാനേജിംഗ് കമ്മിറ്റിയും ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തുന്നതാണ്. എല്ലാ മേഖലകളിലെയും ജൂനിയർ-സീനിയർ ഭാരവാഹികൾ മാനേജിംഗ് കമ്മിറ്റിയിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## മേഖലാ ഡയറക്ടേഴ്സ് - വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മേഖലാതല പ്രവർത്തനങ്ങൾ വിലയിരുത്തുവാനും 2019-20 വർഷത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുവാനുമായി 2019 ജൂലൈ 6-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് മേഖലാ ഡയറക്ടേഴ്സ്-വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് ചേരുകയാണ്. അന്നേദിവസം ബഹുമാനപ്പെട്ട എല്ലാ ഡയറക്ടേഴ്സും വൈസ് ഡയറക്ടേഴ്സും എത്തിച്ചേരുമല്ലോ.

## ബെസ്റ്റ് ശാഖാ - മേഖലാ തിരഞ്ഞെടുപ്പ്

ബെസ്റ്റ് ശാഖാ-മേഖലാ നിർണ്ണയത്തിനായി അതിരൂപതാ ഭാരവാഹികൾ ജൂലൈ 10നും 20നും ഇടയിൽ തെരഞ്ഞെടുക്കപ്പെട്ട ശാഖകളും മേഖലകളും സന്ദർശിക്കുന്നതായിരിക്കും. മേഖലയിൽ നിന്ന് 1,2,3 സ്ഥാനങ്ങൾ ലഭിച്ച ശാഖകളുടെ ലിസ്റ്റ് ഇനിയും തരാത്തവർ എത്രയും പെട്ടെന്ന് രൂപത

യിൽ എത്തിക്കേണ്ടതാണ്. ഇനിയും ഏതെങ്കിലും ശാഖകളോ- മേഖലകളോ വാർഷിക റിപ്പോർട്ട് നൽകിയിട്ടില്ലെങ്കിൽ എത്രയും വേഗം ഓഫിസിൽ എത്തിക്കുമല്ലോ.

## മേഖലാ ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്

ഈ വർഷത്തെ മേഖലാ കൗൺസിലും വാർഷികവും നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതാ കൗൺസിൽ, വാർഷികം സെപ്റ്റംബർ 21ന് ആണെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. ഈ വർഷം എം.റ്റി.സി. പ്രോഗ്രാം മേഖലാ തലത്തിൽ ഒരു ക്ലാസ്സും ഒരു സഹവാസ ക്യാമ്പുമായാണ് ക്രമീകരിക്കേണ്ടത്. ഓരോ മേഖലയിലേയ്ക്കും ആവശ്യമായ എം.റ്റി.സി. ഡയറിയുടെ എണ്ണം ഈ മാസം 20നു മുമ്പ് ഓഫീസിൽ അറിയിക്കുമല്ലോ.

## അൽഫോൻസാ ക്വിസ്

അൽഫോൻസാ ക്വിസ് അതിരൂപതാതല മത്സരം ഓഗസ്റ്റ് 28 ബുധനാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ്മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽവെച്ച് നടത്തപ്പെടുന്നു. 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. മത്സരത്തിൽ ഓഡിയോ വീഡിയോ രീതിയിലുള്ള ചോദ്യങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. മത്സര നിബന്ധനകൾ മാർഗ്ഗരേഖ പേജ് 49 ശ്രദ്ധിക്കുക. അതിരൂപതാ മത്സരത്തിന് മുമ്പ് മേഖലകളിൽ മത്സരം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

## അതിരൂപതാ സാഹിത്യമത്സരങ്ങൾ

ഈ വർഷത്തെ അതിരൂപതാ സാഹിത്യമത്സരങ്ങൾ ആഗസ്റ്റ് 23 വെള്ളിയാഴ്ച വിവിധ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. അതിന് മുമ്പായി മേഖലാതല സാഹിത്യമത്സരങ്ങൾ നടത്തി ആഗസ്റ്റ് 10ന് മുമ്പ് ഒന്നാം സ്ഥാനം ലഭിച്ചവരുടെ ലിസ്റ്റ് ഇംഗ്ലീഷ് ക്യാപ്പിറ്റൽ ലെറ്ററിൽ എഴുതി ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. മത്സരവിഷയങ്ങൾക്ക് മാർഗ്ഗരേഖ പേജ് 46 ശ്രദ്ധിക്കുക. അതിരൂപതാ മത്സരത്തിന് മുമ്പ് മേഖലകളിൽ മത്സരം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

## കാസർഗോഡ് റീജിയണൽ വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

കാസർഗോഡ് റീജിയണിൽ ഉള്ളവർക്ക് അംഗത്വകാർഡ് സീൽ ചെയ്യാൻ സൗകര്യത്തിനായി ജൂലൈ 27-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ 2 മണിവരെ അതിരൂപതാ ടീം പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കും. ബാഡ്ജ്, മാനുവൽ ബുക്ക്, അംഗത്വകാർഡ് തുടങ്ങിയവയും അന്ന് വാങ്ങാൻ സൗകര്യമുണ്ടായിരിക്കും.

## നമ്മുടെ അച്ചൻ, സ്നേഹമുള്ള സിസ്റ്റർ, മിഷൻഗ്രാമം

അതിരൂപതയിലെ ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും ഓർത്ത് പ്രാർത്ഥിക്കുവാനായി ഓരോ ശാഖയ്ക്കും നൽകിയിരിക്കുന്ന ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും ഫോണിൽ വിളിച്ചും കത്തുകളെഴുതിയും അവർക്കായി പ്രാർത്ഥിക്കുന്നുണ്ടെന്നന് അറിയിക്കുകയും ഫീസ്റ്റ്ഡേ, ബർത്ത്ഡേ, വിയാനിഡേ, ഓർഡിനേഷൻ ഡേ തുടങ്ങിയ അവസരങ്ങളിൽ ആശംസകളർപ്പിക്കുകയും ചെയ്യാൻ ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

ശാഖകൾക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൃദ്ധസദനങ്ങൾ, ഓർഫനേജുകൾ, മിഷൻഗ്രാമങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ച് അവർക്കുവേണ്ട സഹായങ്ങൾ ചെയ്യുവാനും ശ്രദ്ധിക്കണേ. മിഷൻ ഗ്രാമങ്ങളുമായി ബന്ധപ്പെട്ട് അവരുമായി സൗഹൃദം നിലനിർത്തുവാൻ പരിശ്രമിക്കുകയും വേണം. ഏതെങ്കിലും ശാഖകൾക്ക് മിഷൻഗ്രാമം ലഭിച്ചിട്ടില്ലെങ്കിൽ അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

## ധ്യാനങ്ങൾ, സെമിനാറുകൾ

- 2.6.19ന് കൊളക്കാട് ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ധ്യാനം നടത്തി.
- 9.6.19ന് തടിക്കടവ് ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ക്ലാസ്സ് എടുത്തു.
- 16.6.19ന് കണിച്ചാർ ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ക്ലാസ്സ് എടുത്തു.
- 22.6.19ന് വെള്ളരിക്കുണ്ട് ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ സെമിനാർ നടത്തി.
- 23.6.19ന് പടിമരുത് ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ക്ലാസ്സ് എടുത്തു.
- 23.6.19ന് കാഞ്ഞങ്ങാട് ശാഖയിലെ കുട്ടികൾക്ക് അതിരൂപതാ പ്രസിഡണ്ട് ക്ലാസ്സ് എടുത്തു.

## മേഖലാ ഇലക്ഷൻ

21.5.19ന് എടൂർ, 25.5.19ന് കാഞ്ഞങ്ങാട്, 28.5.19ന് തോമാപുരം, 4.6.19ന് പേരാവൂർ, 8.6.19ന് വെള്ളരിക്കുണ്ട്, പൈസക്കരി, 9.6.19ന് നെല്ലിക്കാംപോയിൽ, ചെറുപുഴ, 16.6.19ന് തളിപ്പറമ്പ്, ചെമ്പന്തൊട്ടി, പനത്തടി, 23.6.19ന് മേരിഗിരി എന്നീ മേഖലകളിൽ മേഖലാ ഇലക്ഷൻ നടത്തുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി, അതിരൂപതാ സെക്രട്ടറി ശ്രീ. സുനിൽ കല്ലിടുക്കിൽ, ജനറൽ ഓർഗനൈസർ ശ്രീ. ബിജു മണ്ണനാൽ, റീജിയണൽ ഓർഗനൈസർ ശ്രീ. ഷിജോ പുതുപ്പറമ്പിൽ, ഷിജോ സ്രായിൽ എന്നിവർ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ മേഖലാ ജൂണിയർ-സീനിയർ ഭാരവാഹികൾക്കും അതിരുപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതവും അഭിനന്ദനങ്ങളും പ്രാർത്ഥനകളും.

## യുവ പ്രതിഭാ പുരസ്ക്കാരം

2018-19 പ്രവർത്തന വർഷത്തെ സംസ്ഥാനതല യുവപ്രതിഭാപുരസ്ക്കാരത്തിന് മണിക്കടവ് ശാഖയിലെ ആതിര സാഗർ ഊഴിയാമന്നത്ത് അർഹയായി. ആതിരയ്ക്ക് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## പുതിയ നിയമാവലി

ചെറുപുഷ്പ മിഷൻലീഗിന്റെ പുതിയ നിയമാവലി ഓഫീസിൽ ലഭ്യമാണ്. എല്ലാ ശാഖകളിലും പുതിയ നിയമാവലി വാങ്ങിവയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. വില 100 രൂപ.

## വചനഭേരി

ഈ വർഷവും വചനഭേരി മെഗാക്വിസ് മത്സരം ഉണ്ടായിരിക്കുന്നതാണ് എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. വി. മത്തായിയുടെ സുവിശേഷം 19-28വരെ, അദ്ധ്യായങ്ങൾ, 2020 ലോഗോസ് ക്വിസിന്റെ പഠനഭാഗം എന്നിവ ഉൾപ്പെടുത്തിയാണ് പഠിക്കേണ്ടത്. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ പഠിപ്പിച്ച് ഒരുക്കുമല്ലോ.

## ദിയാക്കോണിയ

ഈ മാസം ശാഖാതലത്തിൽ ചെയ്യേണ്ടവ:

1. ജലസംരക്ഷണ സ്റ്റിക്കർ തയ്യാറാക്കുക.
2. ജലസംരക്ഷണ പോസ്റ്ററുകൾ നിർമ്മിക്കുക.
3. ജലത്തിന്റെ അമൂല്യതയെക്കുറിച്ച് ബോധവത്കരണ ക്ലാസ്സുകൾ നടത്തുക.

## ഡോക്ടേഴ്സ് ഡേ

ജൂലൈ ഒന്ന് ഡോക്ടേഴ്സ് ഡേ ആണല്ലോ. അന്നേദിനം ആതുരശുശ്രൂഷരംഗത്ത് സ്തുത്യർഹമായ സേവനം ചെയ്തുകൊണ്ടിരിക്കുന്ന ഡോക്ടേഴ്സിനെ മേഖലാ-ശാഖാ തലത്തിൽ ആദരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## നല്ലിടയൻ പദ്ധതി

28.5.19ന് തോമാപുരം മേഖല 2-ാം ഘട്ടം ആടിനെ തയ്യേനി ശാഖയിലെ സെബാസ്റ്റ്യൻ കടപ്രോയിൽ എന്ന വ്യക്തിക്ക് നൽകി. തോമാപുരം മേഖലയ്ക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

## ഓർഗനൈസിംഗ് ടീം മീറ്റിംഗ്

29.5.19ന് ചെമ്പേരി ശാഖയിൽ വെച്ച് ഓർഗനൈസിംഗ് മീറ്റിംഗ് നടത്തി. മീറ്റിംഗിൽ പങ്കെടുത്തവർക്കും മീറ്റിങ്ങിനായി സഹായസഹകരണങ്ങൾ ചെയ്തു തന്നെ ചെമ്പേരി ഫൊറോന വികാരി റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട് അച്ചനും ശാഖാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഭാരത ക്രൈസ്തവർക്ക് ലോകത്തിന്റെ പ്രകാശമായ യേശുനാഥനെ ചൂണ്ടിക്കാണിച്ചുതന്നെ പുണ്യപിതാവായ വി.തോമാശ്ലീഹായുടെയും, സഹനത്തിന്റെ മുള്ളാഭരണങ്ങൾക്കൊണ്ട് തന്റെ ലോലശരീരത്തെപൊതിഞ്ഞ് വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറിയ ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെയും തിരുനാൾ നാം ആഘോഷിക്കുമ്പോൾ ഈ വിശുദ്ധരുടെ ജീവിത മാതൃക നമുക്കെന്നും മാതൃകയും പ്രചോദനവുമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ദുക്റാന തിരുനാളിന്റെയും വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെയും മംഗളങ്ങൾ എല്ലാ കൊച്ചുകൂട്ടുകാർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

## പ്രവർത്തനവർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റിംഗും മാർഗ്ഗരേഖാ പ്രകാശനവും

തിരുബാലസംഖ്യം 2019-20 പ്രവർത്തനവർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റിംഗും ജൂൺ 1-ാം തിയതി ശനിയാഴ്ച തളിപ്പറമ്പ് സെന്റ്മേരീസ് ഫൊറോന ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. തലശ്ശേരി അതിരൂപതാസഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനിപിതാവ് പ്രവർത്തന വർഷം

---

## മെനോറ

ജൂണിയർ സിസ്റ്റേഴ്സിന്റെ ഓൺഗോയിംഗ് ഫോർമേഷന്റെ ഭാഗമായി നടത്തിയ കോഴ്സിൽ (മെനോറ) ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾ മനോഹരമായ കലാപരിപാടികൾ അവതരിപ്പിച്ചു. പേരാവൂർ, കുട്ടാപറമ്പ, മേലേചൊവ്വ, തളിപ്പറമ്പ, ചെറുപുഴ, തിരുമേനി എന്നീ ഇടവകകളിൽ നിന്ന് എത്തിയവർക്കും എം.ടി.സി. കുട്ടികൾക്കും എല്ലാ ഭാരവാഹികൾക്കും കുട്ടികളെ പറഞ്ഞയയച്ച ഡയറക്ടർ-വൈസ് ഡയറക്ടേഴ്സിനും മാതാപിതാക്കൾക്കും ഹൃദയംഗമമായ നന്ദി.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഓഡിയോ വിഷ്വൽ സന്ദേശം നൽകി. തുടർന്ന് അതിരൂപതാ മതബോധന ഡയറക്ടർ റവ. ഫാ. ജേക്കബ് വെണ്ണായിപ്പിള്ളിൽ തിരുബാലസംഖ്യം മാർഗ്ഗരേഖാ പ്രകാശനം ചെയ്തു. തളിപ്പറമ്പ് ഫൊറോനാ വികാരി റവ.ഫാ. അബ്രഹാം പോണാട്ട് പച്ചക്കറിവിത്ത് വിതരണവും, വൃക്ഷതൈ വിതരണവും നടത്തി. മിഷൻലീഗ് അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി അധ്യക്ഷത വഹിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ സി. ക്ലെറിൻ SABS, മേരി സണ്ണി കരിയിലക്കാവുങ്കൽ, അക്ഷയ് ചിറത്തലയാട്ട് എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ ഈ വർഷത്തെ മാർഗ്ഗരേഖയോടുകൂടിയ ഈശോയെപ്പോലെ വളരാം, വലുതാകാം എന്ന വർക്ക് ബുക്ക് പരിചയപ്പെടുത്തി സംസാരിച്ചു. പ്രവർത്തനവർഷ ഉദ്ഘാടന പരിപാടികൾ വിജയകരമാക്കാൻ സഹായിച്ച എല്ലാവർക്കും തളിപ്പറമ്പ് മേഖലാ ടീമിനും അതിരൂപതാ കുടുംബത്തിന്റെ പ്രത്യേകം നന്ദി.

## ആനിമേറ്റേഴ്സ്

2019 ജൂൺ 1-ാം തീയതി തളിപ്പറമ്പ് വെച്ച് നടന്ന തിരുബാലസംഖ്യം വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽ വച്ച് അതിരൂപതാ തിരുബാലസംഖ്യം ആനിമേറ്റേഴ്സിനെ തിരഞ്ഞെടുത്തു. പുതിയതായി തെരഞ്ഞെടുക്കപ്പെട്ട സി. റിൻസി ദേവസ്യ MSMI, സി. റോസിലിയ NS, സി. സോഫിയ SH, സി. മേഴ്സിലിൻ F.C.C. എന്നിവർക്ക് അതിരൂപതാ കുടുംബത്തിലേയ്ക്ക് സ്വാഗതം

## ഈശോയെപ്പോലെ വളരാം... വലുതാകാം...

ഈശോയെപ്പോലെ വളരാം വലുതാകാം എന്ന വർക്ക് ബുക്കിന്റെ 1-ാം വാല്യം എല്ലാ കൂട്ടുകാരുടെയും കൈകളിൽ എത്തിക്കാണും എന്ന് കരുതുന്നു. ഈശോയെപ്പോലെ അപ്പച്ചനോടും അമ്മച്ചിയോടുമൊപ്പം വീട്ടിലായിരിക്കാം എന്ന അധ്യായത്തിലൂടെ കടന്നുപോകുമ്പോൾ നമുക്കും ഈശോയെപ്പോലെ നമ്മുടെ മാതാപിതാക്കളോടൊപ്പം കൂടുതൽ സമയം ചിലവഴിക്കാൻ ശീലിക്കാം. അതോടൊപ്പം മാതാപിതാക്കളെ സ്നേഹിച്ചും, സഹായിച്ചും വളർന്നുവരുവാൻ പരിശ്രമിക്കാം.

## നിറംകൊടുക്കാമോ?

പ്രിയ കൂട്ടുകാരേ, ഈശോയെപ്പോലെ അപ്പച്ചനോടും അമ്മച്ചിയോടുമൊപ്പം വീട്ടിലായിരിക്കാം എന്ന പാഠഭാഗത്തെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ജൂലൈ 20ന് മുമ്പ് അതിരൂപതയിലേയ്ക്ക് അയച്ചുതരമല്ലോ. അയയ്ക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും.

## നിങ്ങൾക്കറിയാമോ?

ഈശോയെപ്പോലെ വളരാം വലുതാകാം എന്ന പുസ്തകത്തിലെ ഒന്നാം അധ്യായത്തിൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം ജൂലൈ 20ന് മുമ്പ് അതിരൂപതയിലേയ്ക്ക് അയച്ചുതരുമല്ലോ. അയയ്ക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും (ഉദാ. പേജ് നമ്പർ 42).

## പ്രസംഗ മത്സരം

വി. തോമാശ്ലീഹായുടെയും വി. അൽഫോൻസാമ്മയുടെയും തിരുനാളിനോടനുബന്ധിച്ച് തിരുബാലസഖ്യം കുട്ടികൾക്കായി പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. ശാഖയിൽ താൽപര്യമുള്ള കുട്ടികൾക്കെല്ലാം മത്സരത്തിൽ പങ്കെടുക്കാം. ജൂലൈ മാസം മത്സരം നടത്തി ശാഖയിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന പ്രസംഗം വീഡിയോ ആയി ഓഗസ്റ്റ് 5ന് മുമ്പായി അതിരൂപതാ ഓഫീസിൽ കിട്ടത്തക്കവിധം അയയ്ക്കുമല്ലോ. അയയ്ക്കേണ്ട വാട്സ് ആപ്പ് നമ്പർ 9496900845. അയയ്ക്കുമ്പോൾ ഇടവകയുടെ പേരും പങ്കെടുത്ത കുട്ടിയുടെ പേരും വീട്ടിലേക്ക് കത്ത് കിട്ടുന്ന അഡ്രസ്സും ഫോൺ നമ്പറും കൂടി കൂട്ടിച്ചേർക്കാൻ ശ്രദ്ധിക്കുമല്ലോ.

**പ്രസംഗ വിഷയം:** ആൺകുട്ടികൾക്ക് - വി. തോമാശ്ലീഹാ

: പെൺകുട്ടികൾക്ക് - വി. അൽഫോൻസാമ്മ

**നിബന്ധനകൾ** : ഭാഷാശൈലി, സ്ഫുടത, ഭാവം, വിഷയാവതരണം etc.

**സമയം** : 4 മിനിറ്റ്

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

**“ Go MAD ” - Make A  Difference**

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

യുവജന ദിനത്തിന്റെ മംഗളങ്ങൾ എല്ലാ യുവജനങ്ങൾക്കും യുവജന ശുശ്രൂഷക്ക് നേതൃത്വം നൽകുന്നവർക്കും ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു.

## ഫൊറോനാ ഡയറക്ടേഴ്സ് - ആനിമേറ്റേഴ്സ് അതിരൂപത- സിണ്ടിക്കേറ്റ് സംയുക്ത മീറ്റിംഗ്

ഈ വർഷത്തെ പ്രഥമ ഫൊറോനാ ഡയറക്ടേഴ്സ്, ഫൊറോനാ ആനിമേറ്റേഴ്സ്, സിണ്ടിക്കേറ്റ് സംയുക്ത മീറ്റിംഗ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സാന്നിധ്യത്തിൽ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വച്ച് ജൂലൈ 6 ശനിയാഴ്ച രാവിലെ 10 മണി മുതൽ 12.30 വരെ നടത്തപ്പെടുന്നു. എല്ലാ ഫൊറോനാ ഡയറക്ടർമാരും ഫൊറോനാ ആനിമേറ്റർമാരും ഫൊറോന അൽമായ ആനിമേറ്റർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഈ മീറ്റിംഗിൽ ഫൊറോനാ പ്രവർത്തനങ്ങളുടെ ഹ്രസ്വമായ റിപ്പോർട്ട് (2 മിനിറ്റ്) ഡയറക്ടറച്ചന്മാർ അവതരിപ്പിക്കേണ്ടതാണ്. ഫൊറോനാ സമിതിയിൽ ഏതെങ്കിലും ഭാരവാഹികളെ ഇനിയും തിരഞ്ഞെടുക്കാൻ ഉണ്ടെങ്കിൽ ജൂലൈ 5 ന് മുമ്പ് തിരഞ്ഞെടുക്കേണ്ടതാണ്.

## ക്രിസ്തൂസ് വിവിത് പഠനശിബിരം

യുവജന സിനഡനന്തര അപ്പസ്തോലിക ഉദ്ബോധനം “ക്രിസ്തൂസ് വിവിത്” എന്ന ഡോക്യുമെന്റിനെ അടിസ്ഥാനപ്പെടുത്തിയുള്ള പഠനശിബിരം അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വച്ച് ജൂലൈ 6 ശനിയാഴ്ച രാവിലെ 10 മണിക്ക് നടത്തപ്പെടുന്നു. ഈ പഠനശിബിരം ഫൊറോനാ ഡയറക്ടർമാർ, ഫൊറോനാ ആനിമേറ്റർമാർ ഫൊറോന അൽമായ ആനിമേറ്റർമാർ, സിണ്ടിക്കേറ്റ് അംഗങ്ങൾ എന്നിവരെ ഉദ്ദേശിച്ചാണ് നടത്തപ്പെടുന്നത്.

## അതിരൂപതാ അഫീലിയേഷൻ അവസാന തീയ്യതി

ഈ വർഷത്തെ അതിരൂപതാ അഫീലിയേഷൻ നടത്താനുള്ള അവസാന തീയ്യതി ജൂലൈ 5 വരെ നീട്ടിയിരിക്കുന്നു. ജൂലൈ 6 ന് തളിപ്പറമ്പ് വച്ച് നടക്കുന്ന സംയുക്ത മീറ്റിംഗിൽ അഫീലിയേഷൻ സ്വീകരിക്കുന്നതാണ്. യാതൊരു കാരണവശാലും ജൂലൈ 6 ന് ശേഷം അഫീലിയേഷൻ സ്വീകരിക്കുന്നതല്ല.

## അതിരൂപതാ യുവജനദിനം

ഈ വർഷത്തെ തലശ്ശേരി അതിരൂപതാ യുവജനദിനം പൈസക്കരി ഫൊറോനയുടെ ആതിഥേയത്വത്തിൽ പയ്യാവൂർ വച്ച് ജൂലൈ 14 ഞായറാഴ്ച രാവിലെ 8.30 ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള വിശുദ്ധ കുർബാനയോടെ ആരംഭിക്കുന്നു. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തിൽ സാംസ്കാരിക നേതാക്കൻമാർ പങ്കെടുക്കുന്നു. യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കൾച്ചറൽ പ്രോഗ്രാമും വർണ്ണ ശമ്പളമായ റാലിയും തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരിക്കും. പങ്കെടുക്കുന്നവരുടെ എണ്ണം നേരത്തെ തന്നെ ഫൊറോന പ്രസിഡണ്ടുമാരെ അറിയിക്കേണ്ടതാണ്.

## ഫൊറോനാ ഡയറക്ടർ അച്ചൻമാർക്ക് ഹൃദയംഗമമായ നന്ദി

കഴിഞ്ഞ വർഷങ്ങളിൽ വലിയ ത്യാഗത്തോടും സമർപ്പണത്തോടും കൂടെ കെ.സി.വൈ.എം പ്രസ്ഥാനത്തെ നയിച്ച എല്ലാ ഫൊറോനാ ഡയറക്ടറച്ചന്മാർക്കും ആത്മാർത്ഥമായ നന്ദിയും സ്നേഹവും അറിയിക്കുന്നു. കാഞ്ഞങ്ങാട് റീജിയൺ ഡയറക്ടർ ഫാ. ജോജോ പൊടിമറ്റം, ഫാ. ചെമ്പനാനിക്കൽ റിമലച്ചൻ (വെള്ളരിക്കുണ്ട് ഫൊറോന), ഫാ. സ്റ്റാനി ആനകുത്തിയിൽ(ചെറുപുഴ ഫൊറോന)ഫാ. ജോയി മഠത്തിമ്യാലിൽ (ആലക്കോട് ഫൊറോന). ഫാ. സിറിൾ കുറ്റിക്കൽ (തളിപ്പറമ്പ് ഫൊറോന) ഞങ്ങളുടെ എല്ലാ അച്ചൻമാർക്കും പുതിയ പ്രവർത്തനമേഘലകളിൽ എല്ലാ പ്രാർത്ഥനാശംസകളും നേരുന്നു.

## പുതിയ ഫൊറോനാ ഡയറക്ടർ അച്ചൻമാർക്ക് സ്വാഗതം

ഫൊറോനാ ഡയറക്ടേഴ്സായി നിയമിതരായിരിക്കുന്ന ബഹുമാനപ്പെട്ട വൈദീകർക്ക് യുവജനപ്രേഷിതത്വത്തിലേയ്ക്ക് സ്നേഹോഷ്മളമായ സ്വാഗതം.

| | |
|---|---|
| കാഞ്ഞങ്ങാട് ഫൊറോന | - ഫാ. പുള്ളോലിൽ തോമസ് (ഷിജു) |
| വെള്ളരിക്കുണ്ട് ഫൊറോന | - ഫാ. വലിയപറമ്പിൽ മാത്യു (ജോബിൻ) |
| ചെറുപുഴ ഫൊറോന | - ഫാ. കുഴിയാനിമറ്റത്തിൽ ജോസഫ് (അജി) |
| ആലക്കോട് ഫൊറോന | - ഫാ. ചെമ്പനാനിക്കൽ ജോൺ (റിമൽ) |
| തളിപ്പറമ്പ് ഫൊറോന | - ഫാ. വലിയനിരപ്പിൽ വിപിൻ (കപ്പുച്ചിൻ) |

## 'ആലിപ്പഴം' - പ്രകൃതി സഹവാസ ക്യാമ്പ്

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നെല്ലിക്കാംപോയിൽ ഫൊറോനയുടെ ആതിഥേയത്വത്തിൽ ജൂൺ 14, 15, 16 തീയ്യതികളിൽ പ്രകൃതി സഹവാസക്യാമ്പ് 'ആലിപ്പഴം 2019' കാഞ്ഞിരക്കൊല്ലി വിമലാംബിക ഇടവകയിൽ വച്ച് നടത്തപ്പെട്ടു. വിവിധ ഫൊറോനകളിൽ നിന്നും 89 യുവജനങ്ങൾ പങ്കെടുത്തു. കണ്ണൂർ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ തോമസ് വർഗ്ഗീസ് ക്യാമ്പ്

ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം തലശ്ശേരി അതിരൂപതാ പ്രസിഡണ്ട് ശ്രീ സിജോ കണ്ണേഴത്ത് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ, സോണി സ്കറിയ വടശ്ശേരിൽ ക്യാമ്പ് നയിച്ചു. പ്രകൃതിയെ അറിയാൻ വനത്തിലൂടെ നടത്തിയ ട്രക്കിംഗ്, ജൈവവൈവിധ്യപാർക്ക് നിർമ്മാണം, സ്കൂൾ ഗ്രൗണ്ടിൽ ചെടികൾ നട്ടുപിടിപ്പിക്കൽ, സിമിത്തേരി വൃത്തിയാക്കൽ, ഇടവകയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ കാർട്ടൂൺ പ്രതിഷേധം, യുവജനങ്ങളുടെ കലാപരിപാടികൾ, പ്രാർത്ഥനാശുശ്രൂഷകൾ, ആഘോഷമായ ജപമാലയർപ്പണം, ഗ്രൂപ്പടിസ്ഥാനത്തിൽ നടത്തിയ മൽസരങ്ങൾ എന്നിവ ക്യാമ്പിന്റെ ഹൃദ്യത വർദ്ധിപ്പിച്ചു. ക്യാമ്പിന്റെ വിജയത്തിനായി പ്രവർത്തിച്ച ഇടവക വികാരിയും നെല്ലിക്കാംപോയിൽ ഫൊറോനാ ഡയറക്ടറുമായ പ്രിയപ്പെട്ട ജോസ് ആനാനിക്കൽ അച്ചൻ, നെല്ലിക്കാംപോയിൽ ഫൊറോനാസമിതി അംഗങ്ങൾ, അതിരൂപതാ സമിതി അംഗങ്ങൾ, കാഞ്ഞിരകൊല്ലി ഇടവകാംഗങ്ങൾ, ക്യാമ്പ് സന്ദർശിച്ച് പ്രോൽസാഹിപ്പിച്ച വൈദീകർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

## സംസ്ഥാന സമാധാന സന്ദേശയാത്ര

സംസ്ഥാന സമാധാന സന്ദേശയാത്രയ്ക്ക് തലശ്ശേരി അതിരൂപത ആതിഥേയത്വമരുളി. ജൂൺ 9 ഞായറാഴ്ച രാവിലെ 7.30 ന് തലശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലിയോടെ സമാധാനയാത്രാ ചടങ്ങുകൾ ആരംഭിച്ചു. ബാന്റ് മേളങ്ങളുടെ അകമ്പടിയോടെ സംസ്ഥാന സമിതി അംഗങ്ങളെ സ്വീകരിച്ചു. ചിറ്റാരിക്കാൽ ഇടവകയിലെ യുവജനങ്ങൾ അവതരിപ്പിച്ച ഫ്ളഷ് മോബ് ഏവരെയും ചടങ്ങിലേയ്ക്ക് സ്വാഗതം ചെയ്തു. കാസർഗോഡ് എം.പി. ശ്രീ രാജ് മോഹൻ ഉണ്ണിത്താൻ വിശിഷ്ടാതിഥി ആയിരുന്നു. കെ. സി. വൈ. എം സംസ്ഥാന പ്രസിഡണ്ട് ശ്രീ സിറിയക് ചാഴികാടൻ, സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കര, ജനറൽ സെക്രട്ടറി ബിജോ പി ബാബു, അതിരൂപതാ പ്രസിഡണ്ട് ശ്രീ സിജോ കണ്ണേഴത്ത്, ഫൊറോനാ വികാരി വെരി. റവ. ഫാ. മാർട്ടിൻ കിഴക്കേത്തലക്കൽ, ഫൊറോനാ ഡയറക്ടർ ഫാ, അലക്സ് നിരപ്പേൽ, ഫാ, സോണി സ്കറിയ വടശ്ശേരിൽ, എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. വാദ്യമേളങ്ങളുടെ അകമ്പടിയോടെ യുവജനങ്ങൾ അണിനിരന്ന സമാധാനപദയാത്ര ഏറെ ആകർഷകമായിരുന്നു. മാർ ജോസഫ് പാംപ്ലാനി പിതാവ് സമാധാന സന്ദേശയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. സമാധാനസന്ദേശയാത്ര വലിയ വിജയമാക്കി തീർത്ത എല്ലാവർക്കും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

## MAD - Make A Difference logo പ്രകാശനം

ഈ വർഷത്തെ പ്രവർത്തന ആപ്തവാക്യം ഉൾകൊള്ളുന്ന ലോഗോയുടെ പ്രകാശനം കാസർഗോഡ് എം. പി. ശ്രീ രാജ് മോഹൻ ഉണ്ണിത്താൻ

അതിരൂപതാ പ്രസിഡണ്ട് ശ്രീ, സിജോ കണ്ണേഴത്തിന് നല്കി കൊണ്ട് പ്രകാശനം ചെയ്തു.

## കർമ്മപദ്ധതി പ്രകാശനം

തലശ്ശേരി അതിരൂപതാ കെ.സി.വൈ.എം എസ്.എം.വൈ.എം 2019 2020 വർഷത്തെ കർമ്മപദ്ധതി തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് സംസ്ഥാന ഡയറക്ടർ വെരി. റവ. ഫാ. സ്റ്റീഫൻ ചാലക്കര അച്ചന് നല്കികൊണ്ട് പ്രകാശനം ചെയ്തു.

## ഇമ്മിണി ബല്ല്യ ചിരി സമ്മാനർഹരെ പ്രഖ്യപിച്ചു

തലശ്ശേരി അതിരൂപതാ കെ.സി.വൈ.എം എസ്.എം.വൈ.എം ചിരി ദിനത്തോടനുബന്ധിച്ച് നടത്തിയ ഇമ്മിണി ബല്ല്യ ചിരി മൽസരത്തിൽ ടോണി കെ തോമസ്, സനീഷ് , എബിൻ തോണക്കര, ഇവ ദീപു, സുബിൻ എന്നിവർ സമ്മാനാർഹരായി. ഏവർക്കും അഭിനന്ദനങ്ങൾ.

## ജീവിതമാണ് ലഹരി

ലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് തലശ്ശേരി അതിരൂപതാ കെ. സി. വൈ. എം എസ്.എം.വൈ.എം -ന്റെ ആഭിമുഖ്യത്തിൽ ചിത്രങ്ങളുടെയും വീഡിയോകളുടെയും സഹായത്തോടെ സാമൂഹ്യമാധ്യമങ്ങളിലൂടെ ക്രിയാത്മകമായ രീതിയിൽ ബോധവൽക്കരണം നടത്തി.

## സ്മ്യൂൾ പാട്ട് മൽസരം

തലശ്ശേരി അതിരൂപതാ കെ.സി.വൈ.എം എസ്.എം.വൈ.എം- ന്റെ ആഭിമുഖ്യത്തിൽ സ്മ്യൂൾ പാട്ട് മൽസരം നടത്തി. സമ്മാനാർഹരെ അടുത്ത ഗിരിദീപത്തിൽ പ്രഖ്യാപിക്കുന്നതായിരിക്കും.

"The world is changed by your example not by your opinion"
Paulo Coelho

സ്നേഹപൂർവ്വം,

**ഫാ. സോണി സ്കറിയ വടശ്ശേരിൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

സ്മരണ ഒഴുകിപ്പോകുമ്പോൾ അത് വെറും ഓർമ്മപ്പെടുത്തൽ മാത്രമാണ്. അത് സമീപത്തുണ്ടെങ്കിലോ അത് ആനന്ദമായി പരിണമിക്കുന്നു. ഇതാണ് ദൈവജനത്തിന്റെ ആനന്ദം. സ്മരണ സമീപത്തായിരിക്കുമ്പോൾ അത് രണ്ടു കാര്യങ്ങൾ ചെയ്യുന്നു. അത് ഹൃദയത്തിന് ഊഷ്മളതയും നമുക്ക് ആനന്ദവും തരുന്നു. പ്രേഷിതവര്യനായ മാർ തോമാശ്ലീഹായുടെയും സഹനപുത്രിയായ വി.അൽഫോൻസായുടെയും പുണ്യ സ്മരണകളിലൂടെ നാം കടന്നുപോകുമ്പോൾ ചടങ്ങോ അനുഷ്ഠാനമോ മാത്രമായി ഓർമ്മകൾ കടന്നുപോകാതെ സജീവമായ ഓർമ്മയും ജീവിത പരിവർത്തനത്തിനുമുള്ള ഉപാധിയായി തീരാൻ വേണ്ട ദൈവകൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. പ്രവർത്തിക്കാം

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

850 എം.പി.സി കോഴ്സ് ജൂൺ 11 - 13 ന് പടന്നക്കാട് ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 58 ആൺകുട്ടികളും, 60 പെൺകുട്ടികളും ഉൾപ്പെടെ 118 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അവരുടെ മാതാപിതാക്കൾക്കുവേണ്ടി നടത്തിയ ക്ലാസിൽ 190 പേർ സംബന്ധിച്ചു. ആവശ്യമുള്ളവർക്കുവേണ്ടി പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

**MPC - 2019**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| JULY | 9 – 11 | Nil | 23 - 25 |
| AUGUST | 6 – 8, 27 – 29 | Nil | Nil |
| SEPTEMBER | 24 – 26 | 17 – 19 | Nil |
| OCTOBER | 15 – 17 | Nil | 29 - 31 |
| NOVEMBER | 5 – 7 | 12 – 14 | 26 - 28 |
| DECEMBER | 10 - 12 | 17-19 | Nil |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. **മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. മാതാപിതാക്കൾ രണ്ടുപേരും ഈ ക്ലാസിൽ സംബന്ധിക്കാൻ സാധിക്കാത്ത ഗൗരവമായ കാരണങ്ങൾ ഉണ്ടെങ്കിൽ വികാരിയച്ചന്മാരുടെ കത്തിൽ അക്കാര്യം സൂചിപ്പിക്കുകയോ വികാരിയച്ചന്മാർ നേരിൽ വിളിച്ചറിയിക്കുകയോ ചെയ്യേണ്ടതാണ്.** ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ.എം.പി.സി യുടെ ഫീസ് 1100 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg.Fee 600 രൂപ അടയ്ക്കേണ്ടതാണ്.
- Online Registration നടത്തുമ്പോൾ ഫീസ് ബാങ്കിൽ അടക്കുന്നവർ Bank Transfer Receipt ന്റെ Screen shot അയച്ചുതരിക/Bank Transfer Receipt സൈറ്റിൽ അപ്ലോഡ് ചെയ്യുക.
- Mobile transaction നടത്തുന്നവർ Payment ന്റെ Screen shot അയച്ചു തരിക. . **വാട്ട്സ് ആപ്പ് നമ്പർ : 9400206974**
- നേരിട്ട് ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് നൽകുന്നതായിരിക്കും. കോഴ്സിന് പങ്കെടുക്കുവാൻ വരുമ്പോൾ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖയും ബാക്കി 500 രൂപയും കൊണ്ടുവരിക.

**Family Apostolate, Contact Number: 0490 2343414, Mob: 9400206974**

## Account Details :

**Name : Director Family Apostolate**
**A/c No : 0078053000073775**
**IFSC Code: SIBL0000078**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ

വിവാഹവേദിയിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾക്ക് അനുയോജ്യരായ ജീവിതപങ്കാളിയെ കണ്ടെത്തുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ബ്യൂറോ പ്രവർത്തിച്ചു വരുന്നു. ഇന്നിത് സീറോ മലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്ത് വളരെ വിപുലമായ രീതിയിൽ പ്രവർത്തിച്ച് വരുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. www.anugrahamarry.com ഓൺലൈൻ രജിസ്ട്രേഷൻ അല്ലെങ്കിൽ ഓഫീസിൽ നേരിട്ടും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

## III. മാതൃവേദി
## 1. ജ്വാല - എടൂർ, ചെമ്പേരി

2019 പ്രവർത്തനവർഷത്തെ ജ്വാല പരിപാടി ചെമ്പേരി മേഖലയ്ക്കു വേണ്ടി ജൂലൈ 20-ാം തീയ്യതിയും എടൂർ മേഖലയ്ക്കുവേണ്ടി ജൂലൈ 27 -ാം തീയ്യതിയും നടത്തപ്പെടുന്നു. കൊടിയേറ്റ്, പൊതുസമ്മേളനം, ക്ലാസ്, കലാപരിപാടികൾ എന്നിവ ഉൾക്കൊള്ളുന്ന ജ്വാലയുടെ ക്രമീകരണത്തെക്കുറിച്ച് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. റെക്കോർഡ്സ്, യൂണിറ്റ് രജിസ്ട്രേഷൻ ഫോം, മിനിട്ടസ് ബുക്ക്, അക്കൗണ്ട് ബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഭാരവാഹികളും കൂടാതെ 5 മാതൃവേദി അംഗങ്ങളും പങ്കെടുക്കണം.

## 2. മാതൃവേദി അന്തർദേശീയ സമ്മേളനം

സീറോ മലബാർ മാതൃവേദി അന്തർദേശീയ സമ്മേളനത്തിന് ഈ വർഷത്തെ ആതിഥ്യം തലശ്ശേരി രൂപത ഏറ്റെടുത്തിരിക്കുകയാണ്. സീറോ മലബാർ സഭയുടെ 22 രൂപതകളിൽ നിന്നുള്ള രൂപതാ പ്രതിനിധികളാണ് ഈ സംഗമത്തിൽ പങ്കെടുക്കേണ്ടത്. നമ്മുടെ അതിരൂപതയിലെ ഭാരവാഹികളോടൊപ്പം മേഖലാ പ്രസിഡണ്ടുമാരെയും ഡയറക്ടർ, ആനിമേറ്റർമാർ എന്നിവരെയും ഈ ദിനത്തിലേക്ക് സ്വാഗതം ചെയ്യുന്നുഅതിരൂപതാ എക്സിക്യൂട്ടീവിന്റെ തീരുമാനപ്രകാരം ഇതിന്റെ ചിലവിലേക്കായി ഒരു യൂണിറ്റിൽ നിന്ന് 250 രൂപ വീതം നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

## 3. സീറോ മലബാർ സംസ്ഥാന മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ് - സന്ദേശഭവൻ

സീറോ മലബാർ അന്തർദേശീയ മാതൃവേദി മീറ്റിംഗിനൊരുക്കമായുള്ള പ്ലാനിംഗ് മീറ്റിംഗ് ജൂൺ 14-ാം തീയ്യതി രാവിലെ 11 മണി മുതൽ 1 മണി വരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്നു. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ ഫാമില അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഏവർക്കും സ്വാഗതം ആശംസിച്ചു. സീറോമലബാർ മാതൃവേദി ഡയറക്ടർ ഫാ. വിൽസൺ ഇലവുത്തിങ്കൽ കൂനൻ വിഷയാവതരണം നടത്തി തുടർന്ന് ചർച്ചയും പ്ലാനിംഗ് സെഷനും നടന്നു. ശേഷം അതിരൂപതാ സെനറ്റ് അംഗം ശ്രീമതി സിസിലി ബേബി പുഷ്പക്കുന്നേൽ ഏവർക്കും നന്ദിയർപ്പിച്ചതോടെ മീറ്റിംഗിനു സമാപിച്ചു.

## 4. തൂവാനീസ - നിയോഗം

കെ.എസ്.ടി യുടെ കീഴിൽ പ്രവർത്തിക്കുന്ന തൂവാനീസ (ഭാഗ്യവതി) മിനിസ്ട്രിയോട് സഹകരിച്ച് മാതൃവേദി അംഗങ്ങളും ചെയിൻ റോസറി നടത്തി സഭയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കണമെന്ന് അഭിവന്ദ്യപിതാക്കന്മാർ ആഗ്രഹിക്കുന്നു. വെഞ്ചരിച്ച ജപമാലകൾ കൈമാറി തുടർച്ചയായി നടത്തുന്ന ജപമാലകൾ മാതൃവേദി അംഗങ്ങളുടെ പ്രാർത്ഥനാ ചൈതന്യം പോഷിപ്പിക്കുവാൻ സഹായകമാണ്. ഈ മാസത്തെ ജപമാലയിൽ നമുക്ക് ജോലിയില്ലാത്തവർക്കു വേണ്ടി പ്രാർത്ഥിക്കാം.

## 5. ഹരിതം, പൂവനിക

എല്ലാ മാതൃവേദി അംഗങ്ങളും ഹരിതം പരിപാടിയോട് സഹകരിച്ച് തങ്ങളുടെ വീടുകളിൽ അടുക്കളത്തോട്ടങ്ങൾ നട്ടുവളർത്തേണ്ടതാണ്. ഓരോ ഇടവകയിൽ നിന്നും ജൈവകൃഷി നടത്തുന്നവരുടെ ലിസ്റ്റ് മേഖലാ തലത്തിൽ ശേഖരിച്ച് നൽകേണ്ടതാണ്. ഇടവക ദേവാലയത്തോട് ചേർന്ന് പൂന്തോട്ടം നിർമ്മിക്കാൻ മാതൃവേദി അംഗങ്ങൾ ശ്രദ്ധിക്കുക. ഈ തോട്ടത്തിനു മുമ്പിൽ മാതൃവേദി പൂവനിക എന്ന ബോർഡ് വയ്ക്കേണ്ടതാണ്. മത്സരനിബന്ധനകൾ മാർഗ്ഗരേഖയിൽ കൊടുത്തിട്ടുണ്ട്.

## 6. കലാസാഹിത്യ മത്സരങ്ങൾ

അതിരൂപതാ സാഹിത്യമത്സരങ്ങൾ ആഗസ്റ്റ് 23-ാം തീയ്യതി 4 റീജിയനുകളിലായും കലാമത്സരങ്ങൾ ഒക്ടോബർ 7,8 തീയ്യതികളിലും നടത്തുന്നതാണ്.

## 7. സംസ്ഥാന മരിയൻ ക്വിസ്

മരിയൻ ക്വിസ് **അതിരൂപതാതല മത്സരം ജൂലൈ 19 വെള്ളിയാഴ്ചത്തേക്ക്** മാറ്റി വച്ചിരിക്കുന്നു. രാവിലെ 10 മണിക്ക് സന്ദേശഭവനിൽ വച്ച് നടത്തുന്നതായിരിക്കും. പഠനഭാഗങ്ങൾ സംസ്ഥാനമത്സരത്തിൽ നിർദ്ദേശിക്കപ്പെട്ടവ.അതിരൂപതാതലത്തിൽ ചോദ്യോത്തര രൂപത്തിലുള്ള എഴുത്തു പരീക്ഷമാത്രമേ ഉണ്ടാവുകയുള്ളൂ. (ഒറ്റവാക്യം, ഒന്നോ രണ്ടോ വാചകങ്ങൾ) രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 50 രൂപയായിരിക്കും. രൂപതാതലത്തിൽ 1, 2 ,3 സ്ഥാനങ്ങൾ കിട്ടുന്നവരായിരിക്കും സംസ്ഥാന മത്സരത്തിനുള്ള ടീമംഗങ്ങൾ. മരിയൻ ക്വിസ്സിനുവേണ്ടി സംസ്ഥാനസമിതി നൽകിയിരിക്കുന്ന ബുക്കിനു പുറമെയുള്ള കാര്യങ്ങൾ സ്വന്തമായി പഠിക്കേണ്ടതാണ്. സഹായക ഗ്രന്ഥങ്ങൾ ചിലത് ഫാമിലി അപ്പൊസ്റ്റൊലേറ്റ് വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ കൊടുത്തിരിക്കുന്നത് പഠിച്ചാൽ നന്നായിരിക്കും.

## പഠന വിഷയങ്ങൾ

പരി.അമ്മയെക്കുറിച്ചുള്ള വിശുദ്ധ ഗ്രന്ഥങ്ങൾ, സഭാപിക്കന്മാരുടെ പഠനങ്ങൾ, വിശുദ്ധരുടെ സാക്ഷ്യങ്ങൾ, സഭയുടെ ഔദ്യോഗിക പഠനങ്ങൾ, പരി.മറിയത്തിന്റെ പ്രത്യക്ഷീകരണം, പരി.അമ്മയുടെ പ്രാർത്ഥനകൾ, മരിയൻ ക്വിസ് പുസ്തകം, മാർപാപ്പയുടെ ചാക്രികലേഖനങ്ങൾ (70%)

- സ്നേഹത്തിൽ സന്തോഷം (5%)
- ക്രിസ്തുസ് വിവിത്ത് (ക്രിസ്തു ജീവിക്കുന്നു) (5%)
- സീറോമലബാർ സഭയെക്കുറിച്ച് (5%)
- അന്തർദേശീയ സീറോമലബാർ മാതൃവേദിയെക്കുറിച്ച് (5%)
- 2019 വർഷത്തെ ലോഗോസ് ക്വിസ്സ് വിഷയത്തിൽ നിന്നും (10%)

**സംസ്ഥാനതല മത്സരം : 2019 ആഗസ്റ്റ് 12 തിങ്കളാഴ്ച**
**സ്ഥലം : മൗണ്ട് സെന്റ് തോമസ്, കാക്കനാട്**

## 8. സഖറിയാസ് കൺവെൻഷൻ - ചെമ്പേരി ഫൊറോന

ജൂൺ 18, 20 തീയ്യതികളിൽ ചെമ്പേരി ഫൊറോനയിലെ 60 വയസ്സിനു

മുകളിൽ പ്രായമായവർക്കു വേണ്ടി നടത്തിയ സഖറിയാസ് കൺവെൻഷനിൽ 500 ലധികം വയോജനങ്ങൾ പങ്കെടുത്തു. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെയും മലബാർ ക്രിസ്റ്റീൻ ടീമിന്റെയും നേതൃത്വത്തിൽ നടത്തിയ കൺവെൻഷൻ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. ഫാ.ബെന്നി പുത്തൻനട, ഫാ.നോബിൾ ഓണംകുളം, ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് വലിയമറ്റം എന്നിവർ കൺവെൻഷൻ ദിവസങ്ങളിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. വയോജനങ്ങളെ കണ്ടെത്തി രജിസ്ട്രേഷൻ നടത്തുന്നതിനും കൺവെൻഷൻ ദിവസങ്ങളിൽ ശുശ്രൂഷ ചെയ്യുന്നതിനും ചെമ്പേരി മേഖലയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ അമ്മമാർ സജീവമായി സഹകരിച്ചു. ചെമ്പേരി ഇടവക വികാരി പെരിയ ബഹു.ഫാ. ജോർജ്ജ് കാഞ്ഞിരക്കാട്ട് ഇടവകാംഗങ്ങളുടെ സഹകരണത്തോടെ എല്ലാ ക്രമീകരണങ്ങളും നടത്തിയത് നന്ദിയോടെ അനുസ്മരിക്കുന്നു. കൺവെൻഷൻ വിജയകരമാക്കാൻ താൽപര്യപൂർവ്വം അദ്ധ്വാനിച്ച മലബാർ ക്രിസ്റ്റീൻ ടീം അംഗങ്ങൾക്കും ചെമ്പേരി മേഖലാ മാതൃവേദിക്കും അഭിനന്ദനങ്ങൾ.

### 1. സഖറിയാസ് കൺവെൻഷൻ

60 വയസ്സിനു മുകളിൽ പ്രായമുള്ള ദമ്പതികൾക്കുവേണ്ടി ഫാമിലി അപ്പൊസ്റ്റൊലേറ്റ് മലബാർ ക്രിസ്റ്റീൻ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്ന ധ്യാനം ജൂലൈമാസം പനത്തടി ഫൊറോനയ്ക്കുവേണ്ടി നടക്കുന്നതാണ്. ദമ്പതികളെ കണ്ടെത്തുന്നതിനും കൺവെൻഷനിൽ പങ്കെടുപ്പിക്കുന്നതിനും മാതൃവേദി അംഗങ്ങൾ സഹകരിക്കുക

## IV. ഡയറക്ടറച്ചന്റെ സന്ദർശനം

### 1) പെരിങ്കരി യൂണിറ്റ്

മെയ് 26 -ാം തീയ്യതി ഞായറാഴ്ച പെരിങ്കരി പള്ളിയിൽ വച്ച് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അമ്മമാർക്കു വേണ്ടി ക്ലാസ് എടുത്തു. 250 ഓളം അമ്മമാർ ക്ലാസിൽ സംബന്ധിക്കുകയുണ്ടായി.

### 2) കാപ്പിമല യൂണിറ്റ്

ജൂൺ 2-ാം തീയ്യതി ഞായറാഴ്ച കാപ്പിമല ഇടവകയിലെ മാതാപിതാക്കൾക്കു വേണ്ടി പാരന്റിംഗ് നെക്കുറിച്ച് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ക്ലാസ് നയിച്ചു.

## V. ഒന്നാകാൻ - മലബാർ മേഖല വിവാഹാർത്ഥികളുടെ സംഗമം

കെ.സി.ബി.സി മലബാർ മേഖല പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വിവാഹാർത്ഥികളുടെ ഒരു സംഗമം നടത്തപ്പെടുന്നു. മലബാറിലെ മൂന്നു റീത്തുകളിൽപ്പെട്ട 7 രൂപതകളിൽ നിന്നുള്ളവർ പങ്കെടുക്കുന്നതാണ്. 25 വയസ്സിന് മുകളിലുള്ള പെൺകുട്ടികൾക്കും 30 വയസ്സിനു മുകളിലുള്ള ആൺകുട്ടികൾക്കും 50 വയസ്സിനു താഴെയുള്ള വിധവകൾക്കും വിഭാര്യർക്കും പങ്കെടുക്കാം. സംഗമം നടക്കുന്നത് 2019 സെപ്റ്റംബർ 12, 13 തീയ്യതികളിൽ കോഴിക്കോട് ചേവായൂർ പ്രസന്റേഷൻ സ്കൂൾ ഓഡിറ്റോറിയത്തിലായിരിക്കും.

സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ. ഇടവകകളിൽ പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫീസ് 200 രൂപ (മാതാപിതാക്കൾക്കൊപ്പം സംഗമത്തിനു വരുന്നവർ ഒരാൾക്ക് 100 രൂപ വീതം) വെബ്സൈറ്റ് വഴി സംഗമത്തിനുശേഷവും ബന്ധപ്പെടാനും വിവരങ്ങൾ കൈമാറാനും അവസരം ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ജൂൺ 1 ന് ആരംഭിച്ച് ആഗസ്റ്റ് 31 ന് അവസാനിക്കുന്നു. രജിസ്ട്രേഷൻ നടത്തുന്നതിന് വികാരിയച്ചന്മാർ മുൻകൈ എടുക്കണമെന്നഭ്യർത്ഥിക്കുന്നു. നോട്ടീസുകളും രജിസ്ട്രേഷൻ ഫോമുകളും മാതൃവേദി അംഗങ്ങൾ ഇടവകകളിൽ എത്തിക്കുന്നതായിരിക്കും.

## VI. ദമ്പതീ ധ്യാനം

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ ദമ്പതികൾക്കുവേണ്ടി നടത്തപ്പെടുന്ന മൂന്നു ദിവസത്തെ ധ്യാനം പരിയാരം മദർഹോമിൽ വച്ച് ആഗസ്റ്റ് 2-ാം തീയ്യതി ഉച്ചകഴിഞ്ഞ് 3 മണി മുതൽ ആഗസ്റ്റ് 4-ാം തീയ്യതി ഉച്ചകഴിഞ്ഞ് 2 മണി വരെ ദമ്പതികൾ രണ്ട് പേരും ഒരുമിച്ച് പങ്കെടുക്കേണ്ടതാണ്. യുവദമ്പതികളെ പരമാവധി പങ്കെടുപ്പിക്കുക. എല്ലാ ദമ്പതികൾക്കും സ്വാഗതം. പേരുകൾ ജൂലൈ 20 നുള്ളിൽ വികാരിയച്ചൻ അല്ലെങ്കിൽ മദർ സുപ്പീരിയർ എന്നിവരുടെ പക്കൽ രജിസ്റ്റർ ചെയ്യുക. മാതൃവേദി അംഗങ്ങൾ ദമ്പതികളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുക. ഒരു ഫൊറോനയിൽ നിന്ന് 10 ജോഡി ദമ്പതികളെയെങ്കിലും കണ്ടെത്തുക. രജി.ഫീസ് ഒരാൾക്ക് 450 രൂപ. ബുദ്ധിമുട്ടുള്ളവരെ മാതൃവേദി സ്പോൺസർ ചെയ്ത് എത്തിക്കുക. ധ്യനത്തോടനുബന്ധിച്ച് ദമ്പതീ കൗൺസലിംഗ്, ആരാധന, സൗഖ്യശുശ്രൂഷ ക്ലാസുകൾ തുടങ്ങിയവ ഉണ്ടായിരിക്കും.

## VII. മാതൃവേദി പുതിയ മേഖലാ ഡയറക്ടർമാർ

ആലക്കോട് ഫാ. ജോസഫ് കളരിക്കൽ, ചെമ്പേരി ഫാ. നോബിൾ ഓണംകുളം, ചെമ്പന്തൊട്ടി ഫാ. മാത്യു വേങ്ങക്കുന്നേൽ, ചെറുപുഴ ഫാ. ബിജു പൂത്തോട്ടാൽ, നെല്ലിക്കാംപൊയിൽ ഫാ. റോബൻ റാത്തപ്പള്ളി, കാഞ്ഞങ്ങാട് ഫാ. ജോമേഷ് നൂറാംമാക്കൽ, പനത്തടി ഫാ. ജോർജ് വള്ളിമല, തോമാപുരം ഫാ. ജോമിറ്റ് മഞ്ഞളാംകുന്നേൽ എന്നിവരെ ഫാമിലി അപ്പസ്റ്റൊലേറ്റിന്റെ പുതിയ മേഖലാ ഡയറക്ടർമാരായി തിരഞ്ഞെടുത്തു. ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## VIII. അറിയിപ്പ്

**പുതുതായി നിയമിക്കപ്പെട്ട മേഖല, യൂണിറ്റ് ആനിമേറ്റർമാരുടെ പേരും ഇടവകയും ഫോൺ നമ്പറും എത്രയും വേഗം അതിരൂപതാ ഓഫീസിൽ അറിയിക്കുവാൻ മേഖലാ പ്രസിഡണ്ടുമാർ ശ്രദ്ധിക്കുമല്ലോ**

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## വിന്നേഴ്സ് ഡേ ചെറുപുഴ റീജിയൺ

ചെറുപുഴ റീജിയൺ വിന്നേഴ്സ് ഡേ 2019 മെയ് 21 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 12.30 വരെ ചെറുപുഴ സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ചു നടന്നു. ചെറുപുഴ സെന്റ് മേരീസ് ഫൊറോന വികാരി വെരി റവ. ഫാ. ജോർജ് വണ്ടർക്കുന്നേൽ അധ്യക്ഷപദം അലങ്കരിച്ച യോഗം, ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. എൽ.എസ്.എസ്, യു.എസ്.എസ്, എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെയും വിദ്യാലയങ്ങളേയും യോഗത്തിൽ വച്ച് മൊമെന്റോ നൽകി ആദരിച്ചു. കോർപ്പറേറ്റ് മാനേജർ വെരി. റവ. ഫാ. മാത്യു ശാസ്താംപടവിൽ സ്വാഗതവും ശ്രീ. ജോബി മൂലയിൽ നന്ദിയും പറഞ്ഞു. മാതാപിതാക്കളും അധ്യാപകരും വിദ്യാർത്ഥികളുമടക്കം 650 പേർ പങ്കെടുത്തു.

## വിന്നേഴ്സ് ഡേ ചെമ്പേരി റീജിയൺ

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും നേതൃത്വത്തിൽ ചെമ്പേരി വിമൽ ജ്യോതി എൻജിനിയറിങ് കോളേജ് ഓഡിറ്റോറിയത്തിൽ എസ്.എസ്.എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെ അനുമോദിച്ചു. സമ്മേളനം തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ചെമ്പേരി ഫൊറോന വികാരി റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് അധ്യക്ഷത വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ പ്രഭാഷണം നടത്തി. ചെമ്പേരി നിർമ്മല ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ മാത്യു ജോസഫ്, ടീച്ചേഴ്സ് ഗിൽഡ് അതിരൂപത പ്രസിഡന്റ് സി.ഡി സജീവ് എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉയർന്ന വിജയം നേടിയ സ്കൂളുകൾക്ക് ഉപഹാരങ്ങൾ നൽകി.

## വിന്നേഴ്സ് ഡേ ഇരിട്ടി റീജിയൺ

കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയുടെയും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും നേതൃത്വത്തിൽ ഇരിട്ടി റീജിയണിലെ എൽ.എസ്.എസ്, എസ്.എസ്.എൽ.സി, പ്ലസ്ടു പ്രതിഭകളെ ആദരിക്കൽ ചടങ്ങ് ഇരിട്ടി സെന്റ് ജോസഫ് പാരിഷ് ഹാളിൽ വച്ചു നടന്നു. മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. സെയിന്റ് ജോസഫ് പള്ളി വികാരി ഫാ. ജോസഫ് മഞ്ചപ്പള്ളി അധ്യക്ഷത വഹിച്ചു. ജില്ല പഞ്ചായത്ത് അംഗം തോമസ് വർഗീസ് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സെക്രട്ടറി മാത്യു ജോസഫ് വരമ്പുങ്കൽ, കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ, ബിജു കുറുമുട്ടം, ജെയിംസ് മന്നാകുളം, എം.സി റോസ, തോമസ് അപ്രേം, സൂര്യനന്ദ, റിയ തോമസ്, തുടങ്ങിയവർ പ്രസംഗിച്ചു.

## കുടിയാൻമല ഫാത്തിമ യു.പി സ്കൂൾ പുതിയ കെട്ടിടം

1960 ൽ സ്ഥാപിതമായ ഫാത്തിമ യു.പി സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനവും വെഞ്ചിരിപ്പു കർമ്മവും 2019 മെയ് 25 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് തലശ്ശേരി അതിരൂപത മെത്രാപ്പൊലീത്ത മാർ ജോർജ് ഞറളക്കാട്ട് നിർവഹിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ നടന്ന പൊതു സമ്മേളനത്തിൽ ബഹുമാനപ്പെട്ട ഇരിക്കൂർ എം.എൽ.എ ശ്രീ. കെ.സി ജോസഫ് ഉദ്ഘാടനം നിർവഹിച്ചു. കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ അനുഗ്രഹ പ്രഭാഷണം നടത്തി. എരുവേശ്ശി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ജോസഫ് ഐസക്, ഇരിക്കൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ശ്രീ. ശ്രീജൻ പി.പി, ചെമ്പേരി ഫൊറോന വികാരി റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട്, മുൻ കോർപ്പറേറ്റ് മാനേജർ റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ട്, പി.റ്റി.എ പ്രസിഡന്റ് ശ്രീ. ജോജോ തെറ്റയിൽ ഫാ. ലാസർ വരമ്പകത്ത് എന്നിവർ  ആമുഖപ്രഭാഷണവും ഹെഡ്മിസ്ട്രസ്സ് ലിസ്സിയമ്മ ജോസഫ് നന്ദിയും അറിയിച്ചു. കുട്ടികളും നാട്ടുകാരും പൂർവ്വ അധ്യാപകരും ഉൾപ്പെടെ വലിയൊരു സദസ്സ് സമ്മേളനത്തിന് സാക്ഷിയായി.

## തൊണ്ടിയിൽ സെന്റ് ജോൺസ് യു.പി സ്കൂളിന്റ പുതിയ കെട്ടിടം

സെന്റ് ജോൺസ് യു.പി സ്കൂൾ തൊണ്ടിയിൽ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനവും വെഞ്ചിരിപ്പും 03-06-2019, തിങ്കളാഴ്ച അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് (തലശ്ശേരി അതിരൂപത സഹായ മെത്രാൻ) നിർവഹിച്ചു. ഔദ്യോഗിക സമ്മേളനത്തിൽ പേരാവൂർ എം.എൽ.എ ശ്രീ. അഡ്വ. സണ്ണി ജോസഫ് അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ സ്കൂൾ മാനേജർ റവ. ഫാ. ഡോ. തോമസ് കൊച്ചുകരോട്ട്, അതിരൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ, വാർഡ് മെമ്പർ ശ്രീമതി. ഡാർലി ടോമി, ഹൈസ്കൂൾ എച്ച്.എം ശ്രീ. ഒ. മാത്യു മുൻ ഹെഡ്മിസ്ട്രസ്സ് ശ്രീമതി. തങ്കം സി.എ, പി.ടി.എ പ്രസിഡണ്ട് ശ്രീ. ജെസ്റ്റിൻ റാത്തപ്പള്ളി, സീനിയർ അസിസ്റ്റന്റ് ശ്രീമതി. എൽസമ്മ റ്റി.ജെ , സ്കൂൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി. സൂസമ്മ എൻ.എസ് എന്നിവരും സംസാരിച്ചു.

## ഹരിതവിദ്യാലയം പദ്ധതിയ്ക്ക് തുടക്കമായി

അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്കൂളിൽ നല്ലപാഠം ക്ലബ്ബിന്റെയും എൻ.എസ്.എസിന്റെയും സ്കൗട്ട് ആന്റ് ഗൈഡിന്റെയും സംയുക്താഭിമുഖ്യത്തിൽ ഹരിതവിദ്യാലയം പദ്ധതിക്ക് തുടക്കമായി. ഇതോടനുബന്ധിച്ച് എല്ലാ വിദ്യാർത്ഥികളുടെയും വീടുകളിലേക്ക് കറിവേപ്പിൻ തൈ വിതരണം നടത്തി. വിഷരഹിത പച്ചക്കറി കൃഷിയുടെ പ്രോത്സാഹനം, ജൈവവേലി നിർമ്മാണം, മഴക്കുഴി നിർമ്മാണം, പ്ലാസ്റ്റിക് വിമുക്ത ക്യാംപസ് തുടങ്ങിയ വിപുലമായ പദ്ധതികളാണ് സ്കൂളിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്. തൈകളുടെ വിതരണോദ്ഘാടനം പ്രിൻസിപ്പാൾ ശ്രീ. കെ.ജെ ഫ്രാൻസിസ്  നിർവഹിച്ചു.

നല്ല പാഠം കോ-ഓർഡിനേറ്റർമാരായ ശ്രീ. പി.എ ജോർജ്, ഫാ. സജി തോമസ്, ശ്രീമതി. ലിൻസി പി.സാം, എൻ.എസ്.എസ് കോ-ഓർഡിനേറ്റർ ശ്രീ. മനോജ് എം.ഡി തുടങ്ങിയവർ നേതൃത്വം നൽകി.

## MALABAR CIVIL SERVICE SCHOLARSHIP EXAMINATION RESULT 2019

**STANDARD 3**

| SI no | NAME | SCHOOL | MARK | RANK |
|---|---|---|---|---|
| 1 | ANNA MARY BINU | MANHALAPURAM UPS | 100 | 1 |
| 2 | KASHMEERA SIJU | EDOOR LPS | 99 | 2 |
| 3 | HISHAM ROSHAN | ST JOHNS THUNDIYIL | 97 | 3 |

**STANDARD 4**

| | | | | |
|---|---|---|---|---|
| 1 | SHANUPRIYA P S | PAISAKKARY UPS | 100 | 1 |
| 2 | ALEX JAMES | THOMAPURAM LPS | 100 | 1 |
| 3 | ANUMOL JAYAN | JOSEGIRI UPS | 99 | 2 |
| 4 | ADITHYA BIJU | JOSEGIRI UPS | 99 | 2 |
| 5 | AJANTH PRAMODH | CHEMPERI UPS | 99 | 2 |
| 6 | SEBIN M DEVASIA | EDOOR LPS | 99 | 2 |
| 7 | SANJO ABHILASH | KAPPAD UPS | 98 | 3 |
| 8 | SREENANDA K | KALLUVAYAL LPS | 98 | 3 |
| 9 | AMAYA MANOJ | VAYATHUR UPS | 98 | 3 |
| 10 | ASWATHI PRAKASH | PAISAKKARY UPS | 98 | 3 |
| 11 | MARGERET BINO | UDHAYAGIRI UPS | 98 | 3 |
| 12 | IRIN THERESA JOBY | UDHAYAGIRI UPS | 98 | 3 |
| 13 | ABIN MATHEW | PALAVAYAL LPS | 98 | 3 |
| 14 | AMRUTHA SHAJI | THOMAPURAM LPS | 98 | 3 |
| 15 | JOHN ELZ TOM | THOMAPURAM LPS | 98 | 3 |
| 16 | ALVIN MATHEW RAJESH | JOSEGIRI UPS | 98 | 3 |

**STANDARD 5**

| | | | | |
|---|---|---|---|---|
| 1 | AYONA THERES | VAYATHUR UPS | 88 | 1 |
| 2 | MILNA ELZ BIJU | VAYATHUR UPS | 83 | 2 |
| 3 | ANN THERES | ST JOHNS UPS THUNDIYIL | 83 | 2 |
| 4 | JISMARIYA JAISON | KAPPAD UPS | 82 | 3 |

**STANDARD 6**

| | | | | |
|---|---|---|---|---|
| 1 | ALBIN THOMAS SIBICHAN | PAISAKKARY UPS | 95 | 1 |
| 2 | GEORGIN THOMAS | KARULLADIKKAM UPS | 91 | 2 |
| 3 | ARJUN RAJESH | VAYATTUPARAMBA UPS | 88 | 3 |

**STANDARD 7**

| | | | | |
|---|---|---|---|---|
| 1 | DAIN JOSEPH JAISON | KARIKKOTTAKARI UPS | 98 | 1 |
| 2 | ANNA ROSE SEBASTIAN | KUNNOTH UPS | 98 | 1 |
| 3 | DIYA LAILONICHAN | KARULLADIKKAM UPS | 93 | 2 |
| 4 | SURYA NANDANA | VAYATHUR UPS | 93 | 2 |
| 5 | SAPARYA SAJI | ST JOHNS UPS THUNDIYIL | 92 | 3 |
| 6 | JOSHUA SIJO | ST JOHNS UPS THUNDIYIL | 92 | 3 |

**STANDARD 8**

| | | | | |
|---|---|---|---|---|
| 1 | ANEETTA ULLAS | MANIKKADAVE HS | 98 | 1 |
| 2 | AMANTA DENNIES | MANIKKADAVE HS | 96 | 2 |
| 3 | GERARD AUGUSTINE | CHANDANAKKAMPARA HS | 95 | 3 |

**STANDARD 9**

| | | | | |
|---|---|---|---|---|
| 1 | SHALET MARY JOHN | CHANDANAKKAMPARA HS | 95 | 1 |
| 2 | CHRISTA MARIA BABU | THOMAPURAM HS | 95 | 1 |
| 3 | SURYA JACKSON | MANIKKADAVE HS | 94 | 2 |
| 4 | ABHINAV LAL | KUNNOTH HS | 94 | 2 |
| 5 | IRINE ROLSON | MANIKKADAVE HS | 93 | 3 |
| 6 | KRIPA JOHNY | CHANDANAKKAMPARA HS | 93 | 3 |
| 7 | ALFIYA P A | THOMAPURAM HS | 93 | 3 |
| 8 | ALEENA MARIA SIBICHAN | PAISAKKARY HS | 93 | 3 |

**STANDARD XI**

| | | | | |
|---|---|---|---|---|
| 1 | ANGEL SAJI | ANGADIKADAVE HSS | 95 | 1 |
| 2 | SIVARANJINI K | EDOOR HSS | 95 | 1 |
| 3 | CHRISTY JILS | VAYATTUPARAMBA HSS | 95 | 1 |
| 4 | ARYA T B | KOLAKKAD HSS | 94 | 2 |
| 5 | EVELIN TREESA SABU | ANGADIKADAVE HSS | 92 | 3 |
| 6 | ARYANANDA P | EDOOR HSS | 92 | 3 |

വിജയികൾക്ക് അഭിനന്ദനങ്ങൾ. അവധിക്കാലമായിട്ടുപോലും പരീക്ഷയ്ക്ക് വേണ്ടി കുട്ടികളെ തയ്യാറാക്കിയ മാതാപിതാക്കൾ, പ്രധാനാധ്യാപകർ, കോർഡിനേറ്റർമാർ, അധ്യാപകർ എന്നിവരെ പ്രത്യേകം ഓർമ്മിക്കുന്നു. ദൈവാനുഗ്രഹങ്ങൾ നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**

കോർപ്പറേറ്റ് മാനേജർ

## സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

***ഫോൺ : 8281750777 , 8281730777***

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


സാൻജോസ് അക്കാഡമിയുടെ വിവിധ പരിശീലന ക്യാമ്പുകൾ അതിരൂപതയുടെ വിവിധ സ്ഥലങ്ങളിൽവച്ച് നടന്നുക്കൊണ്ടിരിക്കുന്നു. ഗവൺമെന്റ് സെക്ടറുകളിലെ വിവിധ തസ്തികകളിലേക്ക് പരീക്ഷാവിജ്ഞാപനങ്ങൾ ക്ഷണിക്കപ്പെടുന്ന ഒരു സമയം കൂടിയാണല്ലോ ഇത്. ഗവൺമെന്റ്തലങ്ങളിൽ നമ്മുടെ യുവജനങ്ങൾ എത്തപ്പെടണമെന്നുണ്ടെങ്കിൽ ഈ വിജ്ഞാപനങ്ങൾ ശ്രദ്ധിക്കുവാനും അപേക്ഷകൾ അയയ്ക്കുവാനും പരീക്ഷകൾക്ക് ഒരുങ്ങുവാനും നാം പ്രേരിപ്പിക്കേണ്ടതുണ്ട്. നമ്മുടെ പള്ളികളിൽ ബഹു.വികാരിയച്ചൻമാർ ഇക്കാര്യങ്ങളെ സംബന്ധിച്ചിട്ടുള്ള അറിയിപ്പുകൾ ഫലപ്രദമായി നൽകണമെന്ന് വിനീതമായി ഓർമ്മിപ്പിക്കുന്നു. ഈ മാസംമുതൽ തൊഴിൽ അവസരങ്ങളെപ്പറ്റിയുള്ള അറിയിപ്പുകൾ വാട്ട്സ് ആപ്പ് മെസേജുകളായി നമ്മുടെ ബഹു. അച്ചന്മാരുടെ ഗ്രൂപ്പുകളിൽ അയച്ചുതരുന്നതാണ്. ഈ മെസേജുകൾ ഇടവകാഗ്രൂപ്പുകളിൽ ഫോർവേഡ് ചെയ്താൽ ഉപകാരമായിരുന്നു. സാൻജോസ് അക്കാഡമിയിലൂടെ ഈ കാലഘട്ടത്തിൽനടത്തപ്പെടുന്ന വിവിധ പരിശീലനങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.നമ്മുടെ ഇടവകയിലെ മിടുക്കൻമാരായ കുട്ടികൾക്ക് ഈ കാര്യങ്ങളിലുള്ള ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകി സഹകരിക്കുമല്ലോ.

## IELTS പരിശീലനം

ഇംഗ്ലീഷ് ഭാഷ ലോക ഭാഷയായി മാറിയ ഈ കാലഘട്ടത്തിൽ നമ്മുടെ കുട്ടികൾക്ക് വിവിധ കോഴ്സുകളിൽ അഡ്മിഷൻ നേടുവാനും വിജയിക്കുവാനും വിവിധ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കും IELTS, OET തുടങ്ങിയ സർട്ടിഫിക്കറ്റുകൾ അത്യന്താപേഷിതമാണ്. നമ്മുടെ കുട്ടികൾക്ക് നല്ല പരിശീലനം നൽകി വിജയികളാക്കുവാൻ സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ തലശ്ശേരി മാതാ സെന്റർ കേന്ദ്രീകരിച്ച് IELTS പരിശീലനം ആരംഭിച്ചിരിക്കുന്നു. കോഴ്സ് ഫീസ് രണ്ട് മാസത്തേക്ക് 10000 രൂപയും + ഹോസ്റ്റൽ ഫീസും ഒരു മാസത്തേക്ക് 8000 രൂപയും ഹോസ്റ്റൽ ഫീസുമാണ് നിശ്ചയിച്ചിരിക്കുന്നത്. വിജയികൾക്ക് U Kയിൽ നേഴ്സിംഗ് സംബന്ധമായ ജോലികൾക്ക് പ്രത്യേക സഹായസഹകരണങ്ങൾ സൗജന്യമായി സാൻജോസ് അക്കാഡമി നൽകുന്നതാണ്. അടുത്ത ബാച്ച് ജൂലൈ

1 –ന് ആരംഭിക്കുന്നതാണ്. അഡ്മിഷൻ ആവശ്യമുള്ളവർ 8281 750 777, 8281 730 777 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.കേരളത്തിലെ പ്രമുഖ അദ്ധ്യാപകർ കോഴ്സുകൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു.

IELTS അക്കാഡമിയിലേക്ക് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള അധ്യാപകരെ ആവശ്യമുണ്ട്. ഉദ്യോഗാർത്ഥികൾക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് ബന്ധപ്പെടാവുന്നതാണ്.

## I. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K - TET അഞ്ചാം ബാച്ചിന്റെ പരിശീലനം ഓഗസ്റ്റ് മാസം 17–ാം തിയ്യതി മുതൽ ഇരിട്ടി സെന്റ്ജോസഫ് ഓഡിറ്റോറിയത്തിൽവച്ച് ആരംഭിക്കുന്നതാണ്. പുതിയ ബാച്ചിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

## II. Bridge +1

എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായി രണ്ട് വർഷം നീണ്ടുനിൽക്കുന്ന പരീശീലന ക്യാമ്പുകൾ ഇരിട്ടി സെന്റ് ജോസഫ് ചർച്ചിൽവച്ചു നടന്നുകൊണ്ടിരിക്കുന്നു. പ്ലസ് വൺ സയൻസ് ഗ്രൂപ്പിൽ അഡ്മിഷൻ എടുത്ത കുട്ടികൾക്ക് ഇപ്പോൾ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സുകൾക്ക് രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. പ്രധാന അവധിദിവസങ്ങളിലും ശനിയാഴ്ച ദിവസങ്ങളിലും ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞുമാണ് ക്ലാസ്സുകൾ നടത്തപ്പെടുക.

## III. Bridge +2

ഇക്കഴിഞ്ഞ വർഷത്തിൽ ആരംഭിച്ച എൻട്രൻസ് പരിശീലനങ്ങളുടെ തുടർച്ചയായി പ്ലസ്ടു പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്കായുള്ള എൻട്രൻസ് രണ്ടാംവർഷ പരിശീലനം ഇരിട്ടി സെന്റ് ജോസഫ് ചർച്ചിൽവച്ചു നടന്നുവരുന്നു. രണ്ടാം വർഷ പരിശീലനത്തിൽ പുതുതായി അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സാൻജോസ് അക്കാഡമി ഓഫീസിൽ പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

## IV. PSC Coaching

കേന്ദ്ര- സംസ്ഥാന ഗവൺമെന്റ് മേഖലകളിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള കവാടമാണല്ലോ P.S.C., U.P.S.C. പരീക്ഷകൾ. ലളിതവും എന്നാൽ നല്ല ഒരുക്കവും പരിശീലനവും ആവശ്യമായ പരീക്ഷാഘടനയാണ് ഇതിനുള്ളത്. നമ്മുടെ അതിരൂപതയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന ഈ പരിശീലന പദ്ധതി കാര്യക്ഷമമായി

മുന്നോട്ടുപോകുന്നു. അടുത്ത ബാച്ച് ജൂലൈ മാസത്തോടുകൂടി പൈസക്കരി ദേവമാതാ കോളേജ്, വെള്ളരിക്കുണ്ട് സെന്റ് ജൂഡ്സ് കോളേജ്, ആലക്കോട് മേരിമാതാ കോളേജിലുമായി ഡിഗ്രി കോഴ്സുകളോടൊപ്പം ആരംഭിക്കുന്നു. അഡ്മിഷൻ ആവശ്യമുള്ളവർ കോളേജ് ഓഫീസിലോ, 8281 750 777, 8281 730 777 എന്നീ നമ്പറുകളിലോ ബന്ധപ്പെടേണ്ടതാണ്.

## V. NET Exam Crash Coaching

ഡിസംബർ മാസത്തിൽ നടക്കാനിരിക്കുന്ന നെറ്റ് പരീക്ഷയക്ക് ഒരുക്കമായുള്ള പരിശീലനം ഓഗസ്റ്റ് മാസം 18-ാം തിയ്യതി മുതൽ ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽവച്ച് ആരംഭിക്കുന്നതാണ്. വിവിധ യൂണിവേഴ്സിറ്റികളിലെ പ്രഗല്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നതായിരിക്കും. പി.ജി. രണ്ടാം വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പുർത്തിയാക്കിയവർക്കും കോളേജ് അധ്യാപകരാകാനും റിസേർച്ച് ഫെലോസ് ആകാനുമുള്ള യോഗ്യതാ പരീക്ഷയായ യു.ജി.സി. നെറ്റ് പരീക്ഷയ്ക്ക് വേണ്ടിയുള്ള പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. താൽപ്പര്യമുള്ളവർ സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടുക.

## VI. ഉപരിപഠന സഹായങ്ങൾ

+2 കഴിഞ്ഞ വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളെ സംബംന്ധിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചും ഏറെ സംശയങ്ങൾ ഉണ്ടാകാറുണ്ട്. വിദേശ രാജ്യങ്ങളിലും കേരളത്തിന് അകത്തും പുറത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർക്ക് സാൻജോസ് അക്കാഡമി സഹായസഹകരണങ്ങൾ നൽകാറുണ്ട്. ആവശ്യമുള്ളവർക്ക് സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടാവുന്നതാണ്.

## VII. ജോലി ഒഴിവ്

സാൻജോസ് അക്കാഡമിയുടെ വിവിധ പരിശീലനകേന്ദ്രങ്ങളിലേക്ക് കെമിസ്ട്രി, ഫിസിക്സ്, കണക്ക്, സുവോളജി, ബോട്ടണി എന്നീ വിഷയങ്ങളിൽ പി.ജി കഴിഞ്ഞ അധ്യാപകരെ ദിവസവേതനത്തിൽ നിയമിക്കുന്നതാണ്. ഈ വിഷയങ്ങളിൽ മികച്ച എൻട്രൻസ് കോച്ചിംങ് നൽകാൻ പ്രാഗല്ഭ്യമുള്ള അധ്യാപകരെയാണ് അക്കാഡമി പ്രതീക്ഷിക്കുന്നത്. നമ്മുടെ ഇടവകകളിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഉണ്ടെങ്കിൽ ബഹു.വികാരിയച്ചന്മാർ ഈ വിവരം പള്ളികളിൽ അറിയിക്കുമല്ലോ. അതോടൊപ്പം പി.എസ്.സി കോച്ചിംഗിന്റെ ഭാഗമായുള്ള വിവിധ വിഷയങ്ങളിൽ ക്ലാസുകൾ എടുക്കാൻ യോഗ്യരായ അധ്യാപകരെയും അക്കാഡമിയിലേക്ക് ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. നമ്മുടെ കോർപ്പറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന അധ്യാപക-ഉദ്യോഗാർത്ഥികളായ സഹോദരങ്ങൾക്ക് ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

വിവിധ സ്ഥാപനങ്ങളും കമ്പനികളും അവരുടെ വിവിധ കേന്ദ്രങ്ങളിൽ വരുന്ന ഒഴിവുകൾ സാൻജോസ് അക്കാഡമിയിൽ അറിയിക്കാറുണ്ട്. നമ്മുടെ ഇടവകകളിൽപ്പെടുന്ന അഭ്യസ്ഥവിദ്യരായ ആളുകൾക്ക് സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടുകയാണെങ്കിൽ ഇത്തരം ജോലി ഒഴിവുകളെ സംബന്ധിച്ചുള്ള അറിവുകൾ കൈമാറുന്നതാണ്.

## VIII. വിജയവീഥി: ഉപരിപഠന വഴികാട്ടി

സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ പത്താം ക്ലാസ്സ്, പ്ലസ് ടു പഠിക്കുന്ന കുട്ടികൾക്ക് പഠനശേഷം തെരെഞ്ഞെടുക്കാവുന്ന വിവിധ കോഴ്സുകളെസംബന്ധിച്ചും പരീക്ഷകളെസംബന്ധിച്ചും വിശദമായി പ്രതിപാദിക്കുന്ന 'വിജയവീഥി: ഉപരിപഠന വഴികാട്ടി' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ കാലയളവിൽ വിവിധ പരീക്ഷകൾ എഴുതി പുതിയ കോഴ്സുകൾക്കുവേണ്ടി കാത്തിരിക്കുന്നവർക്ക് ഇത് ഒരു നല്ല വഴികാട്ടിയായ പുസ്തകമായിരിക്കും. എല്ലാ ഹൈസ്കൂളുകളിലെയും ഹയർസെക്കണ്ടറിയിലെയും കുട്ടികൾക്ക് ഇത് ഉപകാരപ്രദമാവട്ടെ എന്ന് ആശംസിക്കുന്നു.പുസ്തക വില 100 രൂപ. കൂടുതൽ കോപ്പികളെടുക്കുന്നവർക്ക് പ്രത്യേക ഡിസ്കൗണ്ട് നൽകുന്നതാണ്.

## സെമിനാറുകൾ - ക്ലാസ്സുകൾ

09.06.2019 ന് പൊൻമല ഇടവകയിൽ ബഹു. പയസ് പടിഞ്ഞാറെമുറിയിൽ അച്ചൻ ഞായറാഴ്ച വി.കുർബ്ബാന അർപ്പിക്കുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

16.06.2019 ന് കീഴ്പ്പള്ളി ഇടവകയിൽ ബഹു. പയസ് പടിഞ്ഞാറെമുറിയിൽ അച്ചൻ സൺഡേ സ്ക്കൂൾ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ക്ലാസ്സുകൾ നൽകുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

30.06.2019 ന് കരുവൻഞ്ചാൽ ഇടവകയിലെ മാതാപിതാക്കൾക്ക് ബഹു.ഡയറക്ടർ അച്ചൻ ക്ലാസ്സുകൾ നൽകി, സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

ഇത്തരത്തിൽ വേദി ഒരുക്കിതന്ന ബഹു.എല്ലാ വികാരിയച്ചൻമാർക്കും സൺഡേ സ്ക്കൂൾ അധ്യാപകർക്കും സ്നേഹത്തോടെ നന്ദി അറിയിക്കുന്നു

## ഹൃദയപൂർവ്വം

സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായസഹകരണങ്ങൾ നല്കിയ ഏവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് ....

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി.

*കത്തോലിക്കാ കോൺഗ്രസ്സിന്റെ ഓഫീസിൽനിന്ന് ആശംസകൾ!*

ദുക്റാനാ തിരുനാളിന്റെ ആശംസകൾ !

## അതിരൂപത ഭാരവാഹികളുടെ യോഗം

10-6-2019ന് അതിരൂപത ഭാരവാഹികളുടെ യോഗം സന്ദേശഭവനിൽ നടന്നു. അതിരൂപത ഭാരവാഹികളുടെ ഫെറോന-യൂണിറ്റു സന്ദർശന പരിപാടികൾ വിലയിരുത്തി. ജൂലൈ 15ന് മുമ്പായി സന്ദർശന പരിപാടികൾ പൂർത്തീകരിച്ച് ഫൊറോന സമിതികൾ വിളിച്ച് ചേർക്കുന്നതിനും തീരുമാനിച്ചു. യോഗത്തിൽ അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല അദ്ധ്യക്ഷം വഹിച്ചു. അതുരൂപത ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ വിഷയാവതരണം നടത്തി.

## വർക്കിംഗ് കമ്മിറ്റി

4-6-2019ന് പാലാരിവട്ടം പി.ഒ.സി.യിൽ നടന്ന വർക്കിംഗ് കമ്മിറ്റിയിൽ അഡ്വ. ടോണി പുഞ്ചക്കുന്നേൽ, ചാക്കോച്ചൻ കാരാമയിൽ എന്നിവർ പങ്കെടുത്തു.

## ജൂലൈ 3 - സഭാദിനം

ദുക്റാന തിരുനാൾ ദിവസമായ ജൂലൈ 3 സഭാദിനമായി കത്തോലിക്കാ കോൺഗ്രസ് ആചരിക്കുന്നു. പതാക ഉയർത്തൽ, സന്ദേശങ്ങൾ നല്കൽ, മധുരപലഹാര വിതരണം വിശ്വാസപരിശീലനത്തിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ കുട്ടികളെ ക്ലാസ്സടിസ്ഥാനത്തിൽ ആദരിക്കൽ തുടങ്ങിയ പരിപാടികളോടെ നടത്താവുന്നതാണ്.

## സംയുക്തയോഗം

ജൂലൈ 10ന് ബുധനാഴ്ച രാവിലെ 10.30ന് കത്തോലിക്കാ കോൺഗ്രസ് അതിരൂപത ഗവേണിംഗ് കൗൺസിൽ അംഗങ്ങൾ, ഫെറോനാ ഡയറക്ടർമാർ, അതിരൂപത ഭാരവാഹികൾ, ഫെറോനാ പ്രസിഡന്റുമാർ എന്നിവരുടെ സംയുക്തയോഗം സന്ദേശഭവനിൽ ചേരുന്നതാണ്. അഭിവന്ദ്യപിതാവ് മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതാണ്. ജൂലൈമാസത്തെ പരസ്പര സഹായനിധിയോഗം അന്നേദിവസം ഉച്ചക്ക് 1 മണിക്ക് ചേരുന്നതാണ്.

## FORANE DIRECTORS OF A.K.C.C

| | | |
|---|---|---|
| 1 | Alakode | Rev. Fr. Isac Mattathil |
| 2 | Chempanthotty | Rev. Fr. Santhosh Charamthottiyil |
| 3 | Chemperi | Rev. Fr. Scaria Poovathanikunnel |
| 4 | Cherupuzha | Rev. Fr. Joseph Thenammackal |
| 5 | Edoor | Rev. Fr. George Thekkumchery |
| 6 | Kanhangad | Rev. Fr. Abraham Madathimyalil |
| 7 | Kunnoth | Rev. Fr. Thomas Amakattu |
| 8 | Marygiri | Rev. Fr. Jose Kunnel |
| 9 | Nellickampoil | Rev. Fr. Thomas Payyamppilli |
| 10 | Paisakary | Rev. Fr. Kuriakose Kolakunnel |
| 11 | Panathady | Rev. Fr. Jis Kalappura |
| 12 | Peravoor | Rev. Fr. Sebastian Ambattu |
| 13 | Thomapuram | Rev. Fr. Antony Pallikunnel |
| 14 | Taliparamba | Rev. Fr. Thomas Mappilaparambil |
| 15 | Vayattuparamba | Rev. Fr. Mathew Vettuvelil |
| 16 | Vellarikundu | Rev. Fr. Joseph Anachary |

സ്നേഹപൂർവ്വം,

**ദേവസ്യ കൊങ്ങോല**
അതിരൂപതാപ്രസിഡന്റ്

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

## B.Tech, M.Tech, MBA അഡ്മിഷൻ

2019-20 വർഷത്തെ B.Tech, M.Tech, MBA അഡ്മിഷൻ ആഗ്രഹിക്കുന്നവർ നേരിട്ട് കോളേജിൽ വരിക.

## വിമൽ ജ്യോതിയിൽ നിലവിലുള്ള കോഴ്സുകൾ

| **B.Tech** | **Seats** |
|---|---|
| 1. Applied Electronics & Instrumentation | - 30 |
| 2. Civil Engineering | - 120 |
| 3. Computer Science & Engineering | - 120 |
| 4. Electrical & Electronics Engineering | - 60 |
| 5. Electronics & Communication Engineering | - 90 |
| 6. Mechanical Engineering | - 120 |

**M.Tech**

1. Control & Instrumentation
2. Stuctural Engineering & Construction Management
3. Computer Science & Engineering
4. Power Electronics
5. Communication Engineering & Signal Processing
6. Thermal Engineering

**Ph.D**

**B.Tech Honours -** NBA അക്രഡിറ്റേഷൻ ലഭിച്ചതിനാൽ നമ്മുടെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് B.Tech Honours ന് ചേരാൻ അനുമതി എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (KTU) നിന്ന് ലഭിച്ചു എന്ന വിവരം അഭിമാനപൂർവ്വം അറിയിക്കുന്നു. അഡ്മിഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് കോളേജിൽ നേരിട്ട് വരികയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക : 9447683082, 9846423448, 0460 2213399, 2212240.

## പ്ലേസ്മെന്റ് വാർത്തകൾ

1. Quest Innovative Solutions ജൂൺ 18,19 തീയതികളിൽ വിമൽ ജ്യോതിയിലെ കുട്ടികൾക്കായി കാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുകയും 6 കുട്ടികൾ ഫൈനൽ റൗണ്ട് ഇന്റർവ്യൂവിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.
2. Proaims IOT Solutions എന്ന കമ്പനി നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിലെ 28 കുട്ടികൾ അവസാന റൗണ്ട് ഇന്റർവ്യൂവിലേക്ക്

തിരഞ്ഞെടുക്കപ്പെട്ടു. ഫൈനൽ റൗണ്ട് ഇന്റർവ്യൂ ജൂൺ മാസം അവസാനം നടക്കും.

3. കൊച്ചിൻ ബേസ്ഡ് കമ്പനിയായ Fleming Software Solutions വിമൽ ജ്യോതിയിൽ കാമ്പസ് റിക്രൂട്ട്മെന്റ് നടത്തുകയും 15 കുട്ടികളെ അവസാന റൗണ്ട് ഇന്റർവ്യുവിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.
4. പ്രമുഖ ITES കമ്പനിയായ DIYA Systems Mangalore സംഘടിപ്പിച്ച കാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിലെ 5 കുട്ടികൾക്ക് ടെക്നിക്കൽ സപ്പോർട്ട് എൻജിനീയർ ആയി ജോലി ലഭിച്ചു.
5. 2018-19 അധ്യയന വർഷത്തിൽ 252 കുട്ടികൾക്ക് ജോബ് ഓഫർ ലഭിച്ചു.

## വിമൽ ജ്യോതിയിൽ അദ്ധ്യാപകർക്കായി iOS App നിർമ്മാണവും സോഫ്റ്റ്വെയർ ട്രെയിനിംഗും നടത്തി

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ജൂൺ 17നും, 25നും അധ്യാപകർക്കായുള്ള സാങ്കേതിക വിദ്യയുടെ പരിശീലന പരിപാടിയുടെ ഭാഗമായി വിവിധ ios App നിർമ്മാണ പ്രവർത്തനങ്ങളും മൈക്രോസോഫ്റ്റിന്റെ വിവിധ സോഫ്റ്റ്വെയർ ട്രെയിനിംഗും നടത്തി. കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിലെ അസി. പ്രൊഫസർമാരായ ഡെറോൾ ഡേവിഡ്, ആൻസി കെ സണ്ണി എന്നിവർ നേതൃത്വം നൽകി.

## വിമൽ ജ്യോതിയിൽ അവസാനവർഷ വിദ്യാർത്ഥികൾക്ക് പ്ലെയിസ്മെന്റ് ട്രെയിനിംഗ് നടത്തി

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കായി പ്ലെയിസ്മെന്റ് പരിശീലനം ജൂൺ 24 മുതൽ 28 വരെ കോളേജിൽ വച്ച് നടത്തപ്പെട്ടു.

## വിമൽ ജ്യോതിയിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു

വിമൽ ജ്യോതി എൻജിനീയറിങ് കോളേജിൽ സിവിൽ എൻജിനീയറിങ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സമകാലിക നിർമാണ സാധ്യതകളെക്കുറിച്ചുള്ള ദേശീയ സെമിനാർ മെയ് 30ന് സംഘടിപ്പിച്ചു. എൻ.ഐ.ടി സൂറത്കലിലെ സിവിൽ വിഭാഗം മേധാവി പ്രൊഫ. കട്ട വെങ്കിട്ടരമണ പരിപാടി ഉദ്ഘാടനം നിർവഹിച്ചു. ഡോ. രാജേഷ് (അസോസിയേറ്റ് പ്രൊഫസർ, കണ്ണൂർ എൻജിനീയറിങ് കോളേജ്), ഡോ. ലീന എ.വി. (അസോസിയേറ്റ് പ്രൊഫസർ, ശ്രീ നാരായണ ഗുരു കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി, പയ്യന്നൂർ) തുടങ്ങി നിരവധി സാങ്കേതിക വിദഗ്ധർ ചടങ്ങിൽ പങ്കെടുത്തു. കേരളത്തിനകത്തും പുറത്തുനിന്നുമായി അറുപതോളം വിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## International Conference on Intelligent Computing, Instrumentation and Control Technologies

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ, 2019 ജൂലൈ 5,6 തീയതികളിൽ അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കുന്നു. ഇന്ത്യക്കകത്തും, വിവിധ രാജ്യങ്ങളിൽ നിന്നുമായി 350 ഓളം പ്രബന്ധങ്ങൾ പ്രസ്തുത സെമിനാറിൽ അവതരിപ്പിക്കും. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. രാജശ്രീ എം.എസ് മുഖ്യ അതിഥി ആയിരിക്കും. മലേഷ്യ, ഗ്രീസ്, യു.എസ്.എ എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖർ വിവിധ എൻജിനീയറിംഗ് മേഖലകളിലെ നൂതന ആശയങ്ങൾ അവതരിപ്പിക്കും.

## എ.ഐ.സി.ടി.ഇ സ്പോൺസർ ചെയ്യുന്ന ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം നടത്തി

2019 മെയ് 20 മുതൽ ജൂൺ 1 വരെ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ എ.ഐ.സി.ടി.ഇ പൂർണ്ണമായും സ്പോൺസർ ചെയ്യുന്ന ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം നടത്തപ്പെട്ടു. പ്രസ്തുത പ്രോഗ്രാം ബയോമെഡിക്കൽ മേഖലയിലെ ഗവേഷണ സാധ്യതകളേയും വെല്ലുവിളികളെയുംകുറിച്ചാണ്. 20-ാം തീയതി നടന്ന ഉദ്ഘാടന സമ്മേളനത്തിൽ തലശ്ശേരി അതിരൂപത സഹായമെത്രാനും വിമൽ ജ്യോതിയുടെ ചെയർമാനുമായ മാർ ജോസഫ് പാംപ്ലാനിയും, എ.ഐ.സി.ടി.ഇ ദക്ഷിണമേഖല മേധാവി ഡോ.രമേഷ് ഉണ്ണിക്കൃഷ്ണനും, മഹേന്ദ്ര കോളേജ് പ്രിൻസിപ്പൽ ഡോ. എം മാധേശ്വരനും പങ്കെടുത്തു. ബയോമെഡിക്കൽ മേഖലയിലെ വിദഗ്ധർ ക്ലാസ്സുകൾ നയിച്ചു.

## എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല സ്പോൺസർ ചെയ്യുന്ന ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം നടത്തി

2019 മെയ് 27 മുതൽ 31 വരെ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം മദ്രാസ് ഐ.ഐ.ടിയിലെ പ്രൊഫസർ പ്രസാദ് ഇടമണ്ണ ഉദ്ഘാടനം നിർവ്വഹിച്ചു. സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർക്ക് പ്രസ്തുത വിഷയത്തിലുള്ള അതിനൂതന സമ്പ്രദായങ്ങളെക്കുറിച്ച് പരിശീലനം നൽകുന്നതിനാണ് ഈ പ്രോഗ്രാം നടത്തിയത്.

## ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ദ്വിദിന പഠന പരിശീലന ക്യാമ്പ് നടത്തി

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി വിമൽജ്യോതിയിലെ മെക്കാനിക്കൽ വിഭാഗം ദ്വിദിന പഠന പരിശീലന ക്യാമ്പ് മെയ് 20ന് നടത്തി. റോബോട്ടുകളുടെ നിർമാണവും അടിസ്ഥാന തത്വങ്ങളും ഉൾക്കൊള്ളിച്ച

പഠന ക്യാമ്പിൽ കോളേജിലെ വിദ്യാർഥികൾ നിർമിച്ച ഫോർമുല 1 റേസിംഗ് കാറിന്റെ അടിസ്ഥാന തത്വങ്ങളും, പ്രവർത്തനരീതിയും വിദ്യാർത്ഥികൾക്ക് പറഞ്ഞു കൊടുത്തു. പഠനത്തിൽ മികവ് തെളിയിച്ച 50ഓളം വിദ്യാർത്ഥികൾ ഇതിന്റെ ഭാഗമായി.

## അദ്ധ്യാപർക്ക് പരിശീലനം നൽകി

മേയ് 17ന് ആധുനിക പഠന രീതികളെ കുറിച്ച് ആമുഖമായി ഓൺലൈൻ പഠന വിഡിയോകൾ നിർമിക്കാനുള്ള ശില്പശാല കോളേജിൽ നടത്തി. ഇതിൽ മാറി വരുന്ന പഠന രീതികളും, നൂതന സാങ്കേതിക വിദ്യയെ പഠനത്തിന് ഉപകാരപ്രദമായ രീതിയിൽ ഉപയോഗിക്കാൻ ഉള്ള സാധ്യതകളെ കുറിച്ചും അദ്ധ്യാപർക്ക് പരിശീലനം നൽകി.

## പവർ ഇലക്ട്രോണിക്സ് ദിനാചരണം നടത്തി

കുട്ടികളെ അന്തർദേശീയതലത്തിൽ സാങ്കേതിക പരിശീലനം നേടാൻ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര സംഘടനയായ IEEE Power Electronics Society വിമൽ ജ്യോതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അതിന്റെ ഭാഗമായി അന്താരാഷ്ട്ര സർവ്വകലാശാലകളിൽനിന്നുപോലും പ്രൊഫസർമാരേയും സാങ്കേതിക വിദഗ്ധരെയും സൗജന്യമായി കാമ്പസിലെത്തിക്കാൻ ഈ സംഘടനയ്ക്ക് സാധിച്ചിട്ടുണ്ട്. PELS സൊസൈറ്റിയുടെ ഈ വർഷത്തെ പവർ ഇലക്ട്രോണിക്സ് ദിനാചരണം ജൂൺ 24-ാം തീയതി കോളേജ് കാമ്പസിൽ നടത്തി.

## ത്രിമാന പ്രിന്റിങ് പഠന ക്ലാസ് നടത്തി

2019 മെയ് 24ന് നടന്ന, 'ത്രിമാന പ്രിന്റിങ് എങ്ങിനെ ചെയ്യാം' എന്നതിനെ കുറിച്ചു നടത്തിയ പഠന ക്ലാസ് വളരെ അധികം ശ്രദ്ധ പിടിച്ചുപറ്റി.

## പൈപ്പിംഗ്, പ്ലംബിംഗ് മേഖലകളിൽ പരിശീലനം നൽകി

BIMLABS ന്റെ ആഭിമുഖ്യത്തിൽ മെയ് 12ന് എൻജിനീയറിംഗ് വിദ്യാർത്ഥികൾക്ക് 10 ദിവസത്തെ പൈപ്പിംഗ്, പ്ലംബിംഗ് മേഖലകളിൽ നൽകിയ പരിശീലനം പുസ്തകങ്ങൾക്കപ്പുറം പ്രായോഗിക എൻജിനീയറിംഗ് പഠനത്തിനുള്ള അവസരം വിദ്യാർത്ഥികൾക്ക് നൽകി.

## 2019-20 വർഷത്തെ നവാഗതർക്കായി ബൂട്ട് ക്യാമ്പ് സംഘടിപ്പിച്ചു

2019-20 വർഷത്തെ നവാഗതർക്കായി കോളേജ് അദ്ധ്യാപകരുടെയും വ്യവസായ വിദഗ്ധരുടേയും നേതൃത്വത്തിൽ ജൂൺ 24 മുതൽ 28 വരെ എല്ലാ ഡിപ്പാർട്ട്മെന്റുകളിലും ബൂട്ട് ക്യാമ്പ് കോളേജിൽ വച്ച് നടത്തപ്പെട്ടു. മുൻകാല വിദ്യാർത്ഥികൾ അവരുടെ അനുഭവസമ്പത്ത് പുതിയ കുട്ടികളുമായി പങ്ക് വച്ച് അവർക്ക് പ്രചോദനം നൽകി.

## ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ പ്ലേസ്മെന്റ് ക്യാമ്പ്

വിമൽ ജ്യോതിയിലെ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നവീന സാങ്കേതിക വിദ്യയിൽ ജോലി

സാധ്യതാ മേഖലകളായ ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, ഇൻഡസ്ട്രിയൽ പ്രോസസ് കൺട്രോൾ എന്നിവയിൽ 24 ദിന ട്രെയിനിംഗ് പ്രോഗ്രാം നടത്തി. ഇൻസ്ട്രുമെന്റേഷൻ ഡിപ്പാർട്ട്മെന്റിലെ എല്ലാ വിദ്യാർത്ഥികൾക്കും പഠിച്ച മേഖലയിൽതന്നെ ജോലി ഉറപ്പുവരുത്തുന്ന പരിപാടിയിൽ ബാംഗ്ലൂർ ആസ്ഥാനമായിട്ടുള്ള Prolific Systems & Technology Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നുള്ള പരിശീലകർ ക്ലാസ്സുകൾ എടുത്തു.

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ച്

വിമൽ ജ്യോതി എം.ബി.എ കോളേജിൽ അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. Dual specialisation in : Marketing, Finance & HRM - 60 ഡിഗ്രിക്ക് 50% മാർക്കും എൻട്രൻസിന് യോഗ്യതയുമാണ് അടിസ്ഥാന മാനദണ്ഡങ്ങൾ. അവസാനവർഷ ഡിഗ്രിക്കാർക്കും അപേക്ഷിക്കാവുന്നതാണ്. അഡ്മിഷൻ ആഗ്രഹിക്കുന്നവർ നേരിട്ട് കോളേജിൽ വരികയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക : 0460 2213399, 2212240, 9400512240

## നന്ദി

കഴിഞ്ഞ 3 വർഷമായി വിമൽ ജ്യോതിയിൽ സ്തുത്യർഹമായ സേവനത്തിനുശേഷം നെടുവാലൂർ പള്ളി വികാരിയും തളിപ്പറമ്പ് ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഡ്മിനിസ്ട്രേറ്ററുമായി സ്ഥലംമാറിപ്പോയ ബഹു. വിപിൻ വെമ്മേനിക്കട്ടയിൽ അച്ചന് ഹൃദയംനിറഞ്ഞ നന്ദിയും യാത്രാമംഗളങ്ങളും, പുതിയ പ്രവർത്തനമേഖലയിൽ വിജയാശംസകളും നേരുന്നു.

വിമൽ ജ്യോതി അൽഫോൻസ ഹോസ്റ്റൽ വാർഡനായി 4 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥലംമാറിപ്പോയ സി.റോസമ്മയ്ക്കും, മദർ തെരേസ പി.ജി. ഹോസ്റ്റൽ വാർഡനായിരുന്ന സി. ആലീസിനും വിമൽ ജ്യോതി കുടുംബത്തിന്റെ നന്ദിയും ആശംസയും.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# നിർമ്മലഗിരി വാർത്തകൾ

## 1. നിർമലഗിരി കോളേജിന് 82 ലക്ഷത്തിന്റെ ഡിബിടി സ്റ്റാർ സ്കീം ഗ്രാന്റ്

കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജി (ഡിബിടി) മികച്ച കോളേജുകൾക്ക് നൽകി വരുന്ന സ്റ്റാർ സ്കീമിൽ നിർമലഗിരി കോളേജും ഇടം നേടി. കോളേജുകളിൽ ശാസ്ത്ര ബിരുദ കോഴ്സുകൾ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്ന 82 ലക്ഷം രൂപയുടെ ഗ്രാന്റ് ലഭിച്ച ഇന്ത്യയിലെ 20 കോളേജുകളിൽ ഒന്നാണ് നിർമ്മലഗിരി കോളേജ്. കേരളത്തിൽ നിർമ്മലഗിരിയടക്കം രണ്ടു കോളേജുകൾ മാത്രമാണ് ഡിബിടി സ്റ്റാർ സ്കീം ഗ്രാന്റിന് അർഹത നേടിയത്.

കോളേജ് ലബോറട്ടറികളുടെയും ലൈബ്രറിയുടെയും നവീകരണം, ശാസ്ത്രീയ തത്വങ്ങൾ കൂടുതൽ കാര്യക്ഷമമായി വിദ്യാർത്ഥികൾക്ക് ഉൾക്കൊള്ളാനുള്ള പദ്ധതികൾ ഏർപ്പെടുത്തൽ, അധ്യാപകർക്കും അനധ്യാപകർക്കും ശാസ്ത്രീയ വിഷയങ്ങളിലുള്ള തുടർപരിശീലനങ്ങൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർക്കും അനധ്യാപകർക്കും പരിശീലനം തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാകുന്ന സൗകര്യങ്ങൾ.

കോളേജിലെ ബോട്ടണി, കെമിസ്ട്രി, ഫിസിക്സ്, സുവോളജി ഡിപ്പാർട്ട്മെന്റുകൾക്കാണ് ഈ ഗ്രാൻഡ് ലഭ്യമായിട്ടുള്ളത്. മൂന്നാം നാക് അക്രഡിറ്റേഷനിൽ എ ഗ്രേഡുള്ള നിർമലഗിരി കോളേജിന് ലഭിച്ച മറ്റൊരു ശ്രദ്ധേയമായ നേട്ടമാണ് ഡിബിടി ഗ്രാന്റ്.

## 2) നിർമലഗിരിക്ക് വീണ്ടും എൻ.ഐ.ആർ.എഫ്. അംഗീകാരം

രാജ്യത്തെ മികച്ച നൂറ് കോളേജുകളുടെ പട്ടികയിൽ നിർമ്മലഗിരി കോളേജ് ഈ വർഷവും ഇടം നേടി. കേന്ദ്ര മാനവവിഭവശേഷി വകുപ്പിനു കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിം വർക്ക് വർഷം തോറും രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അവയുടെ പ്രവർത്തന മികവിന്റെയും ഭൗതിക സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ വിലയിരുത്തിയാണ് അംഗീകാരം നൽകുന്നത്.

ഈ വർഷം സംസ്ഥാനത്തെ 18 സ്ഥാപനങ്ങൾ മാത്രമാണ് പട്ടികയിൽ ഉൾപ്പെട്ടത്. കണ്ണൂർ സർവകലാശാലയുടെ കീഴിൽ എൻ.ഐ.ആർ.എഫ്. അംഗീകാരം ലഭിച്ച ഏക കോളേജ് നിർമലഗിരിയാണ്.

മികച്ച നേട്ടം കൈവരിച്ച കോളേജിനെ രക്ഷാധികാരി ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട്, മാനേജർ മാർ ജോസഫ് പാംപ്ലാനി, പി.ടി.എ. ഭാരവാഹികൾ എന്നിവർ അനുമോദിച്ചു.

## 3) വിജയതിളക്കത്തിൽ നിർമലഗിരി

കണ്ണൂർ സർവകലാശാല ബിരുദ പരീക്ഷയിൽ നിർമലഗിരി കോളേജിനു ഈ വർഷവും മികച്ച വിജയം. വിവിധ വിഷയങ്ങളിലായി 25 A+ ഉം 108 A ഗ്രേഡും നേടി. കെമിസ്ട്രി വിഭാഗത്തിലെ മഫുമയും, മാത്തമാറ്റിക്സ് വിഭാഗത്തിലെ ഐശ്വര്യ ലക്ഷ്മിയും, ഹിസ്റ്ററി വിഭാഗത്തിലെ ആദിഷ് ജൂബിലും, ഹോം സയൻസ് വിഭാഗത്തിലെ ഐശ്വര്യയും ഒന്നാം റാങ്ക് നേടി. ഹോം സയൻസ് വിഭാഗത്തിലെ അമൃത വി രണ്ടാം സ്ഥാനവും, ബോട്ടണി വിഭാഗത്തിലെ സ്നേഹ കെ. മൂന്നാം റാങ്കും നേടി.

പി.ജി. വിഭാഗത്തിൽ, ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ നിഖിൽ ജോസഫ് ജോയിയും, കെമിസ്ട്രി വിഭാഗത്തിലെ റിസ്‌ലാനയും രണ്ടാം റാങ്ക് നേടി. ഫിസിക്സ് വിഭാഗത്തിലെ അഞ്ജന ടി.കെ.യും ഇക്കണോമിക്സ് വിഭാഗത്തിലെ അൻസീറ കെ.യും മൂന്നാം റാങ്കും കരസ്ഥമാക്കി.

## 4) നിർമ്മലഗിരി കോളേജിൽ രാജ്യാന്തര സെമിനാർ

നിർമ്മലഗിരി കോളേജ് ഭൗതികശാസ്ത്ര വിഭാഗം ഐ.എസ്.ആർ.ഒ. യുടെയും കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും സഹകരണത്തോടെ നൂതന പദാർത്ഥങ്ങളെക്കുറിച്ചുള്ള രാജ്യാന്തര സെമിനാർ (ICAM2019) സംഘടിപ്പിച്ചു. ഓസ്ട്രിയ ഗ്രാസ് സർവകലാശാല പ്രൊഫ. ഡോ.പീറ്റർ നോൾ ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി അധ്യക്ഷനായി. കണ്ണൂർ സർവകലാശാല റിസർച്ച് ഡയറക്ടർ ഡോ. കെ. ശ്രീജിത്ത്, കോളേജ് പ്രിൻസിപ്പൽ ഡോ.കെ.വി. ഔസേപ്പച്ചൻ, ഡോ.വർക്കി സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു. രാജ്യത്തിനകത്തും പുറത്തുനിന്നുമായി അഞ്ഞൂറോളം പ്രതിനിധികൾ പങ്കെടുത്തു. വിവിധ സർവകലാശാലയിലെ അധ്യാപകരായ നന്ദകുമാർ കളരിക്കൽ, എസ്.എസ്.ഭട്ടാചാര്യ, എൻ.ലക്ഷ്മി, ഫാസിലെ ദിദിയോ, ഡോക്ലോസ് ഫ്രീഡൽ, അജയൻ എം. പുളിക്കൽ, ഹിതോഷി വടറായി (ജപ്പാൻ), പോൾ വിലാസ് (അമേരിക്ക), സ്വപ്ന എസ്.നായർ, എം.എം. ഷൈജുമോൻ, ടി.എൻ.നാരായണൻ, വിനോദ് എർക്കര മാധവൻ എന്നിവർ ക്ലാസ്സെടുത്തു. 200ഓളം പ്രതിനിധികൾ തങ്ങളുടെ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സമാപന ദിവസം റായ്പൂരിലെ അമിറ്റി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.ഡോ.ആർ.കെ.പാണ്ഡ മുഖ്യ പ്രഭാഷണം നടത്തി. തലശ്ശേരി അതിരൂപത അധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ട് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ.കെ.വി. ഔസേപ്പച്ചൻ, കണ്ണൂർ സർവകലാശാല സിൻഡിക്കറ്റ് അംഗം ജോൺ ജോസഫ്, പ്രൊഫ. ജോർജുകുട്ടി പി. കുര്യാക്കോസ്, ഡോ. ജോജി കുര്യൻ എന്നിവർ പ്രസംഗിച്ചു. പ്രതിനിധികൾക്ക് കേരളീയ കലാരൂപങ്ങളുടെ പ്രദർശനവും നടത്തി. സംഘടനാമികവുകൊണ്ടും ദേശീയ-അന്തർദേശീയ പ്രതിനിധികളുടെ

പങ്കാളിത്തംകൊണ്ടും ശ്രദ്ധേയമായ ഈ സെമിനാർ സംഘടിപ്പിച്ച ഫിസിക്സ് ഡിപ്പാർട്ടുമെന്റിനും എല്ലാ സഹായസഹകരണങ്ങളും ചെയ്ത അധ്യാപകർക്കും അനധ്യാപകർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനവും നന്ദിയും അറിയിക്കുന്നു.

## പേട്രൺസ് ഡേ ആഘോഷം

നിർമ്മലഗിരി കോളേജ് പേട്രൺ അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന് ആശംസകൾ അർപ്പിച്ചുകൊണ്ട് 22-1-2019-ന് പേട്രൺസ് ഡേ ആഘോഷം സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. കെ. വി. ഔസേപ്പച്ചൻ, സ്റ്റാഫ് അസോസിയേഷൻ പ്രസിഡന്റ് സി. ഗ്രേസി.സി.സി. എന്നിവർ നേതൃത്വം നല്കിയ ചടങ്ങിൽ കോളേജ് സമൂഹം അഭിവന്ദ്യപിതാവിന് ആശംസകൾ നേർന്നു.

## ക്രിസ്മസ് ആഘോഷം

ക്രിസ്തുമസിനോടനുബന്ധിച്ച് അധ്യാപകരും വിദ്യാർത്ഥികളും സംയുക്തമായി നടത്തിയ ആഘോഷത്തിൽ ഡി.വൈ.എസ്.പി. പ്രിൻസ് അബ്രാഹം മുഖ്യാതിഥിയായി ക്രിസ്തുമസ് സന്ദേശം നല്കി.

## പുതുവത്സരാഘോഷം

ജനുവരി ഒന്നിന് നിർമ്മലഗിരികോളേജ് അധ്യാപകരുടെയും അനധ്യാപകരുടെയും ആഭിമുഖ്യത്തിൽ നടത്തിയ പുതുവത്സര കൂട്ടായ്മയിൽ കോളേജ് മാനേജർ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് മുഖ്യാതിഥി ആയിരുന്നു.

## ഫോക്‌ലോർ ദ്വിദിന സെമിനാർ

നിർമലഗിരി കോളേജ് മലയാള വിഭാഗത്തിന്റെയും ഫോസിൽ ഇൻഡ്യയുടെയും സംയുക്താഭിമുഖ്യത്തിൽ നാടോടി വിജ്ഞാനീയത്തെ സംബന്ധിച്ച് ദേശീയ സെമിനാർ നടന്നു. പോണ്ടിച്ചേരി സർവകലാശാല പ്രൊഫസർ ചെല്ലപെരുമാൾ സെമിനാർ ഉദ്ഘാടനം ചെയ്തു.

## എൻ.എസ്.എസ്. ക്യാമ്പ്

ഈ അധ്യയന വർഷത്തെ നാഷണൽ സർവ്വീസ് സ്കീം സപ്തദിന സഹവാസക്യാമ്പ് തയ്യേനി ലൂർദ് മാതാപള്ളിയുടെ സഹകരണത്തോടെ തയ്യേനിയിൽ വച്ചുനടത്തി. ഡിസംബർ 22 മുതൽ 27 വരെ നടന്ന ക്യാമ്പിൽ 90 കുട്ടികൾ പങ്കെടുത്തു. പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി., ഇടവക വികാരി ഫാ. മാത്യു ഓലിക്കൽ പ്രോഗ്രാം ഓഫീസേഴ്സായ ഇമ്മാനുവൽ ടോം, ഡോ. ദീപാമോൾ മാത്യു എന്നിവർ നേതൃത്വം നൽകി.

## കരിയർ സെമിനാർ

കരിയർ ഗൈഡൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ 2019 ജനുവരി 4– കോളേജ് വിദ്യാർത്ഥികൾക്കായി Higher Education Opportunities Abroad: Prospects and Challenges എന്ന വിഷയത്തെ ആധാരമാക്കി ഏകദിന ശില്പശാല സംഘടിപ്പിച്ചു.

## വാർഷിക ധ്യാനം

വിദ്യാർത്ഥികൾക്കായി ജനുവരി 14 മുതൽ 17 വരെ വാർഷിക ധ്യാനം നടത്തി. ഫാ. ജീം തോമസ് കടുത്താനം ഒ.സി.ഡി. ആയിരുന്നു ധ്യാനഗുരു.

## ശില്പശാല

വിദ്യാർത്ഥികൾക്കായി Life is a choice എന്ന വിഷയത്തിൽ അർദ്ധദിന ശില്പശാല സംഘടിപ്പിച്ചു. ഹോം സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിലായിരുന്നു ശില്പശാല.

## കെ. പി. എ. റഹീം മാസ്റ്റർ അനുസ്മരണം

നിർമലഗിരി കോളേജ് പൂർവ വിദ്യാർത്ഥിയും പ്രമുഖ ഗാന്ധിയനുമായ കെ.പി.എ.റഹിം മാസ്റ്ററിന്റെ ആകസ്മിക നിര്യാണത്തിൽ അനുശോചിച്ച് നിർമലഗിരി അലൂമിനി അസോസിയേഷൻ അനുസ്മരണ ചടങ്ങ് സംഘടിപ്പിച്ചു. മുൻ മന്ത്രി കെ.പി.മോഹനൻ, അസോസിയേഷൻ പ്രസിഡന്റ് മമ്പറം ദിവാകരൻ, പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി., ഡോ. എം. ഡി. ദേവസ്യ എന്നിവർ പ്രസംഗിച്ചു.

## അനുശോചനം

നിർമ്മലഗിരി കോളേജ് ഇക്കണോമിക്സ് വിഭാഗം അധ്യാപകനും ആദ്യ വകുപ്പുതലവനുമായിരുന്ന എൻ.വി.വർക്കി സാറിന്റെ നിര്യാണത്തിൽ നിർമ്മലഗിരി കോളേജ് അനുശോചിച്ചു.

## ആദരിച്ചു

മലേഷ്യയിൽ വച്ചുനടന്ന സ്റ്റുഡന്റ് ഒളിംമ്പിക്സ് ഇന്റർനാഷണൽ മീറ്റ് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ സിൽവർ മെഡൽ നേടിയ അഭിനനന്ദിന്റെ കോച്ചായ മൂന്നാംവർഷ ഗണിതശാസ്ത്ര വിദ്യാർത്ഥി മോണിക്ക ഒ.യെ ആദരിച്ചു. ചടങ്ങിൽ പ്രസിഡന്റ് ഡോ. ഔസേപ്പച്ചൻ കെ.വി., ശ്രീ. ഷിനിൽ കുര്യാക്കോസ് എന്നിവർ പങ്കെടുത്തു.

**പി.ആർ.ഒ., നിർമ്മലഗിരി കോളേജ്**

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി



## തലശ്ശേരി സെൻട്രൽ കൗൺസിൽ



*"അപ്രകാരം മനുഷ്യർ നിങ്ങളുടെ സൽപ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം*
*അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5:16).*

ദൈവത്തിന്റെ സൃഷ്ടജാലങ്ങൾ അവിടുത്തെ മഹത്വപ്പെടുത്തേണ്ടതിന് നമ്മുടെ അനുദിനപ്രവർത്തനങ്ങൾ ഉതകുമാറ് നമ്മിലെ വെളിച്ചം മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിതമാകുവാനുള്ള ഈശോയുടെ ആഹ്വാനം വി. മത്തായിയുടെ സുവിശേഷം (5:16) നമ്മെ ഓർമ്മിപ്പിക്കുകയാണ്. ഈശോയുടെ ഈ വചനത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ട് കഴിഞ്ഞ ഒരു വർഷക്കാലം തലശ്ശേരി അതിരൂപതയിലെ വിൻസെൻഷ്യൻ പ്രവർത്തകർ ചെയ്ത ശുശ്രൂഷയെ അനുസ്മരിച്ച് നമുക്ക് ദൈവത്തിന് നന്ദി പറയാം.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തലശ്ശേരി സി.സി.യുടെ 41-മത് വാർഷിക സമ്മേളനം 2019 ജൂലൈ 13ന് തലശ്ശേരി സന്ദേശഭവനിൽ വെച്ച് നടക്കുന്നു. രാവിലെ 9.30ന് വിശുദ്ധ കുർബ്ബാനയ്ക്കുശേഷം ചേരുന്ന വാർഷിക സമ്മേളനം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നതാണ്. K.R.C.C കോർഡിനേറ്റർ ബ്ര. സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണവും റവ. ഡോ. ജോസഫ് കാക്കരമറ്റം അനുഗ്രഹപ്രഭാഷണവും നടത്തും. നാഷണൽ കൗൺസിൽ വനിതാ പ്രതിനിധി സി. ജോളി സെബാസ്റ്റ്യൻ വനിതാശാക്തീകരണം സംബന്ധിച്ച് ക്ലാസ്സ് നയിക്കുന്നതുമാണ്. എല്ലാ കോൺഫറൻസ് & എ.സി. പ്രസിഡണ്ടുമാരും സംബന്ധിക്കുന്ന സമ്മേളനത്തിൽ ജൂബിലേറിയന്മാരെ ആദരിക്കുന്നതും 2018-19 വർഷം മികച്ച പ്രവർത്തനം നടത്തിയ എ.സി. & കോൺഫറൻസുകൾക്കും ഓസ്സാനം ഫെസ്റ്റ് 2019 മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ A.C. ക്കുമുള്ള ട്രോഫികൾ വിതരണം ചെയ്യുന്നതുമാണ്. 4 PMന് സമ്മേളനം സമാപിക്കുന്നതുമാണ്.

## റൂബി ജൂബിലി ഭവന വെഞ്ചരിപ്പ്

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തലശ്ശേരി സി.സി.യുടെ റൂബി ജൂബിലിയോടനുബന്ധിച്ച് കുന്നോത്ത് എ.സി.യുടെ ആഭിമുഖ്യത്തിൽ

നിർമ്മിക്കുന്ന 5-മത്തെ ഭവനം കുന്നോത്ത് സെന്റ് തോമസ് കോൺഫറൻസ്, നിർമ്മാണം പൂർത്തിയാക്കി 8.5.19ന് മാർ ജോസഫ് പാംപ്ലാനി പിതാവ് ഭവനത്തിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. പെരി: ബഹു: ജോസഫ് ചാത്തനാട്ട് അച്ചൻ ഗുണഭോക്താവ് ശ്രീ. കൊച്ചുപുരക്കൽ മാത്യുവിന് ഭവനത്തിന്റെ താക്കോൽ കൈമാറി. 520 സ്ക്വയർ അടി വിസ്ത്രീർണ്ണമുള്ള ഭവനത്തിന്റെ നിർമ്മാണത്തിന് 5, 20,000/- ക ചെലവായി. ഭവനനിർമ്മാണത്തിനു സഹകരിച്ച എല്ലാവർക്കും കോൺഫറൻസ് പ്രസിഡന്റ് മാത്യു ചെരുപറമ്പിൽ നന്ദി രേഖപ്പെടുത്തി.

## വായാട്ടുപറമ്പ് എ.സി. ആദ്ധ്യാത്മിക സെമിനാർ

വായാട്ടുപറമ്പ് A.C. യുടെ 2019-20 വർഷത്തെ ആദ്യത്തെ ആത്മീയ സെമിനാർ ജൂൺ 15-ാം തീയതി പാത്തൻപാറ സെന്റ് ആന്റണി ചർച്ച് പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് പാത്തൻപാറ ഇടവക വികാരി റവ. ഫാ. ജയ്സൺ വാഴക്കാട്ട് വി. കുർബാന അർപ്പിക്കുകയും തുടർന്ന് സെമിനാർ നയിക്കുകയും ചെയ്തു. 11 മണിക്ക് ആരംഭിച്ച സെമിനാറിൽ വായാട്ടുപറമ്പ് എ.സി. പ്രസിഡന്റ് ബ്ര. ജോസഫ് ചൊറുക്കാവിൽ അധ്യക്ഷത വഹിച്ചു. സീനിയർ വൈസ് പ്രസി. ബ്ര. തോമസ് പുത്തൻപുര സ്വാഗതം ആശംസിച്ചു.

പാത്തൻപാറ ഇടവക വികാരി റവ. ഫാ. ജയ്സൺ വാഴക്കാട്ട് സെമിനാർ ഉദ്ഘാടനം ചെയ്തു. അതോടൊപ്പം മുഖ്യപ്രഭാഷണം നടത്തി. എ.സിയുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തനത്തെക്കുറിച്ച് എ.സി. പ്രസിഡന്റ് അവലോകനം നടത്തുകയും പുതിയ വർഷത്തെ പ്രവർത്തനത്തെക്കുറിച്ച് അംഗങ്ങളെ ബോധവൽക്കരിക്കുകയും ചെയ്തു.

പാത്തൻപാറ ഹോളിഫാമിലി കോൺവെന്റ് മദർ സുപ്പീരിയർ സി. റാണി മരിയാ ആശംസ നേർന്നു. സെന്റ് ആന്റണി പാത്തൻപാറ പുരുഷ-വനിതാ അംഗങ്ങളുടെയും കുട്ടികളുടെയും കലാപരിപാടികളും നടത്തപ്പെട്ടു. പാത്തൻപാറ കോൺഫറൻസ് പ്രസിഡന്റ് ബ്ര. തങ്കച്ചൻ പട്ടാംകുളം നന്ദി രേഖപ്പെടുത്തി.

സെമിനാറിൽ 72 പേർ പങ്കെടുത്തു. എ.സി. സെക്രട്ടറി ലീലാമ്മ വില്ലന്താനം സെമിനാറിനു നേതൃത്വം നൽകി. ഉച്ചഭക്ഷണത്തോടുകൂടി സെമിനാർ സമാപിച്ചു.

സ്നേഹപൂർവ്വം,

**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ**
സി.സി. പ്രസിഡന്റ്

# പ്രതീക്ഷ പുനരധിവാസ ചികിത്സാകേന്ദ്രം

## എ.എ.മീറ്റിംഗ്

ജൂൺ രണ്ടിന് ചികിത്സാകേന്ദ്രത്തിൽ വച്ച്കൂടിയ എ.എ. സമ്മേളനത്തിൽ ഫാ. ജോൺസൺ അധ്യക്ഷതവഹിച്ചു. അസോ. ഡയറക്ടർ ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം നിർവ്വഹിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു. മനു മാത്യു സ്വാഗതവും സി. തെരേസ് നന്ദിയും പറഞ്ഞു. തുടർന്ന് ഗ്രൂപ്പ് കൗൺസിലിംഗ് നടത്തപ്പെട്ടു.

## ലോകപരിസ്ഥിതി ദിനാചരണം

ജൂൺ അഞ്ചിന് ദിനാചരണത്തോടനുബന്ധിച്ച് പ്രതീക്ഷാ മുറ്റത്ത് വൃക്ഷത്തൈ നട്ട് ആചരണദിനം ആരംഭിച്ചു. തുടർ പൂന്തോട്ടത്തോട നുബന്ധമായി പ്രകൃതി സൗഹൃദസമ്മേളനവും നടത്തി. യോഗത്തിൽ ഡയറക്ടർ അധ്യക്ഷത വഹിച്ചു. പിണറായി സബ് ഇൻസ്പെക്ടർ വിഷ്ണുനാഥ് സമ്മേളനം ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് സെക്രട്ടറി കെ.എം. മാത്യു ഷീബ കണ്ട്യൻ എന്നിവർ പ്രസംഗിച്ചു. സി. തെരേസ് പ്രകൃതിസംരക്ഷണ പ്രതിജ്ഞചൊല്ലിക്കൊടുത്തു. സി. ഷാന്റി സ്വാഗതവും സി. എൽസീന നന്ദിയും പറഞ്ഞു.

## ലഹരിവിരുദ്ധസെമിനാർ

ജൂൺ 09-ന് കരുണാപുരം ഇടവകയിൽ സൺഡേസ്കൂൾ, കെ.സി.വൈ.എം. എന്നിവർക്കായി ലഹരിവിരുദ്ധ സെമിനാർ നടത്തി. അന്നേദിവസം തന്നെ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി-മുക്തിശ്രീ സംഘടനയുടെ കമ്മിറ്റിയും ചേർന്നു. ഇടവകാതലപ്രവർത്തനങ്ങൾക്ക് സജീവമായ നേതൃത്വം നല്കിയ ബഹു. ജിയോ പുളിക്കലച്ചനും സംഘടനാ നേതൃത്വങ്ങൾക്കും അഭിനന്ദനങ്ങൾ!

## ആലക്കോട് സൺഡേസ്കൂളിൽ

വിശ്വാസപരിശീലനകുട്ടികൾക്കായി ഡയറക്ടർ ഫാ. ജോൺസൺ വി. കുർബ്ബാനയർപ്പിക്കുകയും ലഹരിവിരുദ്ധസന്ദേശം നൽകുകയും ചെയ്തു. ഫാ. ആന്റണി ആനക്കല്ലിൽ പരിപാടികൾക്ക് നേതൃത്വം നല്കി.

## വിജയപുരം ഇടവകയിൽ

ഡയറക്ടർ വി. കുർബ്ബാനയർപ്പിച്ച് മുതിർന്നവർക്ക് ലഹരിവിരുദ്ധ സന്ദേശം നല്കുകയും സൺഡേ സ്കൂൾ, മിഷൻലീഗ് വിദ്യാർത്ഥികൾ ക്കായി ലഹരിവിരുദ്ധ ക്ലാസ് നയിക്കുകയും ചെയ്തു. നേതൃത്വം നല്കിയ ബഹു. ജോൺപോൾ പൂവത്താനിക്കലിനും എല്ലാ സൺഡേ സ്കൂൾ അധ്യാപകർക്കും നന്ദി.

## യോഗാദിനം

പ്രതീക്ഷാസെന്ററിൽ വച്ച് പ്രത്യേക സമ്മേളനം നടത്തി യോഗാമാസ്റ്ററിനെ ആദരിച്ചു. സമ്മേളനത്തിൽ ഫാ. ഡയറക്ടർ, പി.വി. അനന്തൻ, മനു മാത്യു എന്നിവർ പ്രസംഗിച്ചു.

ആദരവുകളോടെ,

| | |
|---|---|
| **ഫാ. ചാക്കോ കുടിപ്പറമ്പിൽ** | **ഫാ.ജോൺസൺ അന്ത്യാംകുളം** |
| അസോസിയേറ്റ് ഡയറക്ടർ | ഡയറക്ടർ |

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

## ലഹരി വിരുദ്ധ പ്രസ്ഥാനങ്ങളുടെ സംയുക്ത സമ്മേളനം

സാൻജോസ് മെട്രോപ്പോലീത്തൻ സ്കൂളിൽ വച്ച് കെ.സി.ബി.സി - മദ്യവിരുദ്ധ സമിതി, പ്രതീക്ഷ മാനേജിംഗ് കമ്മിറ്റി, മുക്തിശ്രീ, എ.ഡി.എസ്.യു. എന്നീ പ്രസ്ഥാനങ്ങളുടെ ഒരു സംയുക്തയോഗം മെയ് 29-ന് ചേർന്ന് ഭാവിപരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു. സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോൺസൺ അധ്യക്ഷത വഹിച്ചു. ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം നിർവഹിച്ചു. അസോസിയേറ്റ് ഡയറക്ടർ ഫാ. ചാക്കോ കുടിപ്പറമ്പിൽ, സ്കൂൾ മാനേജർ ഫാ. മനോജ് ഒറ്റപ്ലാക്കൽ എന്നിവർ ആശംസകളർപ്പിച്ചു. സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് ഫാ. ജോൺസൺ അന്ത്യാംകുളം വിഷയാവതരണം നടത്തി. മാർഗരറ്റ് മാത്യു ചാമക്കാലായിൽ, ഐ.സി. മേരി എന്നിവർ നന്ദിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി - മുക്തിശ്രീ എന്നിവയുടെ സമ്മേളനം പ്രത്യേകം ചേർന്നു. ഇടവകകളിൽ സായാഹ്ന കൺവെൻഷൻ illumined Family എന്നപേരിൽ നടത്താനും തീരുമാനമായി.

## ഇടവകാ കൺവെൻഷനുകൾ

കടുമേനി, തോമാപുരം, മണ്ഡപം, കൊന്നക്കാട്, അങ്ങാടിക്കടവ്, വെമ്പുവ, എടത്തൊട്ടി എന്നീ ഇടവകകളിൽ വൈകിട്ട് 5 മണിക്ക് വി. കുർബ്ബാനയും തുടർന്ന് ധ്യാനചിന്തകളും ആരാധനയും നടത്തപ്പെട്ടു. ഫാ. ചാക്കോ കുടിപ്പറമ്പിൽ നേതൃത്വം നൽകി. 9 മണിക്ക് സമാപിക്കുകയും ചെയ്തു. 'ഇല്ല്യുമെൻസ് ഫാമിലി'യിൽ ഇടവകാതലത്തിൽ നേതൃത്വം നൽകിയ ഫാ. ജോസഫ് കീച്ചൻങ്കേരിയിൽ, ഫാ. മാർട്ടിൻ കിഴക്കേത്തലക്കൽ, ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, ഫാ. വർക്കി തടത്തിമാക്കൽ, ഫാ. തോമസ് ആമക്കാട്ട്, ഫാ. തോമസ് മുണ്ടമറ്റം, ഫാ. സെബാൻ താണിപ്പള്ളിൽ എന്നിവരേയും ബഹു. അച്ചന്മാരേയും അവരുടെ സഹകാരികളെയും ഏറെ നന്ദിയോടെ ഓർക്കുന്നു.

## ലഹരി വിരുദ്ധ വാരാചരണം

തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയ ഓഡിറ്റോറിയത്തിൽ ഫൊറോനപ്പള്ളി വികാരി റവ. ഫാ. അബ്രഹാം പോണാട്ട് തിരിതെളിച്ച് അതിരൂപതാതല ലഹരി വിരുദ്ധ വാരാചരണം ഉദ്ഘാടനം ചെയ്തു. ലഹരി വിരുദ്ധ പ്രസ്ഥാനങ്ങളുടെ ഡയറക്ടർ ഫാ. ജോൺസൺ അദ്ധ്യക്ഷത വഹി

ച്ചു. ഫാ. ജോസഫ് മാമ്പള്ളിക്കുന്നേൽ, ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ, മാത്യു എം. കണ്ടത്തിൽ, ഐ.സി.മേരി, ലൂക്കോസ് പള്ളിത്തറ, മേരിക്കുട്ടി തോമസ്, കരോളിൻ ആന്റണി, പ്രൊഫ. എം.ജെ. മേരി, ഷീബ തെക്കേടത്ത്, ആനി ഗോബർട്ട് തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് മാർ വള്ളോപ്പിള്ളി സ്മാരക ഓഡിറ്റോറിയത്തിൽ വച്ച് സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി ബോധവൽക്കരണ ക്ലാസും ലഹരിവിരുദ്ധ പ്രതിജ്ഞയും നടത്തപ്പെട്ടു.

## സെമിനാറുകൾ

എടക്കോം പള്ളിയിൽ ജൂൺ രണ്ടാം തിയ്യതിയും കൊളക്കാട് ഹയർ സെക്കണ്ടറി സ്കൂളിൽ ജൂൺ 26-നും ഡോ. ജോസ്‌ലെറ്റ് മാത്യു ലഹരിവിരുദ്ധ സെമിനാറിന് നേതൃത്വം നൽകി.

## എ.ഡി.എസ്.യു

ജൂൺ 18ന് എ.ഡി.എസ്.യു.വിന്റെ ആഭിമുഖ്യത്തിൽ മദ്യവിരുദ്ധ കാര്യാലയത്തിൽ വച്ച് കെ.സി.ബി.സി. മദ്യവിരുദ്ധ - മുക്തിശ്രീ എന്നിവയുടെ എക്സിക്യുട്ടീവ് ചേർന്നു. സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം അധ്യക്ഷത വഹിച്ചു. ഡോ. ജോസ്‌ലെറ്റ് മാത്യു മാർഗരറ്റ് മാത്യു ചാമക്കാലായിൽ. റവ. സി. നോബിൾ FCC എന്നിവർ പ്രസംഗിച്ചു. സ്കൂൾ തലത്തിൽ 23-മുതൽ 30വരെ ലോക ലഹരിവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് വരാചരണം നടത്തുവാനും റീജിയണൽ കേന്ദ്രങ്ങളിലും പരമാവധി സ്കൂളുകളിലും സന്ദർശനം നടത്തി. ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിനും തീരുമാനിച്ചു. യോഗത്തിൽ മഞ്ചുഷ കൂര്യൻ, ആൽബിൻ മണ്ടുംപാല, റീന കൂര്യൻ എന്നിവർ നേതൃത്വം നൽകി സംസാരിച്ചു.

സ്നേഹാശംസകളോടെ,

| | |
|---|---|
| **ഫാ. ചാക്കോ കുടിപ്പറമ്പിൽ** | **ഫാ. ജോൺസൺ അന്ത്യാംകുളം** |
| അസോസിയേറ്റ് ഡയറക്ടർ | ഡയറക്ടർ |

## 11 പെൺകുട്ടികൾക്ക് മംഗല്യ ഭാഗ്യം ഒരുക്കി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി

1. 6. 2019 ശനിയാഴ്ച രാവിലെ 11 മണിക്ക് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ജാതിമതഭേദമന്യേ 11 സാധു യുവതികൾക്ക് മംഗല്യഭാഗ്യമേകി. കണ്ണൂർ കാസർഗോഡ് ജില്ലകളിൽ നിന്നുള്ള നിർധനരായ യുവതികൾക്കാണ് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി മംഗല്യഭാഗ്യമേകിയത്. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിലുള്ള 11 മേഖലകളിൽ നിന്നാണ് യുവതികളെ തെരഞ്ഞെടുത്തത്. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഒരുക്കുന്ന പതിനൊന്നാമത്തെ സമൂഹ വിവാഹമായിരുന്നു ഇത്. ചെറുപുഴ മേഖല പാടിയോട്ടുചാൽ സെന്റ് സെബാസ്റ്റ്യൻ ഇടവകയിലെ പാരിഷ് ഹാളിൽ വെച്ച് ആയിരുന്നു ചടങ്ങുകൾ നടന്നത്. രാവിലെ 10.45 ന് ബഹുമാനപ്പെട്ട പാടിയോട്ടുചാൽ സെന്റ് സെബാസ്റ്റ്യൻ ഇടവക വികാരി ഫാദർ അബ്രഹാം വടക്കേമുറി ടി എസ് എസ് എസിന്റെ ഔദ്യോഗിക പതാക ഉയർത്തി. അതോടൊപ്പം ടി എസ് എസ് എസ് സ്റ്റാഫ് അംഗങ്ങൾ ടി എസ് എസ് എസ് ആന്തം ആലപിച്ചു.

പതിനൊന്നരയോടെ ഔദ്യോഗികമായുള്ള ചടങ്ങുകൾ ആരംഭിച്ചു. തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ ജോർജ് ഞരളക്കാട്ട്, കേരള സാംസ്കാരിക വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട കടന്നപ്പള്ളി രാമചന്ദ്രൻ, പയ്യന്നൂർ നിയോജക മണ്ഡലം എംഎൽഎ ശ്രീ സി കൃഷ്ണൻ, കാസർകോട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ശാന്തമ്മ ഫിലിപ്പ് എന്നിവരായിരുന്നു വിശിഷ്ടാതിഥികളായി ഉണ്ടായിരുന്നത്. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാദർ ബെന്നി നിരപ്പേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ചടങ്ങിൽ വന്ന എല്ലാ വിശിഷ്ടാതിഥികൾക്കും തായ്‌ലൻഡ് പ്ലാവും തൈകൾ ഉപഹാരമായി നൽകി. അതിരൂപതയും തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയും എന്നും പാവപ്പെട്ടവർക്ക് ഒപ്പം ആണെന്നും അതിനാൽ ടി എസ് എസ് എസിന്റെ പരിപാടികൾക്ക് നേതൃത്വം വഹിക്കാൻ സന്തോഷമേയുള്ളൂവെന്നും സംഘാടകരെ അഭിനന്ദിക്കുന്നതായും ആർച്ച് ബിഷപ്പ് തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

ബഹുമാനപ്പെട്ട മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ ജാതി-മത-രാഷ്ട്രീയ ചിന്തകൾക്കതീതമായി പാവപ്പെട്ട കുട്ടികളെ വിവാഹ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയ ടി എസ് എസ് എസിന്റെ പ്രവർത്തനം സമൂഹത്തിനു

മാതൃക ആണ് എന്ന് മന്ത്രി പറഞ്ഞു. വീടില്ലാത്തവന് വീട്, ദാഹിക്കുന്നവന് ദാഹജലം, വസ്ത്രമില്ലാത്ത വസ്ത്രം നൽകുക എന്ന ബൈബിൾ വചനത്തിന്റെ ആത്മാവിഷ്കാരം ആണ് ടി എസ് എസ് എസ് ചെയ്യുന്നത്. ജാതി മത ഭേദമന്യേ എല്ലാവരെയും സഹായിക്കാനുള്ള സന്മനസ്സ് എല്ലാവർക്കും ഉണ്ടാകട്ടെ എന്നും നവദമ്പതികൾ എന്നും സന്തോഷകരമായി ജീവിക്കട്ടെ എന്നും മന്ത്രി ആശംസിച്ചു.

ചടങ്ങിന് വിശിഷ്ടാതിഥിയായി എത്തിയ എംഎൽഎ ശ്രീ കൃഷ്ണൻ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി നടത്തിവരുന്ന സമൂഹവിവാഹം ഒരു പുണ്യകർമം ആണെന്ന് പറഞ്ഞു. പുതിയ വിവാഹജീവിതത്തിലേക്ക് കടന്ന നവ വധൂവരൻമാരെ അദ്ദേഹം അനുഗ്രഹിക്കുകയും അവർക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു.

തുടർന്ന് വധൂവരന്മാർക്ക് ടി എസ് എസ് എസ് നൽകുന്ന സമ്മാനമായ് 2 പവന്റെ സ്വർണ്ണമാലയും കമ്മലും ബഹുമാനപ്പെട്ട ബിഷപ് മാർ ജോർജ് ഞരളക്കാട്ടും മന്ത്രി കടന്നപ്പള്ളി രാമചന്ദ്രനും നൽകി. ബഹുമാനപ്പെട്ട എം എൽ എ ശ്രീ ശ്രീകൃഷ്ണൻ അവർക്ക് ഹാരം അണിയിക്കുകയും കാസർകോട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ ശാന്തമ്മ ടീച്ചർ വധൂവരൻമാർക്ക് മധുരം നൽകി ജീവിതം മധുരം നിറഞ്ഞതാകട്ടെ എന്ന് ആശംസിച്ചു. ചെയ്തു. തലശ്ശേരി അതിരൂപത വികാരി ജനറൽ മോൺ. അലക്സ് താരാമംഗലം വധൂവരന്മാർക്ക് നൽകിയ 5000 രൂപയുടെ സാമ്പത്തിക സഹായം വിതരണം ചെയ്തു.

തലശ്ശേരി അതിരൂപത വികാരി ജനറൽ മോൺ. അലക്സ് താരാമംഗലം, പെരിങ്ങോം പഞ്ചായത്ത് പ്രസിഡന്റ് പി നളിനി, ചെറുപുഴ പഞ്ചായത്ത് പ്രസിഡന്റ് ജമീല കോളയത്ത്, പാടിയോട്ടുചാൽ സെന്റ് സെബാസ്റ്റ്യൻ ഇടവക വികാരി ഫാ അബ്രഹാം വടക്കേമുറി, ജനകീയ സംഘം പ്രസിഡണ്ട് ശ്രീ ആന്റണി അത്താഴപാഠം എന്നിവർ വധൂവരന്മാർക്ക് ആശംസകൾ നൽകി. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാദർ ജോർജ് കളരിമുറിയിൽ ചടങ്ങിന് നന്ദി അർപ്പിച്ചു.

തുടർന്ന് വധൂവരന്മാർക്കും ബന്ധുക്കൾക്കും ചടങ്ങിനായി പങ്കെടുത്ത എല്ലാ യൂണിറ്റ് ഭാരവാഹികൾക്കും അംഗങ്ങൾക്കും ഭക്ഷണം നൽകി. ആയിരത്തോളം പേർ പങ്കെടുത്ത ചടങ്ങ് വളരെ മനോഹരമായി നടക്കുകയും സാമൂഹിക സേവന വിഭാഗത്തിന് മാതൃകയായി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കിരീടത്തിൽ ഒരു പൊൻതൂവൽ കൂടി അണിയുകയും ചെയ്തു.

## 2. സേവ് എ ഫാമിലി കുടുംബങ്ങൾക്ക് ഫാമിലി കുടുംബങ്ങൾക്ക് ക്യാഷ് വിതരണം ചെയ്തു.

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി നേതൃത്വം കൊടുക്കുന്ന സേവ് എ ഫാമിലി പ്രൊജക്ടിന്റെ ഭാഗമായി പ്രോജക്ടിലെ കുടുംബാംഗ

ങ്ങൾക്ക് അവരുടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനുവേണ്ടി ക്യാഷും കുടുംബാംഗങ്ങളുടെ കുട്ടികൾക്കായി നോട്ട്ബുക്കും കുടയും വിതരണം ചെയ്തു. പ്രൊജക്ടിലുള്ള 68 കുടുംബങ്ങൾക്കാണ് ഈ മാസം ക്യാഷ് വിതരണം ചെയ്തത്.

## 3. റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിച്ചു

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിലുള്ള 11 മേഖലകളിലും റിവ്യൂ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. ജൂൺ 12 ബുധനാഴ്ച പനത്തടി വെള്ളരിക്കുണ്ട് തോമാപുരം മേഖലകളിലും ജൂൺ 18 ചൊവ്വാഴ്ച ആലക്കോട് ചെറുപുഴ മേരിഗിരി മേഖലകളിലും ജൂൺ 19 ബുധനാഴ്ച നെല്ലിക്കാം പോയി എടൂർ മേഖലകളിലും ജൂൺ 20 വ്യാഴാഴ്ച പൈസക്കരി ചെമ്പേരി ജൂൺ 25 ചൊവ്വാഴ്ച പേരാവൂർ മേഖലയിലുമാണ് റിവ്യൂ മീറ്റിങ്ങുകൾ സംഘടിപ്പിച്ചത്. മീറ്റിംഗിൽ നിലവിലുള്ള എല്ലാ സംഘങ്ങളുടെയും കണക്കുകൾ അവതരിപ്പിച്ചു. കൂടാതെ കഴിഞ്ഞ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതുതായി യൂണിറ്റുകളിലും സംഘങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ ചർച്ച ചെയ്യപ്പെടുകയും ചെയ്തു. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിലും മീറ്റിങ്ങുകളിൽ പങ്കെടുത്തു.

## 4. അതിജീവൻ സമാപനസമ്മേളനം സംഘടിപ്പിച്ചു

വിവിധങ്ങളായ ജനോപകാര പദ്ധതികളിലൂടെ പാർപ്പിടമായും വരുമാനവർധന സംരംഭങ്ങളായും ഉരുൾപൊട്ടി കല്ലുകൾ നിറഞ്ഞ കൃഷിയിടം കൃഷിയോഗ്യമാക്കിയും കർഷകർക്ക് ആവശ്യമായ കാർഷികവിളകൾ സൗജന്യമായി നൽകിയും ഭക്ഷ്യ സുരക്ഷയ്ക്കായി പദ്ധതികൾ തയ്യാറാക്കിയും പ്രവർത്തിച്ച് മലബാറിലെ ദുരന്തഭൂമിയിൽ സർക്കാരിനൊപ്പം നിന്ന് ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ ജാതി മത കക്ഷിരാഷ്ട്രീയ ഭേദമന്യേ പ്രവർത്തിച് നവകേരള നിർമ്മിതിക്കായി സഹകരിച്ച ടി എസ് എസ് എസിന്റെ പ്രവർത്തനം എല്ലാവർക്കും മാതൃകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ അഭിപ്രായപ്പെട്ടു. കഴിഞ്ഞ ഒരു വർഷം കൊണ്ട് ഏറ്റെടുത്ത എല്ലാ പദ്ധതികളും വിജയകരമായി പൂർത്തിയാക്കിയ അതിരൂപതയെയും തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി പ്രവർത്തകരെയും അഭിനന്ദിക്കുന്നു എന്നും മന്ത്രി അഭിപ്രായപ്പെട്ടു.

കാരിത്താസ് ഇന്ത്യയും ടി എസ് എസ് എസും നടത്തിയ അതിജീവനം പദ്ധതി മലയോരമേഖലയിലെ പ്രളയത്തിൽ വിഷമിപ്പിക്കുന്ന ജനങ്ങൾക്ക് ഉപകാരമായിരുന്നു അതിനു സഹായം നൽകിയ കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തെ അഭിനന്ദിക്കുന്നു എന്നും മന്ത്രി തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അറിയിച്ചു.

തലശ്ശേരി അതിരൂപത ഒരുമിച്ച് ഇറങ്ങിയപ്പോൾ പ്രളയ ഭൂമിയിൽ കാരുണ്യത്തിന്റെയും സാഹോദര്യത്തിന്റെയും സാക്ഷികളാകുവാൻ അതിരൂപതയ്ക്ക് സാതിച്ചു എന്നും അതിനായി നേതൃത്വം കൊടുത്ത

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയെയും അതിരൂപതയിലെ എല്ലാ വൈദികരെയും ഇടവക സമൂഹത്തെയും നാനാജാതി മതസ്ഥരെയും ജനപ്രതിനിധികളെയും നന്ദിയോടെ ഓർക്കുന്നുവെന്നും അഭിനന്ദിക്കുന്നു വെന്നും തന്റെ അധ്യക്ഷ പ്രസംഗത്തിലൂടെ അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോർജ് ഞരളക്കാട്ട് അഭിപ്രായപ്പെട്ടു.

കാരിത്താസ് ഇന്ത്യ സഭയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ മുഖമാണെന്നും കാരുണ്യത്തിന്റെ ശബ്ദമാണെന്നും കാരിത്താസ് സ്നേഹമാണെന്നും അതിജീവനം പദ്ധതിയിലൂടെ കാരിത്താസ് ഇന്ത്യ കേരളമൊട്ടാകെ 40 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുന്നുണ്ടെന്നും കാരിത്താസ് അസിസ്റ്റന്റ് ഡയറക്ടർ റവ ഫാ ജോളി പുത്തൻപുരയിൽ പറഞ്ഞു.

സമ്മേളനത്തിൽ വെച്ച് വീടും പറമ്പും ഇല്ലാതിരുന്ന രണ്ടു കുടുംബങ്ങൾക്ക് സൗജന്യമായി 10 സെൻറ് സ്ഥലത്തിന്റെ ആധാരവും ഓൾ ഇന്ത്യ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ 551ആം റാങ്ക് കരസ്ഥമാക്കിയ അമൽ ജോർജ് എന്ന കുട്ടിക്ക് ക്യാഷ് അവാർഡും ബഹുമാനപ്പെട്ട മന്ത്രി കടന്നപ്പള്ളി രാമചന്ദ്രനും തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ് ഞരളക്കാട്ടും ചേർന്ന് നൽകി.

തലശ്ശേരി അതിരൂപതയുടെ പ്രളയാനന്തര പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന്റെ പ്രഖ്യാപന സമ്മേളനത്തിൽ ടി എസ് എസ് എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പിൽ സ്വാഗതം ആശംസിച്ചു. സമ്മേളനത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വസന്തകുമാരി, പയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി ചിട്ടൂപറമ്പിൽ, ഫൊറോന വികാരി വെരി റവ ഫാ ജോസഫ് ആനിത്താനം, ജില്ലാ പഞ്ചായത്ത് മെമ്പർ പി കെ സരസ്വതി, പയ്യാവൂർ വില്ലേജ് ഓഫീസർ അനിൽ വർഗീസ്, ബ്ലോക്ക് മെമ്പർ ജോളി കാട്ടുവിള, മൂന്നാം വാർഡ് മെമ്പർ ഷാജി കടുകുന്നേൽ, ഉളിക്കൽ ഗ്രാമ പഞ്ചായത്ത് മെമ്പർ ഒ. വി ഷാജു എന്നിവർ ആശംസകൾ അർപ്പിച്ചു.

അതിജീവന പ്രൊജക്റ്റ് ഭാഗമായി 20 ആടുകളുടെ വിതരണ ഉദ്ഘാടനം കാരിത്താസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോളി പുത്തൻപുര നിർവഹിച്ചു. കാരിത്താസ് ഇന്ത്യ പ്രോഗ്രാം കോഡിനേറ്റർ അബീഷ് ആന്റണിയും പരിപാടിയിൽ പങ്കെടുത്തു. ടി എസ് എസ് എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ പരിപാടിക്ക് നന്ദി അറിയിച്ചു.

## 5. ചൈൽഡ്ലൈനിലേക്ക് ഇന്റർവ്യൂ സംഘടിപ്പിച്ചു

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കണ്ണൂർ ചൈൽഡ് ലൈനിലേക്ക് കോഡിനേറ്റർ ഫീൽഡ് വർക്കർ തസ്തികകളിലേക്ക് ജൂൺ 26 ബുധനാഴ്ച ഇന്റർവ്യൂ സംഘടിപ്പിച്ചു. ഇന്റർവ്യൂവിൽ ഏകദേശം എഴുപതോളം ഉദ്യോഗാർത്ഥികൾ പങ്കെടുത്തു.

## 6. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

ജൂൺ 30 ഞായറാഴ്ച ചെമ്പേരി വിമല ഹോസ്പിറ്റലിൽ വെച്ച് തലശ്ശേരി

സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ക്രിസ്തുരാജ് ഹോസ്പിറ്റലിലെ ഡോക്ടർ സിസ്റ്റർ വിനീതയുടെ നേതൃത്വത്തിൽ മെന്റൽ ഹെൽത്ത് ക്യാമ്പ് സംഘടിപ്പിച്ചു തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി സ്റ്റാഫ് ജൂവൽ പരിപാടിയിൽ പങ്കെടുത്തു ഏകദേശം മുപ്പതോളം പേർ ക്യാമ്പിൽ പങ്കെടുത്തു.

## 7. യൂണിറ്റ് വാർഷികപൊതുയോഗം നടത്തി

ഈ മാസം ആലക്കോട്, ചെറുപുഴ, ചെമ്പേരി, പനത്തടി, തോമാപുരം, വെള്ളരിക്കുണ്ട്, എടൂര്, നെല്ലിക്കാംപോയിൽ, പേരാവൂർ, മേരിഗിരി, പൈസക്കരി എന്നീ മേഖലകളിലെല്ലാം യൂണിറ്റ് അടിസ്ഥാനത്തിൽ പൊതുയോഗങ്ങൾ നടത്തി.

ആലക്കോട് റീജിയണിൽ നിന്നും ആലക്കോട് ടി ജി യു, കാപ്പിമല സി യു, കാർത്തികപുരം സീ യു, കരുണാപുരം സീ യു, മണക്കടവ് ടി ജി യു, മാവുംചാൽ സി യു, പാത്തൻപാറ സി യു, പെരുമ്പടവ് സി യു, വിളക്കന്നൂർ സി യു, വായാട്ടുപറമ്പ് ടി ജി യു, വിജയപുരം സീ യു എന്നീ യൂണിറ്റുകളിൽ വാർഷിക പൊതുയോഗം നടത്തി.

ചെറുപുഴ മേഖലയിൽ ചൂരപടവ് സി യു, ജോസ്ഗിരി സി യു, കോഴിച്ചാൽ സീ യു, പാടിയോട്ടുചാൽ സി യു, പുളിങ്ങോം എം എസ് എസ്, രാജഗിരി സി യു, താബോർ സി യു എന്നിവിടങ്ങളിൽ വാർഷിക പൊതു യോഗങ്ങൾ നടത്തി.

നെല്ലിക്കാം പോയിൽ മേഖലയിൽ നിന്നും ആനറ സി യു, അറബി സീ യു, കാലാങ്കി സീ യു, കല്ലുവയൽ സീ യു, കാഞ്ഞിരക്കൊല്ലി സീ യു, മണിക്കടവ് സി യു, മണിപ്പാറ സീ യു മാട്ടറ സീ യൂ, മുണ്ടാനൂർ എം എസ് എസ്, നെല്ലിക്കാംപോയിൽ സി യു, പുറവയൽ സി യു, ശാന്തിനഗർ ടി ജി യു, തേർമല സി യു, വിളമന സി യു, ഉളിക്കൽ സി യു, എന്നിവിടങ്ങളിൽ വാർഷിക പൊതു യോഗങ്ങൾ നടത്തി.

പൈസക്കരി മേഖലയിൽ ചുണ്ടപറമ്പ് സി യു, ഏറ്റുപാറ സീ യു, പൈസക്കരി സീ യു, വെമ്പുവ സി യു വെണ്ണക്കല്ല് സി യു, ഷിമോഗനഗർ സി യു, എന്നിവിടങ്ങളിൽ വാർഷിക പൊതു യോഗങ്ങൾ നടത്തി.

എടൂർ മേഖലയിൽ അങ്ങാടിക്കടവ് സി യു, ചെടിക്കുളം ടി ജി യു, എടപ്പുഴ സി യു, എടൂർ സി യു, കരിക്കോട്ടക്കരി സി യു, കുന്നോത്ത് സി യു, മാങ്ങോട് സി യു, പേരട്ട സി യു, രണ്ടാംകടവ് സി ഉരുപ്പുീകുറ്റി യു സി എന്നിവിടങ്ങളിലും വാർഷിക പൊതു യോഗങ്ങൾ നടത്തി.

പേരാവൂർ മേഖലയിലെ ചെങ്ങോം ടി ജി യു, ചെട്ടിയാംപറമ്പ് ടി ജി യു, കണിച്ചാർ സീ യു, കൊളക്കാട് എം എസ് എസ്, പേരാവൂർ സി യു, പേരാവൂർ എം എസ് എസ്, പൂളക്കുറ്റി സി യു, എന്നിവിടങ്ങളിലെയും വാർഷിക പൊതുയോഗം നടത്തി.

തോമാപുരം മേഖലയിലെ ബേടുർ സി യു, ചാവറഗിരി സീ യു, കടുമേനി സീ യു, കമ്പല്ലൂർ സി യു, കാവുംതല സി യു, കുന്നുംകൈ സി യു, മണ്ഡപം സി യു, പാലാവയൽ സി യു, തോമാപുരം ടി ജി യു, വരക്കാട് സി യു എന്നിവിടങ്ങളിലും വാർഷിക പൊതുയോഗം നടത്തി

വെള്ളരിക്കുണ്ട് മേഖലയിലെ ആനമഞ്ചൽ സീ യു, ഭീമനടി സീ യു, ചുള്ളി ടി ജി യു. കൊന്നക്കാട് ടി ജി യു, മാലോം ടി ജി യു, പരപ്പ എം എസ് എസ്, എന്നീ യൂണിറ്റുകളിലും വാർഷിക പൊതുയോഗം നടത്തി.

പ്രസ്തുത സ്ഥലങ്ങളിലെ എല്ലാ വികാരി അച്ചന്മാരെയും യൂണിറ്റ് ഭാരവാഹികളെയും അഭിനന്ദിക്കുന്നു. ഈ വർഷം ഏറ്റവും നന്നായി പ്രവർത്തിക്കാൻ അവർക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. എല്ലാവരുടെയും സഹകരണവും പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കളരിമുറിയിൽ**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2019 ജൂലൈ & ഓഗസ്റ്റ്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| **ജൂലൈ** 5-7 | : | തപസ്സ് ധ്യാനം (10 am ആരംഭം) |
| 7-12 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| 12 | : | മദർ ഹോം പ്രാർത്ഥനാ ദിനം |
| 13 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| 21-26 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| **ഓഗസ്റ്റ്** 4-9 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |
| 9 | : | മദർ ഹോം പ്രാർത്ഥനാ ദിനം |
| 10 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| 18-23 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി**

**ഫോൺ: 0490-2493491, 9745017131, 0490 2491941**

| | | |
|---|---|---|
| **ജൂലൈ** 7-11 | : | കപ്പൂച്ചിൻസ് ധ്യാനം |
| 12 | : | ജാഗരണ പ്രാർത്ഥന |
| 13 | : | ക്രിസ്ററീൻ ഏകദിന ധ്യാനം |
| 14-18 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| 21-24 | : | ആന്തരിക സൗഖ്യ ധ്യാനം |
| **ഓഗസ്റ്റ്** 4-8 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| 9 | : | ജാഗരണ പ്രാർത്ഥന |
| 10 | : | ക്രിസ്ററീൻ ഏകദിന ധ്യാനം |
| 18-22 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |

**3. മൗണ്ട് കാർമ്മൽ പേരാവൂർ : ഫോൺ. 0490 2444595, 9446687556**

| | | |
|---|---|---|
| **ജൂലൈ**12- 14 | : | ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |
| 26- 28 | : | ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |
| **ഓഗസ്റ്റ** 9-11 | : | ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |

23-25 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**3. ദർശന ധ്യാന കേന്ദ്രം പുഷ്പഗിരി, തളിപ്പറമ്പ്**

**ഫോൺ :0460 2202613, 0460 2204556, 9447424076**

**ജൂലൈ** 14-18 : ആന്തരിക സൗഖ്യ ധ്യാനം
19- 21 : (ഞായർ- ചൊവ്വ) - കുടുംബ ദർശന ധ്യാനം
(ദമ്പതികൾക്കും യുവജനങ്ങൾക്കും വേണ്ടി)
25- 28 : (വ്യാഴം - ഞായർ) ഹീലിങ്ങ് & ഡെലിവറൻസ്
ധ്യാനം - ഫാ. ജോസഫ് വയലിൽ
സി.എം.ഐ & ടിം

**ഓഗസ്റ്റ്** 11-15 : (ഞായർ- വ്യാഴം) മരിയൻ ദിവ്യകാരുണ്യാഭിഷേക ധ്യാനം
16- 18 : (വെള്ളി - ഞായർ) കുടുംബദർശന ധ്യാനം
(ദമ്പതികൾക്കും യുവജനങ്ങൾക്കുംവേണ്ടി)
22-25 : (വ്യാഴം- ഞായർ) ഹീലിംഗ് & ഡെലിവറൻസ് ധ്യാനം-
ഫാ. ജോസഫ് വയലിൽ സി. എം.ഐ & ടീം

**4. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ**

**ഫോൺ: 9526609050, 9447481643, 9496253756**

**ജൂലൈ** 7-12 : ആന്തരിക സൗഖ്യ ധ്യാനം
21-26 : ആന്തരിക സൗഖ്യ ധ്യാനം
2,9,16,23,30 : ഏകദിന കൺവെൻഷൻ

**5. IMS ധ്യാന കേന്ദ്രം - കൂട്ടുപുഴ ഫോൺ : 9605907813,**
**9745292602, 823972612**

**ജൂലൈ** 04 : രാത്രി ആരാധന
8-12 : ആന്തരിക സൗഖ്യ ധ്യാനം
10-21 : മരിയൻ ധ്യാനം
28-31 : പരിശുദ്ധാത്മാഭിഷേക ധ്യാനം

**ഓഗസ്റ്റ്** 5-8 : ആന്തരിക സൗഖ്യ ധ്യാനം
23- 25 : മരിയൻ ധ്യാനം
25-28 : പരിശുദ്ധാത്മാഭിഷേക ധ്യാനം

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### മെയ് 2019

26 മണ്ടളം ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

27 കാർത്തികപുരം ഇടവകയിൽ വച്ചുനടന്ന ആലക്കോട് ഫൊറോന എയ്ഞ്ചൽസ് മീറ്റിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. ഉച്ചകഴിഞ്ഞ് തടിക്കടവ് ഇടവകയിൽ പുതിയതായി നിർമ്മിച്ച പള്ളിമുറി വെഞ്ചരിച്ചു.

28 രാവിലെ സന്ദേശഭവനിൽ ജൂനിയർ സിസ്റ്റേഴ്സിനുവേണ്ടി വി. ബലിയർപ്പിക്കുകയും തുടർന്ന് ക്ലാസ്സെടുക്കുകയും ചെയ്തു. വൈകുന്നേരം തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നടന്ന തെക്കൻ കേരളത്തിലെ കത്തോലിക്ക മെത്രാൻസമിതിയുടെ ഔദ്യോഗിക യോഗത്തിൽ പങ്കെടുത്തു.

29 അതിരൂപതാകാര്യാലയത്തിൽ നടന്ന തെക്കൻ കേരളത്തിലെ കത്തോലിക്ക മെത്രാൻ സമിതിയുടെ യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം മേജർ സെമിനാരി വിദ്യാർത്ഥികളുമായി കോൺഫറൻസ് നടത്തി.

30 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയവരോടൊപ്പം സമയം ചിലവഴിച്ചു. വൈകുന്നേരം ചെമ്പേരി പള്ളിയിൽ ലിസിഗിരി ഇടവകാംഗമായ പുത്തൻപുരയ്ക്കൽ ആൽബിൻ ഐശ്വര്യാ ദമ്പതികളുടെ വിവാഹം ആശീർവ്വദിച്ചു.

31 രാവിലെ 9 മണിക്ക് മാലോം ഇടവകയിൽ പുതിയതായി നിർമ്മിച്ച കുരിശുപള്ളി വെഞ്ചരിച്ചു. 10 മണിക്ക് വെള്ളരിക്കുണ്ട് ഫൊറോന എയ്ഞ്ചൽസ് മീറ്റിൽ വി. ബലിയർപ്പിച്ച് കുഞ്ഞുങ്ങൾക്ക് സന്ദേശം നല്കി.

### ജൂൺ

01 രാവിലെ 9.30ന് തളിപ്പറമ്പ് ദർശന ധ്യാനകേന്ദ്രത്തിൽ നടന്ന കരിസ്മാറ്റിക് കണ്ണൂർ സോണിന്റെ ഏകദിന കൺവൻഷനിൽ സന്ദേശം നല്കി. തുടർന്ന് 11.30ന് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പാടിയോട്ടുചാൽ ഇടവകയിൽ നടന്ന സമൂഹവിവാഹ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം

3 മണിക്ക് പട്ടുവം ദീനസേവന സഭയുടെ സുവർണ്ണ ജൂബിലി സമാപനാഘോഷത്തിൽ സഹകാർമ്മികനായി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. വൈകുന്നേരം കരുവഞ്ചാൽ ശാന്തിഭവനിൽ വിശ്രമിച്ചു.

02 മാവുംചാൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി. മതബോധനത്തിന്റെ പുതിയ അധ്യായനവർഷത്തിന്റെ അതിരൂപതാതല ഉദ്ഘാടനം നിർവ്വഹിച്ചു.

4-5 പാലാരിവട്ടം പാസ്റ്റർ ഓറിയന്റേഷൻ സെന്ററിൽ നടന്ന കേരള കാത്തലിക് മെത്രാൻ സമിതിയുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

07 അതിരൂപതാകാര്യാലയത്തിൽ നടന്ന ഫൊറോന വികാരിമാരുടെ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

08 സന്ദേശഭവനിൽ നടന്ന മതബോധനത്തിന്റെ പ്രധാനാധ്യാപകരുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച് മതബോധനത്തിൽ ഉന്നത വിജയങ്ങൾ കരസ്ഥമാക്കിയവർക്ക് അവാർഡുകൾ നല്കി.

10 സന്ദേശഭവനിൽ വച്ച് നടന്ന തലശ്ശേരി അതിരൂപത പ്രൊവിൻസിലെ സംയുക്ത വൈദിക സമിതിയുടെ സമ്മേളനം ഉദ്ഘാടനം ചെയ്ത് ചർച്ചകൾക്ക് നേതൃത്വം കൊടുത്തു.

11 താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന മാർ മാത്യു മങ്കുഴിക്കരി അനുസ്മരണ ബലിയിൽ പങ്കെടുത്തു. വൈകുന്നേരം നിർമ്മലഗിരി കോളെജിൽ നടന്ന ICAM ന്റെ കൾച്ചറൽ പ്രോഗ്രാമിൽ പങ്കെടുത്തു.

12 അതിരൂപതാകാര്യാലയത്തിൽ സന്ദർശകരായെത്തിയ വൈദികരോടും സിസ്റ്റേഴ്സിനോടുമൊപ്പം സമയം ചിലവഴിച്ചു.

14 നിർമ്മലഗിരി കോളേജിൽ ഫിസിക്സ് ഡിപാർട്ടുമെന്റിന്റെ ആഭിമുഖ്യ ത്തിൽ നടന്ന ഇന്റർനാഷണൽ കോൺഫറൻസ് ഓൺ അഡ്വാൻസ്ഡ് മറ്റീരിയൽസിന്റെ സമാപനസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

15 വൈകുന്നേരം എടത്തൊട്ടി ഇടവകയിൽ അജപാലന സന്ദർശനത്തി നെത്തി കിടപ്പുരോഗികളുടെ ഭവനം സന്ദർശിച്ചു.

16 എടത്തൊട്ടി ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

17 കരുവഞ്ചാൽ ശാന്തിഭവൻ സന്ദർശിച്ചു. വൈകുന്നേരം സന്ദേശഭവനിൽ നടന്ന യുവവൈദികരുടെ കോഴ്സ് ഉദ്ഘാടനം ചെയ്തു. വൈദികരുമായി ബാച്ചടിസ്ഥാനത്തിൽ കൂടിക്കാഴ്ച നടത്തി.

18 രാവിലെ പരിയാരം എം.സി.ബി.എസ്. സെമിനാരിയിൽ വി. ബലിയർപ്പിക്കുകയും പുതിയ അധ്യായന വർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. സന്ദേശഭവനിൽ യുവവൈദികരുമായി ബാച്ചടിസ്ഥാനത്തിൽ കൂടിക്കാഴ്ചനടത്തി.

19 സന്ദേശഭവനിൽ യുവവൈദികരോടൊപ്പം വി. ബലിയർപ്പിക്കുകയും അവരുമായി സംവദിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ഇൻഫാമിന്റെ ഭാരവാഹികളുമായി ചർച്ച നടത്തി.

20 രാവിലെ മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് അരമനയിൽ സന്ദർശകരായെത്തിയവരെ സ്വീകരിച്ചു.

21 രാവിലെ പരിയാരം മദർഹോമിലെ ഭരണസമിതി അംഗങ്ങളുമായി ചർച്ചനടത്തി. ഉച്ചകഴിഞ്ഞ് സന്ദേശഭവനിൽ വച്ച് അതിരൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റിന്റെ ഡയറക്ടറച്ചന്മാരുമായി ചർച്ച നടത്തി. വൈകുന്നേരം അതിരൂപത ഏകോപനസമിതിയുടെ മീറ്റിങ്ങിൽ അധ്യക്ഷതവഹിച്ചു.

22 രാവിലെ ശാന്തിനഗർ ഇടവകയിൽ നടന്ന തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളുടെ സമാപന മീറ്റിങ്ങിൽ അധ്യക്ഷതവഹിച്ചു. ഉച്ചകഴിഞ്ഞ് കള്ളാർ ഉണ്ണിമിശിഹാ ദൈവാലയത്തിൽ പുതിയാതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. വൈകുന്നേരം നാട്ടക്കൽ ഇടവകയിൽ അജപാലനസന്ദർശനത്തിനെത്തി കിടപ്പുരോഗിയുടെ ഭവനങ്ങൾ സന്ദർശിച്ചു.

23 നാട്ടക്കൽ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

24 കുളത്തുവയൽ എംഎസ്എംഐ ജനറലേറ്റിൽ ബഹു. സി.ജെ. വർക്കിയച്ചന്റെ ചരമവാർഷികത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. വൈകുന്നേരം ചെട്ടിയാംപറമ്പ് ഇടവകയിൽ നിർമ്മിക്കുന്ന പാരീഷ് ഹാളിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

❖❖❖

## Programme of the Archbishop
## MAR GEORGE NJARALAKATT

**JULY 2019**

| | | | |
|---|---|---|---|
| 01 | | - | Kakkanad – Catechism Commission |
| 02 | 08.30 am | - | GSMS Kunnoth Class |
| | 06.30 pm | - | Minor Seminary |
| 03 | 06.30 am | - | Cathedral – Dukrana |
| 04 | | - | Priests' & sisters' day |
| | 07.00 pm | - | Vocation Bureau meeting TLY |
| 05 | | - | VJEC Chemperi - International Seminar |
| 06 | | - | Jubilee - Kommayad |
| | 05.30 pm | - | Pastoral visit - Nellippara |
| 07 | | - | Pastoral visit - Nellippara |
| 8-9 | | - | GSMS Kunnoth Class |
| 09 | 06.30 am | - | Karikottakary - Baptism |
| 10 | | - | Visitors' day |
| | 06.00 pm | - | Monthly Recollection |
| 11 | | - | Priests' and sisters' day |
| | 06.30 pm | - | Catechism seminar - Sandesabhavan |
| 12 | | - | GSMS Kunnoth Class |
| 13 | | - | Vincent de Paul annual meet-Sandesabhavan |
| 14 | | - | Youth Day - Payyavvoor |
| 15-17 | | - | Refresher Course – I group |
| 16 | | - | GSMS Kunnoth Class |
| 18 | | - | Visitors' day |
| 19 | | - | GSMS Kunnoth Class |

| | | | |
|---|---|---|---|
| 20 | 07. 00 am | - | Baptism - Pulikurumba |
| | 11. 00 am | - | Holy Communion - Panathady |
| 21 | | - | Pastoral visit - Panathady |
| 22-24 | | - | Refresher Course - II batch |
| 25 | | - | Kurumannoor |
| 26 | | - | Kakkanad - Catechism Commission meeting |
| 28 | 10.00 am | - | Kolayad |
| | 04.00 pm | - | Mulapra |
| 29 | | - | International Mathruvedhi meet-Sandhesa bhavan |
| | 07.00 pm | - | Mumbai - CBCI Standing Committee |
| 30 | | - | Mumbai - CBCI Standing Committee |
| 31 | | - | Padannakkad - Visitors' day |

**AUGUST 2019**

| | | | |
|---|---|---|---|
| 01 | | - | Priests' & sisters' day |
| | 03.00 pm | - | GSMS Kunnoth - Seminary commission visit |
| 02 | | - | GSMS Kunnoth - Seminary commission visit |
| 03 | | - | Ordination - Varakkad |
| 04 | | - | Makkiyad |
| 5-10 | | - | KCBC |
| 11- 13 | | - | CBCI Standing Committee |
| 14 | | - | Visitors' day |
| 15 | | - | Cathedral |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### മെയ് 2019

22 രാവിലെ 11 മണിക്ക് തലശ്ശേരി എം.എസ്.എം.ഐ. കോൺവെന്റിൽ സി. അമലയുടെയും സി. ജെസിയുടെയും ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബ്ബാനയർപ്പിച്ചു.

23 രാവിലെ 10 മണിക്ക് പരിയാരം എം.സി.ബി.എസ്. സെമിനാരിയുടെ രജതജൂബിലി ആഘോഷങ്ങളിൽ പങ്കുചേർന്ന് വി.കുർബ്ബാനയർപ്പിച്ചു.

25 രാവിലെ 10 മണിക്ക് വെളിമാനം ഇടവകയിൽ ഇവാഞ്ചലിൻ കൊച്ചുപറമ്പിലിന് പ്രഥമദിവ്യകാരുണ്യം നല്കുകയും ബെന്നി കൊച്ചുപറമ്പിലിന്റെ ഭവനം വെഞ്ചരിക്കുകയും ചെയ്തു.

27 രാവിലെ 10.30ന് കൂരാച്ചുണ്ട് ദൈവാലയത്തിൽ ആൽബിൻ ബേബി വലിയമറ്റവും എലിസബത്ത് തടത്തിലും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

28 രാവിലെ 9.30ന് തോമാപുരത്ത് നടന്ന എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത് വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി.

29 തലശ്ശേരിയിൽ നടന്ന നോർത്ത് കേരള കാത്തലിക് ബിഷപ്പ് കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

31 രാവിലെ 6.30ന് സന്ദേശഭവനിൽ ജൂണിയർ സിസ്റ്റേഴ്സ് മീറ്റിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി. ഉച്ചകഴിഞ്ഞ് 1.30ന് വായാട്ടുപറമ്പ് ഇടവകയിൽ നിര്യാതനായ കുഞ്ഞുകുട്ടി പുത്തൻനടയിലിന്റെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു.

### ജൂൺ 2019

01 വൈകുന്നേരം 7 മണിക്ക് കുന്നോത്ത് മേജർ സെമിനാരിയിൽ അക്കാഡമിക് വർഷം ഉദ്ഘാടനം ചെയ്തു.

02 രാവിലെ 6.30ന് കുന്നോത്ത് മേജർ സെമിനാരിയിൽ വി.

## Programme of the Archbishop Emeritus
## MAR GEORGE VALIAMATTAM

### JULY 2019

19 - Kolayad

21 - Mulapra

**Secretary to the Archbishop Emeritus**

കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് കുന്നോത്ത് ക്ലരീഷൻ ഹൗസും, നസ്രത്ത് ജനറലേറ്റും സന്ദർശിച്ചു.

06 തിരുവല്ലയിൽ നിര്യാതനായ ബിഷപ് ഗീവർഗീസ് മാർ തിമോത്തിയൂസിന് ആദരാഞ്ജലികൾ അർപ്പിച്ച് ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് ചങ്ങനാശ്ശേരി അരമന, വടവാതൂർ സെമിനാരി എന്നിവിടങ്ങൾ സന്ദർശിച്ചു.

07 രാവിലെ 6.30ന് വടവാതൂർ സെമിനാരിയിൽ വി. കുർബ്ബാനയർപ്പിച്ചു.

11 രാവിലെ 10 മണിക്ക് താമരശ്ശേരി കത്തീഡ്രലിൽ നടന്ന മാർ മങ്കുഴിക്കരി പിതാവിന്റെ അനുസ്മരണകുർബ്ബാനയിൽ പങ്കുചേർന്നു.

13 വൈകുന്നേരം 3 മണിക്ക് തലശ്ശേരി നസ്രത്ത് കോൺവെന്റ് വെഞ്ചരിച്ചു.

20 ചെമ്പേരിയിൽ നടന്ന സക്കറിയാസ് മീറ്റിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകി.

22 രാവിലെ 11 മണിക്ക് എറണാകുളം ഇളംകുളം ദൈവാലയത്തിൽ ആലീസ്-ഔസേപ്പ് കാളാച്ചേരിയുടെ അനുസ്മരണദിനത്തിൽ വി. കുർബ്ബാനയർപ്പിച്ചു. വൈകുന്നേരം 5 മണിക്ക് തൃശ്ശൂർ മൈനർ സെമിനാരിയിൽ മാർ ജേക്കബ് തൂങ്കുഴിയെ സന്ദർശിച്ചു.

24 രാവിലെ 10.30ന് പുൽപ്പള്ളി ദൈവാലയത്തിൽ സോവിൻ പേഴുംകാട്ടിലും സുസ്മി പെരുംചെല്ലൂരും തമ്മിലുള്ള വിവാഹം ആശീർവ്വദിച്ചു.

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

**മാർ ജോസഫ് പാംപ്ലാനി**

## മെയ്

20 രാവിലെ 10 മണിക്ക് വിമൽജ്യോതി കോളേജ് സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

21 രാവിലെ 9 മണി മുതൽ ചങ്ങനാശ്ശേരിയിൽ നടന്ന അതിരൂപത പ്രീസ്റ്റ് ട്രെയിനിങ്ങ് പ്രോഗ്രാമിൽ ക്ലാസ് നയിച്ചു.

22 രാവിലെ 11 മണിക്ക് തൃശ്ശൂരിൽ വച്ച് നടന്ന ഡോക്ട്രിനൽ കമ്മീഷൻ യോഗത്തിൽ പങ്കെടുത്തു.

23 രാവിലെ 8മണി മുതൽ പടന്നക്കാട് റീജിയണൽ ബിഷപ്പ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞു 2 മണിക്ക് പരിയാരം MCBS സെമിനാരി ജൂബിലി ആഘോഷത്തിൽ ആശംസകളർപ്പിച്ചു.

വൈകുന്നേരം നാലു മണിക്ക് പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ വിമൽ ജ്യോതി കോളേജിന്റെ പുതിയ ബ്രാഞ്ച് ഉൽഘാടനം ചെയ്തു.

24 രാവിലെ 10 മണിക്ക് സന്ദേശഭവനിൽ നടന്ന ജൂനിയർ സിസ്റ്റേഴ്സ് മീറ്റിൽ പ്രഭാഷണം നയിച്ചു. ഉച്ചകഴിഞ്ഞു 3.30 ന് മേരിഗിരി ഫൊറോനാ എയ്ഞ്ചൽസ് മീറ്റിൽ വിശുദ്ധകുർബാന അർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് ആലക്കോട് ഫൊറോനാ ദേവാലയത്തിൽ സന്ദർശനം നടത്തി.

25 രാവിലെ 9 മണിയ്ക്ക് പേരട്ട IMS ധ്യാനകേന്ദ്രത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചക്ക് 12 മണിക്ക് ചെമ്പന്തൊട്ടി ഇടവകയിൽ ബെന്നി തയ്യിലിന്റെ ഭവനം വെഞ്ചരിച്ചു. ഉച്ചകഴിഞ്ഞു 2 മണിക്ക് തളിപ്പറമ്പ് നടന്ന കുടുംബക്കൂട്ടായ്മ നേതൃയോഗത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം 5 മണിക്ക് കള്ളാർ തിരുഹൃദയ ആശ്രമത്തിൽ നടന്ന കരിസ്മാറ്റിക് കൺവെൻഷനിൽ പ്രഭാഷണം നയിച്ചു

26 മാനടുക്കം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

27 ഇരിട്ടിയിൽ രാവിലെ 10 മണിക്ക് അതിരൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ വിന്നേഴ്സ് ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞു 3 മണിക്ക് പുലിക്കുരുമ്പ ഇടവകയിൽ പുതുതായി നിർമിച്ച കുരിശുപള്ളികളും മാർ വള്ളോപ്പിള്ളി അനുസ്മരണ ഭവനവും വെഞ്ചരിച്ചു. വൈകുന്നേരം 6 മണിക്ക്

പുളിങ്ങോം ഇടവകയിൽ ഗുഡ്നെസ്സ് ടിവിയുടെ ഷൂട്ടിംഗ് പരിപാടിയിൽ പങ്കെടുത്തു.

29. രാവിലെ 6.30 ന് സന്ദേശഭവനിൽ ജൂനിയർ സിസ്റ്റേഴ്സ് മീറ്റിൽ വിശുദ്ധകുർബാന അർപ്പിച്ചു. തുടർന്ന് അരമനയിൽ നടന്ന നോർത്ത് കേരള കാതലിക് ബിഷപ്പ് കോൺഫറൻസിൽ പങ്കെടുത്തു.

30. രാവിലെ 9 മണിക്ക് തളിപ്പറമ്പ് നടന്ന എയ്ഞ്ചൽസ് മീറ്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.

31. രാവിലെ 11 മണിക്ക് സന്ദേശഭവനിൽ ജൂനിയർ സിസ്റ്റേഴ്സ് മീറ്റിൽ ക്ലാസ് നയിച്ചു.

## ജൂൺ 2019

1 രാവിലെ 10.30 ന് തളിപ്പറമ്പിൽ മിഷൻലീഗ് പ്രവർത്തന വർഷ ഉൽഘാടനം നടത്തി. വൈകുന്നേരം 4.30 ന് കണ്ണൂർ ചേമ്പർ ഓഫ് കൊമേഴ്സിൽ നടന്ന മലബാർ വികസന സമിതി യോഗത്തിൽ ആശംസ അർപ്പിച്ചു.

2 കാഞ്ഞിരപ്പള്ളി അതിരൂപത യൂത്ത് കൺവെൻഷൻ നയിച്ചു .

3 രാവിലെ 10 മണിക്ക് പേരാവൂർ U P സ്കൂളിന്റെ പുതിയ കെട്ടിട സമുച്ചയം വെഞ്ചരിച്ചു. ഉച്ചകഴിഞ്ഞു 2 മണിക്ക് പേരാവൂർ ഹൈസ്കൂളിൽ നടന്ന അനുമോദനയോഗത്തിൽ അധ്യക്ഷത വഹിച്ചു.

4 രാവിലെ 9 മണി മുതൽ കുന്നോത്ത് മേജർ സെമിനാരിയിൽ ക്ലാസ് നയിച്ചു. ഉച്ചകഴിഞ്ഞു 12.30 ന് അങ്ങാടിക്കടവ് സ്കൂളിൽ വിന്നേഴ്സ് ഡേ ഉൽഘാടനം ചെയ്തു.

5-6 കാക്കനാട് നടന്ന KCBC മീറ്റിംഗിൽ പങ്കെടുത്തു.

7 രാവിലെ 11 മണിക്ക് അരമനയിൽ നടന്ന ഫൊറോനാ വികാർ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം 7 മണിക്ക് കാറ്റക്കിസം പ്രധാന അദ്ധ്യാപക മീറ്റിങ്ങിൽ പങ്കെടുത്തു.

9 രാവിലെ 7.30 ന് ചിറ്റാരിക്കാലിൽ SMYM സംസ്ഥാന വാഹന പ്രചാരണ ജാഥ ഉൽഘാടനം ചെയ്യുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

10 രാവിലെ 10 മണി മുതൽ സന്ദേശഭവനിൽ നടന്ന പ്രൊവിൻഷ്യൽ പ്രെസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു.

11 രാവിലെ 9 മണി മുതൽ കുന്നോത്ത് മേജർ സെമിനാരിയിൽ ക്ലാസ് നയിച്ചു . ഉച്ചക്ക് 12 മണിക്ക് കിളിയന്തറ സ്കൂളിൽ നടന്ന വിന്നേഴ്സ് ഡേയിൽ അധ്യക്ഷത വഹിച്ചു.

12 രാവിലെ 9 മണിക്കു നിർമ്മലഗിരി കോളേജിൽ നടന്ന ഇന്റർനാഷണൽ സെമിനാറിൽ പ്രഭാഷണം നടത്തി. വൈകുന്നേരം 6 മണിക്ക് അരമനയിൽ നടന്ന മസധ്യാനത്തിൽ പങ്കെടുത്തു.

13 രാവിലെ 10 മണിക്ക് നിർമ്മലഗിരി കോളേജിൽ വിവിധ മീറ്റിങ്ങുകളിൽ പങ്കെടുത്തു.

14 ഉച്ചകഴിഞ്ഞു 1.30 ന് ചെമ്പേരി എക്സിക്യൂട്ടീവ് ബോഡി മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു . വൈകുന്നേരം 5 മണിക്ക് പടന്നക്കാട് റീജിയണൽ ഇൻഫാം മീറ്റിങ്ങിൽ പങ്കെടുത്തു.

15 രാവിലെ 10 മണിക്ക് പടന്നക്കാട് ദേവാലയത്തിൽ CRI മീറ്റിൽ ക്ലാസ് നയിച്ചു . വൈകുന്നേരം 5 മണിക്ക് ശാന്തിഗ്രാമിൽ പടന്നക്കാട് ഇടവകസമൂഹം നടത്തിയ വിദ്യാഭ്യാസ സഹായ വിതരണം നടത്തി.

16 പൂളക്കുറ്റി ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം 8 മണിക്ക് നിർമ്മലഗിരി ഇടവകയിൽ നിര്യാതനായ ചാണ്ടി ജോർജ് നീരാക്കലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

17-19 തലശ്ശേരി സന്ദേശഭവനിൽ നടന്ന ജൂനിയർ പ്രീസ്റ്റ് മീറ്റിൽ പങ്കെടുത്തു.

20 രാവിലെ 9 മണിക്ക് പനത്തടി ഇടവക സുവർണ ജൂബിലി വർഷം ഉൽഘാടനം ചെയ്തു വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചക്ക് 1 മണിക്ക് കാസർഗോഡ് എൻഡോസൾഫാൻ മേഖലയിൽ കാസർഗോഡ് റീജിയൺ KCYM നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ താക്കോൽ ദാനം നടത്തി. ഉച്ചകഴിഞ്ഞു 3 മണിക്ക് കണ്ണൂരിൽ നടന്ന പീസ് ഫോറം യോഗത്തിൽ പങ്കെടുത്തു. രാത്രി 7 മണിക്ക് കണ്ണൂർ ഇടവക എഡ്യൂക്കേഷൻ ട്രസ്റ്റ് മീറ്റിങ്ങിൽ ആശംസ അർപ്പിച്ചു.

21 വൈകുന്നേരം 6 മണിക്ക് സന്ദേശഭവനിൽ കൂടിയ അതിരൂപത ഏകോപന സമിതി യോഗത്തിൽ പങ്കെടുത്തു.

23 പുഞ്ച ഇടവകയിൽ അജപാലന സന്ദർശനം നടത്തുകയും മഞ്ഞപ്പള്ളിക്കുന്നേൽ സെബാസ്റ്റ്യന് മാമോദീസ നൽകുകയും ചെയ്തു.

24 രാവിലെ 9 മണിക്ക് കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ നിര്യാതനായ ഫാ. അബ്രാഹം ആനശ്ശേരിൽ അച്ചന് വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

25 രാവിലെ 9 മണി മുതൽ കുന്നോത്ത് സെമിനാരിയിൽ ക്ലാസ് നയിച്ചു. വൈകുന്നേരം 7 മണിക്ക് കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ ഫാ. അബ്രാഹം ആനശ്ശേരിക്കുവേണ്ടി നടന്ന പ്രാർത്ഥനകളിൽ പങ്കെടുത്തു.

❖❖❖

## Programme of the Auxiliary Bishop
## Mar Joseph Pamplany

### 2019 JULY

| | | | |
|---|---|---|---|
| 1-2 | | - | Shalom TV Shooting |
| 03 | 04.00 pm | - | Vellariyanam |
| 04 | 10.30am | - | Rajapuram College |
| 05 | | - | Padannakkad |
| | 07.00 pm | - | Thalassery CML |
| 06 | 10.00 am | - | Taliparamba KCYM Directors Meet |
| 07 | | - | Pastoral Visit-Kappimala |
| 09 | | - | Kunnoth Major Seminary |
| 10 | 3.00pm | - | Alpha Institute |
| | 6.00pm | - | Monthly Recollection |
| 11-12 | | - | Out of Station |
| 13 | | - | Thalassery |
| 14 | | - | Pastoral Visit - Kalluvayal |
| 15-17 | | - | Refresher Course |
| 18-19 | | - | Padannakkad |
| 20 | 10.00 am | - | Ursaline, Kannur |
| 21 | | - | Pastoral Visit |
| 22-24 | | - | Refresher Course |
| 25- 31 | | - | Out of Station |

**Secretary to the Auxiliary Bishop**

❖❖❖